# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജൂലൈ 2013 വാല്യം 40 ലക്കം 4 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 16 വില 5.00 രൂപ


# സോളാർ തട്ടിപ്പിൽ മുങ്ങിത്താഴുന്ന യു.ഡി.എഫ് രാഷ്ട്രീയ തട്ടിപ്പുവേലകളുമായി എൽ.ഡി.എഫ്

**ക**ഴിഞ്ഞ കുറെ മാസങ്ങളായി കേരള രാഷ്ട്രീയം ദുർഗന്ധം വമിക്കുന്ന സംഭവവികാസങ്ങളിൽ ചുറ്റിത്തിരിയുകയാണ്. ഒന്നിനു പിറകെ മറ്റൊന്നായി പുറത്തുവരികയും പുകയുകയും ചെയ്തുകൊണ്ടിരിക്കുന്ന വിഷയങ്ങൾ വ്യവസ്ഥാപിതരാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മനംപിരട്ടലുളവാക്കുന്ന അപചയത്തെയാണ് വ്യക്തമാക്കുന്നത്. ഉദരപൂരണത്തിന്റെ എത്രമേൽ തരംതാണ നിലപാട് സ്വീകരിക്കാനും ഒരു ഉളിപ്പുമില്ലാത്ത യുഡിഎഫ് രാഷ്ട്രീയം ജനങ്ങളുടെ മുമ്പിൽ വാരിവലിച്ചിടുന്ന സദാചാരരാഹിത്യം അറപ്പുളവാക്കുന്നതാണ്. ഒടുവിലത്തെ ഇക്കിളിപ്പെടുത്തൽ സോളാർ തട്ടിപ്പെന്ന പേരിലാണ് അറിയപ്പെടുന്നത്. സിനിമാക്കഥകളെ വെല്ലുന്ന സംഭവവികാസങ്ങൾ, അശ്ലീലമസാലകൾ, നാടകീയപരിണാമങ്ങൾ, മാധ്യമങ്ങളുടെ തരംതാണ സെൻസേഷണലിസത്തിന്റെ ഭാവപ്പകർച്ചകൾ എല്ലാം അരങ്ങ് തകർക്കുകയാണ്. വലിയ ഉന്നതന്മാരുടെയും മക്കളുടെയും പേരുകൾ ബന്ധിപ്പിക്കപ്പെട്ട വെട്ടിപ്പുകളുടെയും തട്ടിപ്പുകളുടെയും എത്രയോ കേസ്സുകൾ ആരും ശിക്ഷിക്കപ്പെടാതെ വിസ്മൃതിയിലേക്ക് ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. അതിലേറെ വേഗതയിൽ ഇതും മുക്കപ്പെടും. സോളാർ തട്ടിപ്പിന് കൂട്ടുനിന്നവരും അതുയർത്തി രാഷ്ട്രീയമുതലെടുപ്പിന് ശ്രമിക്കുന്നവരും അവരവരുടെ സങ്കുചിത ലക്ഷ്യങ്ങൾ നേടിക്കഴിയുമ്പോൾ വിഷയം പെരുവഴിയിലുപേക്ഷിച്ച് അന്തസ്സാരശൂന്യമായ അടുത്ത വിഷയത്തിലേക്ക് ചാടും. ജനങ്ങളുടെ ദുരിതങ്ങൾ അന്തമില്ലാതെ തുടരുകയും പെരുകുകയും ചെയ്യും.

ജനങ്ങൾ അഭിമുഖീകരിക്കുന്ന അതീവഗുരുതരങ്ങളായ ജീവിതപ്രശ്നങ്ങളൊന്നും ഈ വിവാദവ്യവസായത്തിൽ അന്തർഭവിച്ചിട്ടില്ല. വിലക്കയറ്റത്തിന്റെ കുതിപ്പ് കണ്ട് ജനങ്ങൾ പകച്ചുനിൽക്കുകയാണ്. കേരളത്തിലെ സാധാരണക്കാരന് വിശപ്പടക്കാൻ ഒരാശ്വാസമായിരുന്ന മരച്ചീനിക്ക് വില കിലോയ്ക്ക് 30 രൂപയായി ഉയർന്നിരിക്കുന്നു. അരിയും പച്ചക്കറിയും ഉപേക്ഷിച്ച് മണ്ണ് വാരിത്തിന്നേണ്ട അവസ്ഥയിലെത്തി ജനങ്ങൾ. പകർച്ചപ്പനി പിടിച്ച് ആശുപത്രികളിൽ നരകിക്കുന്നത് ആറരലക്ഷം പേരാണ്. ഇരുന്നൂറിൽപ്പരം മനുഷ്യർ മരണപ്പെട്ടുകഴിഞ്ഞു. പാലക്കാട്ടും വയനാട്ടിലും ആദിവാസിക്കുടികളിൽ പട്ടിണിമരണവും രോഗപീഡകളും താണ്ഡവമാടുന്നു. ഗൾഫ് നാടുകളിൽ സ്വദേശിവൽക്കരണം നടപ്പാക്കുന്നതുവഴി പതിനായിരങ്ങൾ ജോലി നഷ്ടപ്പെട്ട് സംസ്ഥാനത്തേക്ക് മടങ്ങിവരികയാണ്. ഇപ്പോൾത്തന്നെ സ്ഫോടനാത്മകമായ സ്ഥിതിയിലായ തൊഴിലില്ലായ്മ വീണ്ടും ഉയരുന്നു. ജനങ്ങളുടെ വിദ്യാഭ്യാസ അഭിലാഷങ്ങൾ പണത്തിന്റെയും അവസരനിഷേധത്തിന്റെയും മുമ്പിൽ തകർന്നടിയുന്നു. സ്വാശ്രയ മാനേജുമെന്റുകളുടെ സീറ്റ് വിഹിതം ഇതിനിടയിലും 65 ശതമാനമാക്കി ഉയർത്തി. പെൺകുട്ടികളുടെ വിവാഹപ്രായം 16 ആക്കി കുറയ്ക്കാൻ ഈ രാഷ്ട്രീയകുഴഞ്ഞുമറിയലിന്റെ ഇടയിലും മറന്നുപോകുന്നില്ല.

സാമൂഹ്യജീവിതത്തിന്റെ സർവ്വമേഖലകളിലും ഇരുട്ട് നിറഞ്ഞ അവസ്ഥ മാത്രം. ഇവിടെ മിലിറ്റന്റായ പ്രതിഷേധം ഉയർന്നുവരേണ്ടുന്നത് ഈ വിഷയങ്ങളിന്മേലാണ്. വിലക്കയറ്റം തടയണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് മുഖ്യമന്ത്രിയെയും മന്ത്രിമാരെയും വഴിയിൽ തടയേണ്ടുന്നത് – അതൊരു സമരമാണെങ്കിൽ. ജനങ്ങൾ അടിയന്തിരാശ്വാസം അതിയായി ആഗ്രഹിക്കുന്ന വിഷയങ്ങളിൽ കരിങ്കൊടിക്കാരെ കാണുന്നില്ല. വ്യക്തമായ ലക്ഷ്യബോധത്തോടെയും കൃത്യമായ ആസൂത്രണത്തോടെയും സുഘടിതമായ ഒരു ജനകീയ മുന്നേറ്റം വളർത്തിയെടുക്കേണ്ടത് പ്രാണവായുപോലെ അവശ്യമായിരിക്കുന്ന ഈ ഘട്ടത്തിൽ അത്തരമൊന്ന് കാണുന്നില്ല എന്ന് മാത്രമല്ല, തരംതാണ സെൻസേഷണലിസത്തിന്റെ അന്തസ്സാരശൂന്യമായ സമീപനത്തിൽ ജനങ്ങളെ കുടുക്കിയിടുന്ന കുറ്റകരമായ സമീപനമാണ് പ്രതിപക്ഷത്തിന്റെ നിലപാടുകളിൽ തെളിയുന്നത്. യഥാർത്ഥ ജനകീയ പ്രശ്നങ്ങളല്ല പ്രക്ഷോഭത്തിന്റെ ആധാരമെങ്കിൽ ഫലത്തിൽ അത് യുഡിഎഫ് രാഷ്ട്രീയത്തെ ശക്തിപ്പെടുത്തലാണ്.

ജൂൺ 10 ന് ആരംഭിച്ച നിയമസഭാസമ്മേളനം 26ന് അടിയന്തിരമായി 7 ദിവസത്തേക്ക് നിർത്തിവയ്ക്കുകയുണ്ടായി. 14 ദിവസം നടന്ന നിയമസഭാസമ്മേളനത്തിൽ ഒരു ദിവസം പോലും നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. മുഖ്യമന്ത്രി രാജി വയ്ക്കുക എന്ന ആവശ്യം ഉയർത്തിക്കൊണ്ട് പ്രതിപക്ഷം സഭയിൽ സൃഷ്ടിച്ച ബഹളത്തെയും കുത്തിയിരിപ്പിനെയും തുടർന്നാണ് സഭാനടപടികൾ സ്തംഭിച്ചത്. സഭയിൽ വയ്ക്കുന്ന 46 ധനാഭ്യർത്ഥനകളിൽ ചർച്ച നടക്കേണ്ടത് 37 ഇനങ്ങളിലാണ്. ഇതിൽ ചർച്ച നടന്നത് വെറും 5

(ശേഷം 4–ാം പേജിൽ)

### ഇൻഡ്യയും യൂറോപ്യൻയൂണിയനും ചേർന്ന് സംഘടിപ്പിച്ച

## ബ്രസ്സൽസ് അന്തർദ്ദേശീയ സെമിനാർ

### എ.ഐ.യു.റ്റി.യു.സി അഖിലേന്ത്യാ വൈസ് പ്രസിഡന്റ് സഖാവ് സി.കെ.ലൂക്കോസ് പങ്കെടുത്തു



ബ്രസൽസിൽ നടന്ന സെമിനാറിൽ സഖാവ് സി.കെ.ലൂക്കോസ് പ്രബന്ധം അവതരിപ്പിക്കുന്നു

**തൊ**ഴിലും സാമൂഹ്യനയവും എന്ന വിഷയത്തിൽ യൂറോപ്യൻയൂണിയനും ഇൻഡ്യയും ചേർന്ന് സംഘടിപ്പിച്ച ആറാമത് അന്തർദ്ദേശീയസെമിനാർ ബെൽജിയത്തിന്റെ തലസ്ഥാനമായ ബ്രസ്സൽസിൽ വച്ച് 2013 ജൂൺ 24,25 തിയ്യതികളിലായി നടന്നു. "സാമൂഹ്യസുരക്ഷ" എന്നതായിരുന്നു ഈ സെമിനാറിന്റെ ചർച്ചാവിഷയം. ഇൻഡ്യയിൽ നിന്നും തൊഴിലാളികളെ പ്രതിനിധീകരിച്ചെത്തിയവരിലൊരാൾ എ.ഐ.യു.റ്റി.യു.സിയുടെ അഖിലേന്ത്യാവൈസ് പ്രസിഡന്റുമാരിലൊരാളും എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) കേരള സംസ്ഥാനസെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസായിരുന്നു. എഐറ്റിയുസി, സിഐറ്റിയു, ബിഎംഎസ് നേതാക്കളും തൊഴിലാളിപ്രതിനിധികളായി പങ്കെടുത്തിരുന്നു. തൊഴിലുടമകളെ പ്രതിനിധീകരിച്ച് 6 പേരും കേന്ദ്ര തൊഴിൽമന്ത്രാലയത്തിൽ നിന്നുള്ള 4 ഉദ്യോഗസ്ഥന്മാരും കൂടി ഉൾപ്പെടുന്നതായിരുന്നു ഇൻഡ്യയിൽ നിന്നുള്ള പ്രതിനിധിസംഘം. യൂറോപ്യൻ കമ്മിഷന്റെയും യൂറോപ്യൻതൊഴിലാളികളുടെയും മറ്റ് സാമൂഹ്യവിഭാഗങ്ങളുടെയും പ്രതിനിധികൾ ഉൾപ്പെടെ ആകെ 80 പ്രതിനിധികളാണ് സെമിനാറിൽ പങ്കെടുത്തത്.

# വിലക്കയറ്റത്തിനും, അഴിമതിക്കും ജനദ്രോഹ നയങ്ങൾക്കുമെതിരെ അണിനിരക്കുക

### അഴിമതിയിലും അസാന്മാർഗ്ഗികതയിലും ആറാടുന്ന ഭരണപക്ഷവും ജനേച്ഛ പ്രതിഫലിപ്പിക്കാത്ത പ്രതിപക്ഷവും ജനതാല്പര്യം വെടിഞ്ഞിരിക്കുന്നു

### ഭരണവർഗ്ഗത്തിന്റെ ആക്രമണങ്ങളെ ചെറുക്കാൻ കക്ഷിരാഷ്ട്രീയത്തിനതീതമായി ജനകീയ സമരസമിതികളിൽ അണിനിരക്കുക.

**അതിരൂക്ഷമായ വിലക്കയറ്റം കുത്തക മുതലാളിമാർക്കായി സൃഷ്ടിക്കപ്പെട്ടതാണ്.**

O ഭക്ഷ്യധാന്യങ്ങളുടെയും മറ്റും സംഭരണ നിയന്ത്രണനിയമം ഭേദഗതി ചെയ്ത് കുത്തകകൾക്ക് യഥേഷ്ടം അവ സംഭരിക്കാനും പൂഴ്ത്തിവച്ച് കൃത്രിമ ക്ഷാമം സൃഷ്ടിച്ച് വിലക്കയറ്റമുണ്ടാക്കാനും അവസരമൊരുക്കി.

O അടിക്കടി പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധിപ്പിക്കാൻ കമ്പനികൾക്കവകാശം നൽകി

O ചില്ലറവ്യാപാര രംഗത്ത് വിദേശ നിക്ഷേപത്തിന് അനുവാദം കൊടുത്തു.

O റേഷൻ സമ്പ്രദായത്തെ പാടെ അട്ടിമറിച്ചു.

**കർഷകർക്ക് ന്യായമായ വില നൽകി ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിച്ച്, അവ ന്യായവിലയ്ക്ക് ഉപഭോക്താക്കളിലെത്തിക്കുകയാണ് സർക്കാർ അടിയന്തിരമായി ചെയ്യേണ്ടത്.**

**സാമൂഹികക്ഷേമം കഴുത്തറുപ്പൻ വ്യവസായമാക്കി മാറ്റുന്നു**

O കേരളാ ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ കമ്പനി ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് 51% ഓഹരികൾ സ്വകാര്യസ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകുന്നു. കുടിവെള്ളത്തിന് 50 ഇരട്ടി വരെ വിലവർദ്ധിക്കാം.

(ശേഷം 13–ാം പേജിൽ)

# കോസലരാമദാസ്: അവകാശ സമര വീഥിയിൽ അചഞ്ചലൻ



**കോസല രാമദാസ്: ആ പേരിനുതന്നെ ഒരു ഇതിഹാസ സ്പർശമുണ്ട്. ഐതിഹാസികമായ ആ സമര ജീവിതം ഇക്കഴിഞ്ഞ ജൂൺ 3-ന് അസ്തമിച്ചു; അധികമൊന്നും ശ്രദ്ധിക്കപ്പെടാതെ. തൊഴിലാളികളുടെ അവകാശ സംരക്ഷണ സമരവീഥിയിൽ ഉരുക്കിന്റെ ദാർഢ്യത്തോടെ ജീവിതാന്ത്യം വരെ നിലകൊണ്ട ആദർശനിഷ്ഠനായ ആ നേതാവിന് അർഹിക്കുന്ന അംഗീകാരമോ ആദരവോ നൽകാൻ കേരളത്തിന് കഴിയാതെ പോയി എന്നതാണ് ഖേദകരമായ വസ്തുത. രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക രംഗത്താകമാനം ഭയാനകമാംവണ്ണം പടർന്നുവ്യാപിക്കുന്ന ജീർണ്ണതയുടെ പശ്ചാത്തലത്തിൽ വിശേഷിച്ചും സത്യസന്ധമായ പൊതുപ്രവർത്തനത്തിന്റെ ആ കറയറ്റ മാതൃക പൂർവ്വാധികം ശക്തമായി ഉയർത്തിപ്പിടിക്കപ്പെടേണ്ടതായിരുന്നില്ലേ? അതോ, ആദർശധീരത, രാഷ്ട്രീയ സദാചാരം, ധാർമ്മിക ബോധം ഇവയെല്ലാം സമൂഹത്തിൽ പരിപൂർണ്ണമായും അർത്ഥശൂന്യമായി മാറിക്കഴിഞ്ഞോ?**

**16** വർഷം തുടർച്ചയായി തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർ, തിരുവനന്തപുരത്തെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മേയർ, കേരള രാഷ്ട്രീയത്തിൽ സുപ്രധാനമായ ഒരു സന്ധിയിൽ നിയമസഭാ സാമാജികൻ, അടിസ്ഥാന ആവശ്യങ്ങൾ ഉശിരൻ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത നിരവധി യൂണിയനുകളുടെ അമരക്കാരൻ, അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നിർണ്ണായകമായ നേട്ടങ്ങൾ ഉണ്ടാക്കിക്കൊടുത്ത സമരനായകൻ... സാധാരണ നിലയ്ക്ക് ഇത്രയെല്ലാം മതി ഒരാൾ ശ്രദ്ധേയനും പ്രശംസനീയനുമായിത്തീരാൻ. പക്ഷേ ഇതിനെല്ലാം അപ്പുറമായിരുന്നു കോസലൻ എന്ന വ്യക്തിയുടെ തിളക്കമുറ്റ സ്വഭാവസവിശേഷതകൾ. തൊഴിലാളി താൽപ്പര്യം കടുകിട വിട്ടുകൊടുക്കാതെ അവസാന ശ്വാസംവരെ നിലകൊണ്ട ആദർശധീരനായ നേതാവായിരുന്നു അദ്ദേഹം. താൻ ഉൾക്കൊണ്ടിരുന്ന പ്രസ്ഥാനം, സി.പി.ഐ.(എം), തൊഴിലാളി താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന പാതയിൽനിന്ന് അകന്നുപോകുന്നതായി കണ്ടപ്പോൾ അതിലൂടെ കൈവന്ന സ്ഥാനമാനങ്ങൾ നിസ്സങ്കോചം വലിച്ചെറിഞ്ഞ് മാതൃക കാട്ടിയ വ്യക്തി. 67-ൽ എം.എൽ.എ ആയിരിക്കേ ആ പദവിയും പാർട്ടി അംഗത്വവും ഉപേക്ഷിച്ച് സ്വതന്ത്ര തൊഴിലാളി സംഘടനാ പ്രവർത്തനത്തിന്റെ വഴി സ്വീകരിക്കാൻ അദ്ദേഹത്തിന് തെല്ലും മടിയുണ്ടായില്ല. എം.എൽ.എ ആയിരുന്നതിന്റെ പേരിലുള്ള യാതൊരു ആനുകൂല്യവും അദ്ദേഹം സ്വീകരിച്ചില്ല എന്ന വസ്തുത എത്രപേർക്ക് അറിവുള്ളതാണ്?

വിദ്യാർത്ഥിയായിരിക്കെത്തന്നെ സാമൂഹിക ഉത്തരവാദിത്ത ബോധം പ്രദർശിപ്പിച്ചിരുന്നു കോസലരാമദാസ്. ദീർഘകാലം ജയിൽവാസം അനുഭവിച്ചിട്ടുള്ള സ്വാതന്ത്ര്യസമര സേനാനി ശ്രീ. കെ.പി.ദാസിന്റെ മകനാണ് അദ്ദേഹം. തിരുവനന്തപുരത്ത് ദാസ് ബേക്കറി നടത്തുകയായിരുന്ന പിതാവിന്റെ സഹപ്രവർത്തകരായിരുന്ന സ്വാതന്ത്ര്യസമരപ്പോരാളികൾക്ക് ജയിലിൽ ചായ എത്തിച്ചുകൊടുക്കുന്നതോടൊപ്പം പുറത്തെ വിവരങ്ങൾ, സംഘടനാപരമായ നിർദ്ദേശങ്ങളടങ്ങിയ സന്ദേശങ്ങൾ ഇവ കൈമാറുന്ന ചുമതല ബാലനായ രാമദാസ് ഏറ്റെടുത്തു. ജയിലിലെ വിവരങ്ങൾ അപ്പപ്പോൾ പുറത്തുള്ളവരെ അറിയിക്കുന്ന കർത്തവ്യവും.

സ്വാതന്ത്ര്യസമരസേനാനികളുമായുള്ള ഈ അടുപ്പം ക്രമേണ അദ്ദേഹത്തെ തുറന്ന രാഷ്ട്രീയ പ്രവർത്തനരംഗത്തെത്തിച്ചു. ശ്രീ. ജൂബാ രാമകൃഷ്ണപിള്ളയുമായി ചേർന്ന് അദ്ദേഹം തിരുവനന്തപുരം കോർപ്പറേഷനിലെ ഏറ്റവും അധഃസ്ഥിതരായിരുന്ന തോട്ടിത്തൊഴിലാളികളെ സംഘടിപ്പിക്കുകയും അവർക്ക് ഇദംപ്രഥമമായി സേവന-വേതന വ്യവസ്ഥകൾ നേടിക്കൊടുക്കുകയും ചെയ്തു. നിശ്ചിതമായ തൊഴിൽവ്യവസ്ഥകളില്ലാത്ത, ജോലി സ്ഥിരത ഉറപ്പാക്കപ്പെടാത്ത, താഴേത്തട്ടിലുള്ള തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലും അവരുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിലും ഇത്രയധികം മുൻകൈയെടുത്തിട്ടുള്ള ഒരു തൊഴിലാളിനേതാവ് കേരളത്തിൽ മറ്റൊരാളില്ല. വൈദ്യുതി ബോർഡിലെ എൻ.എം.ആർ തൊഴിലാളികളെ സ്ഥിരംലാവണത്തിൽ പ്രതിഷ്ഠിക്കുന്നതിന് കാരണഭൂതൻ കോസലരാമദാസാണ്. കാട്ടിൽപ്പണിയെടുക്കുന്ന ഈറ്റത്തൊഴിലാളികൾ, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ) -ലെ കരാർ തൊഴിലാളികൾ, ഇലക്ട്രിസിറ്റി ബോർഡിലെത്തന്നെ പിസിസി -ലൈൻ വർക്കേഴ്സ്, തീരപ്രദേശത്തെ ഫിഷ് പ്രോസസിംഗ് തൊഴിലാളികൾ, എന്നിങ്ങനെ ഒട്ടനവധി അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും ദിവസക്കൂലിക്കാരായ താൽക്കാലിക ജീവനക്കാരുടെയും പോരാട്ടങ്ങൾ നയിക്കുകയും സുപ്രധാന ഡിമാന്റുകൾ അംഗീകരിപ്പിച്ചെടുക്കുയും ചെയ്യുന്ന പ്രവൃത്തിയിൽ വ്യാപൃതനായിരുന്നു അക്ഷരാർത്ഥത്തിൽ അന്ത്യശ്വാസംവരെയും അദ്ദേഹം.

വൈദ്യുതി ബോർഡിലെ കരാർ തൊഴിലാളികളായ പെറ്റി കോൺട്രാക്ടേഴ്സ് ആന്റ് ലൈൻ വർക്കേഴ്സിനുവേണ്ടി അദ്ദേഹം നടത്തിപ്പോന്ന സുദീർഘമായ സമരം എടുത്തുപറയേണ്ടതാണ്. ഈ വിഭാഗം തൊഴിലാളികളെ സ്ഥിരപ്പെടുത്തുക എന്ന ഡിമാന്റ് മുന്നോട്ടുവച്ചുകൊണ്ട് നീണ്ട നിയമപ്പോരാട്ടങ്ങളും നിരന്തരമായ സമരങ്ങളും അദ്ദേഹം നയിച്ചു. ഹൈ-വോൾട്ടേജ് ലൈനുകളിൽവരെ പണിയെടുക്കുന്ന ഈ വിഭാഗം തൊഴിലാളികൾ യാതൊരു സുരക്ഷയും ബോർഡിന്റെ ഭാഗത്തുനിന്നുള്ള എന്തെങ്കിലും പരിരക്ഷയും കൂടാതെ വർഷങ്ങളായി പുറംപണിക്കാരെന്ന നിലയിൽ, അപകടകരമായ സാഹചര്യത്തിൽ ജോലിചെയ്യാൻ വിധിക്കപ്പെട്ടിരിക്കുന്നു. ഷോക്കേറ്റ് കരിഞ്ഞും ഉയരങ്ങളിൽനിന്ന് തെറിച്ചുവീണുമുള്ള മരണങ്ങൾ ഇവരെ സംബന്ധിച്ചിടത്തോളം ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വർഷങ്ങളായി സ്ഥിരം സ്വഭാവത്തിലുള്ള ഈ വിഭാഗം തൊഴിലാളികളെ ബോർഡ് ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നതിനുള്ള ട്രൈബ്യൂണൽ നിർദ്ദേശം നടപ്പിലാക്കാനുള്ള ഉത്തരവ് സുപ്രീംകോടതിയിൽ നിന്ന് സമ്പാദിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. എന്നിട്ടും ബോർഡധികാരികൾ അത് നടപ്പാക്കാതിരിക്കാൻ പഴുതുകൾ തേടുകയും ഈ തൊഴിലാളികളുടെ ദുർഗ്ഗതിക്ക് പരിഹാരമുണ്ടാകാതെ തുടരുകയുമാണ്. കോസലരാമദാസ് അന്ത്യനിമിഷം വരെ വിടാതെ തന്റെ പോരാട്ടം തുടരുകയും. തൊഴിലാളികളോടും അവരുടെ ന്യായമായ അവകാശങ്ങളോടുമുള്ള അദ്ദേഹത്തിന്റെ നിതാന്തമായ പ്രതിജ്ഞാബദ്ധതയും തൊഴിൽരംഗത്ത് പ്രാണൻ കൈയിലേന്തി പണിയെടുക്കുന്നവരുടെ യഥാർത്ഥ അവസ്ഥാവിശേഷവും ഒന്നുപോലെ വെളിവാക്കുന്നതാണ് ഈ ചിത്രം.

കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി, വാട്ടർ അതോറിറ്റി, കെ.എം.എൽ.എൽ, കെൽട്രോൺ തുടങ്ങിയ അനവധി പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രമുഖ തൊഴിലാളി സംഘടനകളുടെ അമരത്ത് നിന്ന് അദ്ദേഹം അവകാശ സമരങ്ങൾ നയിച്ചു. കക്ഷിരാഷ്ട്രീയത്തിനതീതമായി അക്ഷീണമായ സമരങ്ങളിലൂടെ സുപ്രധാന അവകാശങ്ങൾ നേടിയെടുക്കാനാവുമെന്ന് അദ്ദേഹം നിരവധി തവണ തെളിയിച്ചു.

ആൾ ഇന്ത്യ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്റർ (എ.ഐ.യു.റ്റി.യു.സി)-മായുള്ള അദ്ദേഹത്തിന്റെ സുദൃഢബന്ധം തൊണ്ണൂറുകൾ മുതൽ വികസിച്ചുവന്നതാണ്.

ചരിത്രം തിരസ്കരിച്ച തീവ്രവാദ പ്രസ്ഥാനത്തിന്റെ അനുയായി, പ്രായോഗിക ബുദ്ധിയില്ലാത്ത കടുംപിടുത്തക്കാരൻ എന്നെല്ലാം പറഞ്ഞ് അദ്ദേഹത്തെ അപകീർത്തിപ്പെടുത്താൻ താൽപ്പര്യപ്പെടുന്നവരുണ്ട്. തൊഴിലാളിവർഗ്ഗ താൽപ്പര്യം മുൻനിർത്തിയുള്ള രാഷ്ട്രീയാന്വേഷണത്തിന്റെ ഭാഗമായി അദ്ദേഹം നക്സൽ പ്രസ്ഥാനത്തെയും പരിശോധിക്കുകയും വളരെപ്പെട്ടെന്ന് തെറ്റായ ആ പാത ഉപേക്ഷിക്കുകയും ചെയ്തു എന്നതാണ് വാസ്തവം. കക്ഷിരാഷ്ട്രീയത്തിനതീതമായ തൊഴിലാളി യൂണിയൻ പ്രവർത്തനത്തിന്റെ മാർഗ്ഗമാണ് പിന്നീട് അദ്ദേഹം കണ്ടെത്തിയതും അവലംബിച്ചതും.

പണിയെടുക്കുന്നവരുടെ താൽപ്പര്യം മുറുകെപ്പിടിക്കുന്നതിൽ അദ്ദേഹം കർക്കശനായിരുന്നു എന്നതും വാസ്തവം. അവസരവാദത്തെയാണ് പ്രായോഗികബുദ്ധി എന്ന് വിശേഷിപ്പിക്കുന്നതെങ്കിൽ, ആ പ്രായോഗിക ബുദ്ധി അദ്ദേഹത്തിന് അന്യമായിരുന്നു എന്നതും ശരി. എന്നാൽ, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വ്യത്യസ്ത മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകളും ഒപ്പുവയ്ക്കപ്പെട്ട നിരവധി കരാറുകളും പ്രായോഗിക ബുദ്ധിയുടെ ഒന്നാന്തരം ഉദാഹരണങ്ങളാണ്; അദ്ദേഹം തലപ്പത്തുനിന്ന് പോയതിനുശേഷം ഒപ്പുവയ്ക്കപ്പെട്ട കരാറുകളുടെ താരതമ്യത്തിൽ വിശേഷിച്ചും.

എന്നാൽ വിലയേറിയ ഒരു പാഠവും സ്വാനുഭവത്തിൽനിന്ന് അദ്ദേഹം ഉൾക്കൊള്ളുകയുണ്ടായി. തൊഴിലാളികൾക്ക് ആനുകൂല്യങ്ങളും നേട്ടങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നതുകൊണ്ടുമാത്രമായില്ല, വർഗ്ഗരാഷ്ട്രീയത്തിൽ ശിക്ഷിതരായിത്തീരുന്നില്ലെങ്കിൽ ഇതെല്ലാം വെറും സാമ്പത്തിക വാദത്തിലേക്കും അവസരവാദത്തിലേക്കും നയിക്കപ്പെടുകയേയുള്ളൂ എന്ന പാഠം. എ.ഐ.യു.റ്റി.യു.സി-യുമായി വികസിച്ചുവന്ന പ്രത്യയശാസ്ത്ര ബന്ധത്തിന്റെ അടിസ്ഥാനവുമതാണ്. തൊഴിലാളികൾക്ക് വർഗ്ഗരാഷ്ട്രീയവും ചരിത്രനിയതമായ കർത്തവ്യബോധവും പകർന്നുകൊടുക്കണമെന്ന് അദ്ദേഹം സംഘടനയോട് ആവശ്യപ്പെട്ടിരുന്നു. സ്വകാര്യസ്വത്തിനതീതമായ സാമൂഹികതയും ഉത്തരവാദിത്തബോധവുമാണ് തൊഴിലാളിവർഗ്ഗ സംസ്കാരത്തിന്റെ ആണിക്കല്ല് എന്ന ബോധ്യം അദ്ദേഹത്തിന് നന്നെ ഉണ്ടായിരുന്നു.

കൽക്കത്തയിലും ന്യൂഡൽഹിയിലും നടന്ന എ.ഐ.യു.റ്റി.യു.സിയുടെ പതിനെട്ടാമത്തെയും പത്തൊമ്പതാമത്തെയും അഖിലേന്ത്യാ സമ്മേളനങ്ങളിലെ വിശിഷ്ടാതിഥികളിൽ ഒരാളായി അദ്ദേഹം പങ്കെടുക്കുകയുണ്ടായി. എ.ഐ.യു.റ്റി.യു.സി-യുമായി അടുത്ത ബന്ധമുള്ള അഖിലേന്ത്യാ പവർമെൻസ് ഫെഡറേഷൻ രൂപീകൃതമായപ്പോൾ അദ്ദേഹം അതിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം പ്രസിഡന്റായുള്ള പല യൂണിയനുകളും എ.ഐ.യു.റ്റി.യു.സി-യുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടവയാണ്.

ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കേരളത്തിന്റെ മന്ത്രി ആയിരുന്ന നാളിൽ, അദ്ദേഹത്തോടൊപ്പം നിയമസഭയിലുണ്ടായിരുന്ന കോസലരാമദാസ് തന്റെ അന്ത്യംവരെയും അദ്ദേഹത്തോടൊപ്പം സാമൂഹ്യ പ്രവർത്തനരംഗത്ത് സജീവമായിരുന്നു. ജസ്റ്റിസ് കൃഷ്ണയ്യർ പ്രസിഡന്റായി 1992-ൽ രൂപംകൊണ്ട കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ സംസ്ഥാന വൈസ്പ്രസിഡന്റുമാരിൽ ഒരാളായിരുന്നു കോസലരാമദാസ്. കൂടാതെ, 1995-ൽ കൽക്കത്തയിൽ, ജസ്റ്റിസ് കൃഷ്ണയ്യർ പ്രസിഡന്റായി രൂപംകൊണ്ട ആൾ ഇന്ത്യ ആന്റി-ഇംപീരിയലിസ്റ്റ് ഫോറത്തിന്റെ കേരളാ ചാപ്റ്ററിന്റെ വൈസ്പ്രസിഡന്റുമായിരുന്നു അദ്ദേഹം.

ഇന്ത്യ-ചൈന സൗഹൃദ സംഘം (ഐ.സി.എഫ്.എ) രൂപീകൃതമായ നാൾമുതൽ കോസലരാമദാസ് അതിന്റെ ദേശീയ നേതാക്കളിൽ പ്രമുഖനായിരുന്നു. സംഘടനയുടെ ദേശീയ ചെയർമാൻ എന്ന നിലയിൽ അദ്ദേഹം സ്തുത്യർഹമായ ദൗത്യം നിറവേറ്റിവരികയുമായിരുന്നു.

അദ്ധ്വാനിക്കുന്ന ജനങ്ങളെ കക്ഷിരാഷ്ട്രീയപരിഗണനകൾക്കതീതമായി ഒന്നിപ്പിച്ച് അവരുടെ അവകാശസമരങ്ങൾ വളർത്തിയെടുക്കുന്നതിൽ ജീവിതാന്ത്യംവരെ മുഴുകിയ അദ്ദേഹത്തിന്റെ സമരശൈലി ഇന്ന് ആഗോളവൽക്കരണ നയങ്ങളുടെ തേരോട്ടത്തിൽ അവകാശങ്ങൾ ഒന്നൊന്നായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തൊഴിലാളിവർഗ്ഗത്തിന് വിലപ്പെട്ട മാതൃകയാണ്. സുദീർഘമായ തൊഴിലാളി യൂണിയൻ പ്രവർത്തനത്തിലൂടെ താൻ ആർജ്ജിച്ച വിപുലമായ അനുഭവസമ്പത്തിന്റെ വെളിച്ചത്തിൽ പുതിയൊരു നിര തൊഴിലാളി നേതാക്കളെ വാർത്തെടുക്കുന്നതിൽ അദ്ദേഹം ശ്രദ്ധേയമായ പങ്ക് വഹിച്ചു. സഖാവ് കെ.പി.കോസലരാമദാസിന്റെ മഹനീയമായ സമരജീവിതത്തിൽനിന്ന് പാഠവും ഊർജ്ജവും ഉൾക്കൊണ്ട് മുന്നേറാൻ അദ്ദേഹം നേതൃത്വം നൽകിവന്ന വിവിധ തൊഴിലാളി യൂണിയനുകളുടെ നേതാക്കൾക്കും പ്രവർത്തകർക്കും കഴിയും എന്ന് ഉറച്ചുവിശ്വസിക്കാം.

# യഥാർത്ഥ ജനകീയ പ്രശ്നങ്ങളല്ല പ്രക്ഷോഭത്തിന് ആധാരമെങ്കിൽ ഫലത്തിൽ അത് യുഡിഎഫ് രാഷ്ട്രീയത്തെ ശക്തിപ്പെടുത്തും

(1-ാം പേജിൽ നിന്നും തുടർച്ച)

എണ്ണത്തിൽ മാത്രമാണ്. ബാക്കിയെല്ലാം പാസ്സാക്കിയെടുക്കാൻ ചെലവഴിച്ചത് വെറും 5 മിനിറ്റ് മാത്രം. ജനജീവിതവുമായി ബന്ധപ്പെട്ട, സുപ്രധാനമായ മേഖലകളിലേക്കുള്ള ബജറ്റ് വിഹിതത്തെക്കുറിച്ചുള്ള ചർച്ചയാണ് പൂർണ്ണമായും നടക്കാതെ പോയത്. അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ തൊഴിൽ ചൂഷണത്തെ സംബന്ധിച്ചുള്ള ശ്രദ്ധക്ഷണിക്കൽ പോലുള്ള വളരെ ഗൗരവസ്വഭാവത്തിലുള്ള പ്രമേയങ്ങളും ഒഴിവാക്കപ്പെട്ടു. വിദ്യാഭ്യാസം, കൃഷി, ആരോഗ്യം പോലുള്ള രംഗങ്ങളിലെ ഗുരുതരമായ പ്രശ്നങ്ങളും പരാധീനതകളും ചർച്ച ചെയ്യേണ്ട അടിയന്തിര സന്ദർഭത്തിലാണ് അവ ഒഴിവാക്കപ്പെട്ടത്. തികഞ്ഞ സങ്കുചിതരാഷ്ട്രീയ കണക്കുകൂട്ടലോടെ പ്രതിപക്ഷം നടത്തിയ നിരുത്തരവാദപരമായ നിലപാടും അത് മുതലെടുത്ത ഭരണപക്ഷത്തിന്റെ തന്ത്രങ്ങളും ചേർന്നപ്പോൾ നിയമസഭ ഗില്ലറ്റിൻ ചെയ്യപ്പെടേണ്ട അപൂർവ്വസാഹചര്യം സൃഷ്ടിക്കപ്പെട്ടു. നികുതിദായകന്റെ പോക്കറ്റിൽ നിന്ന് ലക്ഷങ്ങൾ ചെലവഴിച്ച് നിയമസഭ സമ്മേളിക്കുമ്പോൾ സാധാരണക്കാരന്റെ ദുരിതങ്ങളോട് ക്രൂരമായ നിരുത്തരവാദിത്വവും നിസ്സംഗതയും കാട്ടുകയാണ് ഭരണ - പ്രതിപക്ഷ ചേരികൾ. എന്തിനെച്ചൊല്ലിയാണ് ഈ നിയമസഭാസ്തംഭനം? അവിടെ നടന്ന സംഭവവികാസങ്ങൾ സംസ്ഥാനത്തെ ജനങ്ങളുടെ താൽപ്പര്യത്തെ അശേഷം പ്രതിഫലിപ്പിക്കുന്നില്ല. 14 ദിവസം നിയമസഭ സ്തംഭിപ്പിക്കേണ്ടുന്ന തരത്തിലുള്ള കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും നീറുന്ന വിഷയമാണോ സോളാർ തട്ടിപ്പ്?

ജനപക്ഷത്ത് അടിയുറച്ച് നിലകൊള്ളാൻ ആഗ്രഹിക്കുന്ന ഒരു പ്രസ്ഥാനം, മുഴുവൻ ശക്തിയും സമാഹരിച്ച് ഒരു പ്രക്ഷോഭം നടത്തുന്നുവെങ്കിൽ അതിനായി സ്വീകരിക്കേണ്ടുന്ന വിഷയത്തിന്റെ മാനദണ്ഡം എന്തായിരിക്കണം. ഉടനടിയുള്ള പാർലമെന്ററി രാഷ്ട്രീയ നേട്ടങ്ങൾ ഒരു കാരണവശാലും വിഷയം തെരഞ്ഞെടുക്കാനുള്ള മാനദണ്ഡമാകാൻ പാടില്ല. അല്പായുസ്സായ സെൻസേഷനും ഉദ്വേഗവും ഇക്കിളിയും ജനങ്ങൾക്കിടയിൽ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന വിലകുറഞ്ഞ കൗതുകവും ഒരു ശരിയായ ജനകീയ മുന്നേറ്റത്തിന്റെ അടിസ്ഥാനമാവില്ല. പ്രത്യേകിച്ചും നിലനിൽപ്പിന്റേതായ പ്രശ്നങ്ങൾ ജനങ്ങൾ തീക്ഷ്ണമായി നേരിടുന്ന ഈ നാളുകളിൽ. കോർപ്പറേറ്റുകളുടെ ദാസ്യവേല മാത്രമായി ഭരണം മാറിക്കഴിഞ്ഞിരിക്കുന്ന വർത്തമാനസാഹചര്യത്തിൽ ഉയർന്ന ജനാധിപത്യപ്രബുദ്ധതയും രാഷ്ട്രീയബോധവും പകർന്നുനൽകി, ഒരു അപ്രതിരോധശക്തിയായി മാറാനുള്ള പ്രാപ്തി ജനങ്ങൾക്ക് നൽകുന്ന ഒന്നായിരിക്കണം ഒരു ജനാധിപത്യപ്രക്ഷോഭം. വർഗ്ഗബോധത്തിന്റെ ഉൾക്കരുത്തുള്ള ഒന്നായിരിക്കുമത്. അത് നാലാംകിട രാഷ്ട്രീയ കോമാളിത്തരമാകാൻ പാടില്ല.

മസാലയും എരിവും പുളിയും മാറ്റിവച്ച് പരിശോധിച്ചാൽ സോളാർ തട്ടിപ്പ് എന്താണ്? ഇതിനോടകം പുറത്തുവന്ന വിവരങ്ങളെ യുക്തിപൂർവ്വം കൂട്ടിയിണക്കിയാൽ എത്തിച്ചേരാവുന്ന നിഗമനങ്ങളെന്തൊക്കെയാണ്? കഴിഞ്ഞ 7 വർഷമായി ക്രിമിനൽ പശ്ചാത്തലത്തോടെ പ്രവർത്തിക്കുന്ന ചില വ്യക്തികളുടെ നേതൃത്വത്തിലുള്ള ഒരു തട്ടിപ്പ്കമ്പനി സോളാർ പാനലുകൾ സ്ഥാപിച്ചുനൽകാമെന്ന് വാഗ്ദാനം നൽകി സംസ്ഥാനത്തെ കുറെയധികം പേരിൽ നിന്നായി ലക്ഷങ്ങളും കോടികളും തട്ടിയെടുത്തിരിക്കുന്നു. ഈ തട്ടിപ്പിന്റെ സൂത്രധാരന്മാരായിട്ടുള്ള വ്യക്തികൾ, മുഖ്യമന്ത്രിയുൾപ്പടെയുള്ളവരുടെ പേരും പദവിയും ഉപയോഗപ്പെടുത്തി വിശ്വാസ്യത സൃഷ്ടിച്ചാണ് അവയിൽ ചില തട്ടിപ്പുകൾ നടത്തിയിട്ടുള്ളത്. അതിനായി മുഖ്യമന്ത്രിയുടെ പേഴ്സനൽ സ്റ്റാഫിൽപ്പെട്ട മൂന്നിലധികം പേർ വഴിവിട്ടനിലയിൽ ചില സഹായങ്ങൾ നൽകിയെന്നുമാത്രമല്ല, അവർ തട്ടിപ്പിന്റെ ആസൂത്രകന്മാരായി പ്രവർത്തിക്കുകയും ചെയ്തു. ഈ തട്ടിപ്പിന് ചുക്കാൻ പിടിച്ചവർ സംസ്ഥാനത്തെ ചില മന്ത്രിമാരെയും എം.എൽ.എമാരെയും ഫോണിൽ ബന്ധപ്പെട്ടിട്ടുണ്ട്. അവരിൽ ചിലർ തിരിച്ചും വിളിച്ചിട്ടുണ്ട്. അവർക്കിടയിൽ നടന്ന സംഭാഷണമെന്തെന്നോ ഈ വൻതട്ടിപ്പിൽ അവരുടെ പങ്കെന്തെന്നോ ഇപ്പോഴും പുറത്തുവന്നിട്ടില്ല. രണ്ട് സാധ്യതകളാണ് ഈ സന്ദർഭത്തിൽ ജനങ്ങൾക്ക് കാണാൻ കഴിയുന്നത്. ഒന്നുകിൽ രാഷ്ട്രീയരംഗത്തുള്ള പ്രമുഖരുമായി ബന്ധം സ്ഥാപിക്കുകയും അപ്രകാരമുള്ള ബന്ധത്തെ മാർക്കറ്റ് ചെയ്യുകയുമായിരുന്നു സരിതയും കൂട്ടാളികളും ചെയ്തത്. അല്ലെങ്കിൽ ഭരണകക്ഷിയുടെ നേതാക്കൾ നേരിട്ട് ടീം സോളാർ എന്ന ബിനാമി പേരിൽ പ്രവർത്തിക്കുകയായിരുന്നു. ഇതിൽ ഏത് സാധ്യതയാണ് സംഭവിച്ചത് എന്നത് സത്യസന്ധമായ ഒരന്വേഷണത്തിലൂടെ മാത്രമേ പുറത്തുവരൂ. അതിനാൽ ജനങ്ങളുടെ ആവശ്യം നീതിപൂർവ്വകവും സത്യസന്ധവുമായ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണമെന്നതാണ്. അത്തരമൊരാവശ്യം ഉന്നയിക്കുകയും ജനാധിപത്യമാർഗ്ഗങ്ങളിലൂടെ അത് നേടിയെടുക്കാൻ പരിശ്രമിക്കുകയുമാണ് വേണ്ടത്.

ആത്മാഭിമാനവും രാഷ്ട്രീയമാന്യതയും കണികയെങ്കിലും അവശേഷിക്കുന്നണ്ടെങ്കിൽ മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും അവരുടെ സ്ഥാനങ്ങൾ ഒഴിയണം. ഇവർ അവരുടെ നിർദ്ദോഷിത്വത്തെ സംബന്ധിച്ച് എത്രമേൽ പെരുമ്പറ മുഴക്കിയാലും സ്ഥിതിഗതികൾ ഈ വിധം രൂപപ്പെട്ടുവന്നതിന്റെ ഉത്തരവാദിത്തത്തിൽ നിന്നും ഒരു കാരണവശാലും അവർക്ക് കൈകഴുകാനാവില്ല. മുഖ്യമന്ത്രിയുടെ ഓഫീസിൽ നടക്കുന്ന ഇടപാടുകൾക്ക് ആരാണ് അന്തിമ ഉത്തരവാദി. രാഷ്ട്രീയനിയമനം മാത്രമാണ് പേഴ്സനൽ സ്റ്റാഫ് എന്നതിനാൽ അവരെ നിയമിച്ചവർക്കും നിലനിർത്തിയവർക്കും തന്നെയാണ് അവരുടെ ചെയ്തികളുടെ ഉത്തരവാദിത്തം. അതിനാൽ ഈ കൂട്ടക്കുഴപ്പത്തിന്റെ ധാർമ്മികബാധ്യതയിൽ നിന്ന് മുഖ്യമന്ത്രിക്ക് ഒരു വിധത്തിലും ഒഴിയാനാവില്ല. അതോടൊപ്പം ഞങ്ങൾ ആദ്യം ചൂണ്ടിക്കാട്ടിയ മറ്റൊരുഗൗരവതരമായ വിഷയവും ഇതിൽ അന്തർഭവിച്ചിട്ടുണ്ട്. പോലീസ് അന്വേഷണത്തിലൂടെ സത്യസ്ഥിതി പുറത്തുവരുമെന്ന് വീമ്പിളക്കുമ്പോൾ, അന്വേഷണം നടത്തുന്നവരെല്ലാം ഇതേ നേതാക്കന്മാരുടെ കീഴിലുള്ളവരാണ് എന്നതാണ് വിരോധാഭാസം. മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന ഒരിടപാടിനെ സംബന്ധിച്ച് അദ്ദേഹത്തോട് ചോദിക്കാതെ എങ്ങിനെയാണ് അന്വേഷണം ശാസ്ത്രീയമായ ഒരു നിഗമനത്തിലെത്തുക? എങ്ങിനെയാണ് അന്വേഷണം പൂർത്തിയാവുക? വകുപ്പ് മന്ത്രിയെ ചോദ്യം ചെയ്ത് സത്യസ്ഥിതി പുറത്തുകൊണ്ടുവരുവാൻ വകുപ്പിന്റെ കീഴിലുള്ള ഉദ്യോഗസ്ഥർക്ക് എങ്ങിനെ കഴിയും? തങ്ങൾക്കെതിരെ തെളിവുകൾ ശേഖരിക്കാനിടനൽകും വിധം അന്വേഷണത്തെ സ്വതന്ത്രമായി വിടാൻ നേതാക്കൾ തയ്യാറാകുമെന്ന് കരുതാൻ ജനങ്ങൾ അത്രമേൽ വിഡ്ഢികളല്ല. നേതാക്കളെത്തന്നെ പ്രതിസ്ഥാനത്തേക്ക് കൊണ്ടുവരാനിടയാക്കുന്ന തെളിവുകൾ ലഭ്യമായാൽ അറസ്റ്റ് ഒഴിവാക്കാൻ സാധ്യമായ എല്ലാ മർഗ്ഗങ്ങളും ഈ നേതാക്കന്മാർ കൈക്കൊള്ളുമെന്ന് സംശയത്തിനിടയില്ലാതെ പറയാൻ കഴിയും. സത്യസന്ധമായ പൊതുപ്രവർത്തനത്തിന് മറ്റെന്തിനേക്കാളും വിലനൽകുന്ന രാഷ്ട്രീയ അനുഭവം കോൺഗ്രസ്സിൽ നിന്ന് ജനങ്ങൾക്ക് ഉണ്ടായിട്ടില്ല. അടിമുടി അഴിമതിയിൽ ആറാടിനിൽക്കുന്ന കോൺഗ്രസ്സ് എന്ന രാഷ്ട്രീയ ജീർണ്ണതയുടെ നേതാക്കന്മാരെന്ന നിലയിൽ ഇവരിൽ നിന്ന് ജനങ്ങൾക്ക് അങ്ങിനെ പ്രതീക്ഷിക്കാനുമാവില്ല. അതിനാൽ സ്വതന്ത്രമായ അന്വേഷണത്തിന്റെ മുമ്പിലെ എല്ലാ വിഘ്നങ്ങളും നീക്കപ്പെടണം. ഇന്ന് അന്വേഷണത്തിന്റെ മുമ്പിലെ പ്രധാനതടസ്സം മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും അവരുടെ സ്ഥാനങ്ങളിൽ തുടരുന്നുവെന്നാണ്.

ഇതിനൊരു മറുവശമുണ്ട്. മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും സ്ഥാനങ്ങൾ ഒഴിഞ്ഞ് മറ്റാരെങ്കിലും അവരുടെ ചുമതലകൾ ഏറ്റെടുക്കുന്നതിലൂടെ ഈ സംഭവവികാസങ്ങൾ ഉയർത്തിയ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന് ഞങ്ങൾ കരുതുന്നില്ല. ഈ മന്ത്രിസഭ തന്നെ രാജിവച്ച് എന്തെങ്കിലും വളഞ്ഞമാർഗ്ഗത്തിലൂടെ, അല്ലെങ്കിൽ തെരഞ്ഞെടുപ്പിലൂടെ തന്നെ എൽ.ഡി.എഫ് ഭരണമേറ്റാലും ഈ പ്രശ്നങ്ങൾ അടിസ്ഥാനപരമായി പരിഹരിക്കപ്പെടുമെന്ന് ഒരു പ്രതീക്ഷയും ജനങ്ങൾക്കില്ല. കേരളം ഇതിനോടകം നിരവധിയായ തട്ടിപ്പ് കേസ്സുകൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഇടത് - വലത് ഭേദമെന്യേ പ്രമുഖ രാഷ്ട്രീയനേതാക്കളുടെയും മക്കളുടെയും പേരുകൾ ഇവയിൽ ചിലതെങ്കിലുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുണ്ട്. മേൽപ്രസ്താവിച്ച കേസ്സുകളിൽ പലതും തേഞ്ഞുമാഞ്ഞുപോയി. തട്ടിപ്പുകളിൽ പണം നഷ്ടപ്പെട്ടവരിൽ 90ശതമാനത്തിനും അവരുടെ പണം തിരികെ ലഭിച്ചിട്ടില്ല. ഒന്നിൽപ്പോലും ഈ നിമിഷം വരെയും ആരും ശിക്ഷിക്കപ്പെട്ടിട്ടുമില്ല. അഥവാ ശിക്ഷിക്കപ്പെട്ടാൽ വൻതിമിംഗലങ്ങൾ രക്ഷപെടുകയാണ് ഉണ്ടായിട്ടുള്ളത്. ഈ കേസ്സിലും അതുതന്നെയാണ് ഉണ്ടാകാൻ പോകുന്നത്. മാധ്യമങ്ങളുടെ സെൻസേഷണൽ വ്യഗ്രതയും പ്രതിപക്ഷത്തിന്റെ രാഷ്ട്രീയ മുതലെടുപ്പും അവസാനിക്കുന്നതോടെ ഈ കേസ്സും പെരുവഴിയിൽ ഉപേക്ഷിക്കപ്പെടും. ഓഫീസിന്റെ പദവി ഉപയോഗപ്പെടുത്തി അഴിമതി നടത്തുക, ഖജനാവ് ചോർത്തുക, സ്ഥലംമാറ്റവും രാഷ്ട്രീയനിയമനവുമുൾപ്പെടെയുള്ള സർക്കാർ ഇടപാടുകൾ നടത്തി ലക്ഷങ്ങൾ സമ്പാദിക്കുക, പെൺവാണിഭം ഉൾപ്പടെയുള്ള കേസ്സുകൾ ഒതുക്കുക, പ്രതികളെ രക്ഷിക്കുക ഈ വക ജോലികളാണ് എല്ലാക്കാലത്തും മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫും പരിവാരങ്ങളും ചെയ്തുവരുന്നത്. ഇപ്പോൾ ഉമ്മൻചാണ്ടിയുടെ ഓഫീസിൽ ഉണ്ടായ ഇടപാടുകൾ നടാടെ സംസ്ഥാനത്തുണ്ടായ കാര്യങ്ങളല്ല. ഇതോടുകൂടി ഉമ്മൻചാണ്ടിയുടെ ഓഫീസ് സംശുദ്ധമാകുമെന്നും ആരും പ്രതീക്ഷിക്കുന്നില്ല. ഇടതുഭരണകാലത്തും ഇതൊക്കെതന്നെയാണ് നടന്നിട്ടുള്ളത്. ലീഗ് നേതാവ് കുഞ്ഞാലിക്കുട്ടിയെ ഐസ്ക്രീം കേസ്സിൽ രക്ഷിച്ചത് മുൻമുഖ്യമന്ത്രി ഇ.കെ.നായനാരുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന പി.ശശിയും സംഘവുമായിരുന്നെന്ന് അന്ന് പൊതുസമൂഹത്തോട് വിളിച്ചുപറഞ്ഞത് ഇടതുസർക്കാരിന്റെ സ്പെഷ്യൽ പബ്ലിക് പ്രൊസിക്യൂട്ടറായിരുന്ന അഡ്വ.ജനാർദ്ദനക്കുറുപ്പാണ്. എന്തുനടപടിയാണ് അന്ന് ഇടത് സർക്കാർ ഈ വിഷയത്തിൽ കൈക്കൊണ്ടത്. കേസ്സ് ഒതുക്കിയവരെക്കുറിച്ച് അന്വേഷിക്കാനോ അവരെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് പുറത്താക്കാനോ സിപിഐ(എം) നേതൃത്വം തയ്യാറായില്ല.

ഭരണം എൽ.ഡി.എഫിന്റേതായാലും യു.ഡി.എഫിന്റേതായാലും ഈ കൊള്ള ഇടപാടുകളിലും അഴിമതികളിലും ഒരു മാറ്റവും ഉണ്ടാകാൻ പോകുന്നില്ല. കാരണം അഴിമതിയിലധിഷ്ഠിതമായ ഈ ഭരണക്രമം മുതലാളിത്തവ്യവസ്ഥയുടെ അനിവാര്യപരിണതിയാണ്. ഏതെങ്കിലും ഒരു നേതാവിന്റെയോ രാഷ്ട്രീയ കക്ഷിയുടെയോ അഴിമതിക്കെതിരെ അപ്പോഴത്തെ സങ്കുചിതമായ രാഷ്ട്രീയ ലക്ഷ്യം മുൻനിർത്തി ഒച്ചപ്പാട് സൃഷ്ടിക്കുന്നതിലൂടെ മാത്രം അഴിമതിയില്ലാതാക്കാൻ കഴിയില്ല. പ്രസ്തുത എതിർപ്പിന് ശരിയായ നിലപാടിന്റെ ആഴമില്ല. വളരെ പരിമിതമായ ലക്ഷ്യങ്ങളേ അതിനുള്ളൂ. അതിനാൽ സംശുദ്ധമായ രാഷ്ട്രീയം സൃഷ്ടിച്ചെടുക്കാനുള്ള പ്രവർത്തനത്തിന് അനിവാര്യമായും മുതലാളിത്തവിരുദ്ധരാഷ്ട്രീയത്തിന്റെ ഉള്ളടക്കമുണ്ടായേ പറ്റൂ. ഉയർന്ന ജനാധിപത്യമൂല്യങ്ങളും കറകളഞ്ഞ ജനപക്ഷനിലപാടും ഉയർത്തിപ്പിടിച്ചുകൊണ്ട് മുതലാളിത്തക്രമത്തിന്റെ നയങ്ങൾക്കെതിരെ ഒരളവിലും വിട്ടുവീഴ്ച ചെയ്യാത്ത ജനാധിപത്യപ്രക്ഷോഭത്തിന്റെ രാഷ്ട്രീയം അനുവർത്തിക്കുമ്പോഴാണ് ഭരണതലത്തിലുള്ള അഴിമതിയെയും നീതിവിരുദ്ധതയെയും തടയാനുള്ള ശാസ്ത്രീയമായ മാർഗ്ഗം തെളിയുന്നത്. ഇപ്പോൾ സോളാർ തട്ടിപ്പിന്റെ കാര്യത്തിൽ പ്രതിപക്ഷം കാട്ടുന്ന കോപ്രായങ്ങൾക്കും തൊള്ളതുറക്കലുകൾക്കുമെല്ലാം വളരെ ഇടുങ്ങിയ രാഷ്ട്രീയലക്ഷ്യങ്ങൾ മാത്രമേയുള്ളൂ. അവർ ഉന്നയിക്കുന്ന ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടാലും ജീർണ്ണതയുടെ രാക്ഷസപിടിയിലമർന്ന സാമൂഹ്യ - രാഷ്ട്രീയസാഹചര്യത്തിൽ അത് ഒരു മാറ്റവും സൃഷ്ടിക്കില്ല.

അതിനാൽ സംസ്ഥാനത്തെ ജനങ്ങൾ നേരിടുന്ന യഥാർത്ഥ ജീവിതപ്രശ്നങ്ങളെ അടിസ്ഥാനമാക്കി, സങ്കുചിതമായ കക്ഷിരാഷ്ട്രീയപരിഗണനകൾക്കതീതമായി താഴേത്തലങ്ങളിൽ ജനകീയസമരക്കമിറ്റികൾക്ക് രൂപം നൽകിക്കൊണ്ട് പ്രചണ്ഡമായ ഒരു പ്രക്ഷോഭത്തിന് തയ്യാറെടുക്കുകയാണ് ജനങ്ങളുടെ വർത്തമാന കടമ. അത്തരമൊരു പ്രക്ഷോഭത്തിന്റെ ശക്തിക്കുമുമ്പിൽ ഒരു സർക്കാർ ഒലിച്ചുപോയയാൽ അത് ജനകീയമുന്നേറ്റത്തിന്റെ വിജയമാകും. പ്രസ്തുത പ്രക്ഷോഭം ഉയർന്ന ജനാധിപത്യജാഗ്രത ജനങ്ങൾക്കിടയിൽ സൃഷ്ടിക്കുമെന്നതിനാൽ പിന്നീട് വരുന്ന ഏതൊരു സർക്കാരിനെയും നേർവഴിക്ക് നടത്താൻ ജനങ്ങൾക്ക് കഴിയും. അത്തരമൊരു സാഹചര്യം സൃഷ്ടിക്കാതെ, ഒരു സർക്കാർ മാറി മറ്റൊന്ന് വരുന്നതുകൊണ്ട് ജനജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾക്ക് ഒരു പരിഹാരവുമുണ്ടാകില്ല. ഇത് സുപ്രധാനമായ ഒരു പാഠമാണ്. ●




വിലക്കയറ്റത്തിനും ജനദ്രോഹനയങ്ങൾക്കുമെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പത്തനംതിട്ട ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലയിലുടനീളം നടന്ന പ്രചാരണ പരിപാടി ജില്ലാസെക്രട്ടറി സഖാവ് എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു

# ഉത്തരാഖണ്ഡിലെ കൊടുംദുരന്തം: മുതലാളിത്ത ലാഭദുര പ്രകൃതിയിലേൽപ്പിച്ച ആഘാതത്തിന്റെ പരിണിതഫലം

എട്ടാം നൂറ്റാണ്ടിൽ പണിത കേദാർനാഥ് ക്ഷേത്രം മഴയുടെ താണ്ഡവത്തിൽ മലയണപൊട്ടി തകർന്നുപോയിരിക്കുന്നു. അതിനുചുറ്റും ഭീതിജനകമായ വിധത്തിൽ വിരൂപമായ മൃതശരീരങ്ങളുടെ കൂനകൾ. മരിക്കാതെ അവശേഷിച്ച മനുഷ്യരുടെ കണ്ണുകളിലെ മരവിച്ച ശൂന്യത. തുറസ്സുകളിലോ മൂടപ്പെട്ടോ കിടക്കുന്ന മനുഷ്യരുടെയും മൃഗങ്ങളുടെയും അഴുകിയ ജഡങ്ങളുടെ ദുർഗന്ധം, പകർച്ചവ്യാധി പടർത്തിയേക്കാവുന്ന മരണമാരിയുടെ വരവറിയിക്കുന്നു. മനുഷ്യവാസത്തെ തുടച്ചുമാറ്റും വിധം ആർത്തലച്ചുവന്ന നദികൾ ചെളിയും പാറകളും ജീവജാലങ്ങളും പാലങ്ങളും വീടുകളും വാഹനങ്ങളും വലിച്ചെടുത്തുകൊണ്ടുപോയി. ഇവയ്ക്കെല്ലാം മീതെ, ഈ വിധത്തിലുള്ള ഭീകരദുരന്തത്തെ നേരിടാനുള്ള സർക്കാരിന്റെയും തദ്ദേശ ഭരണ സംവിധാനത്തിന്റെയും പരിപൂർണ്ണമായ സന്നാഹരാഹിത്യം, അലംഭാവം, ഏകോപനമില്ലായ്മ തുടങ്ങിയവയുടെ ഉൾപ്പടെ, ഉത്തരാഖണ്ഡ് ദുരന്തത്തിന്റെ വാർത്തകളും ചിത്രങ്ങളും രാജ്യത്തെയാകെ നടുക്കി.

ഇപ്പോഴും രക്ഷാദൗത്യസംഘങ്ങൾക്ക് കുറച്ചിടങ്ങളിൽ മാത്രമേ എത്തിച്ചേരാൻ കഴിഞ്ഞിട്ടുള്ളൂ. ജൂൺ 14-ന് ആരംഭിച്ച കെടുതിയുടെ സ്ഥലങ്ങൾ സന്ദർശിച്ചശേഷം ഉത്തരാഖണ്ഡ് നിയമസഭാ സ്പീക്കർ സമ്മതിച്ചത് 11000 പേരെങ്കിലും മരിച്ചിട്ടുണ്ടാവുമെന്നാണ്. ആയിരങ്ങൾ ഇപ്പോഴും തീർത്ഥാടനകേന്ദ്രങ്ങളിൽ കുടുങ്ങിക്കിടക്കുന്നു. പക്ഷെ വാർത്താവിനിമയ ബന്ധം അറ്റുപോയ നൂറുകണക്കിന് ഗ്രാമങ്ങളെയും അവിടത്തെ ജനങ്ങളെയുംപറ്റി സർക്കാർ നിഗൂഢമായ മൗനമാണ് അവലംബിക്കുന്നത്. ഭഗീരഥി, അളകനന്ദ, മന്ദാകിനി, നദികളിലൂടെ അലറിവന്ന വെള്ളപ്പാച്ചിലിൽ പൂർണ്ണമായും തുടച്ചുനീക്കപ്പെട്ട രുദ്രപ്രയാഗ്, ചമോലി, ഉത്തർകാശി ജില്ലകളിലെ ചുരുങ്ങിയത് 60 ഗ്രാമങ്ങളെങ്കിലും ഇവയിൽപ്പെടും. മരിച്ചവരുടെയും പരിക്കുപറ്റിയവരുടെയും യഥാർത്ഥ കണക്ക് ഇതിലുമെത്രയോ വലുതാണ്. മലയിടുക്കുകളിലെ പ്രയാസമേറിയ വിദൂര സ്ഥലങ്ങളിൽ താമസിച്ചിരുന്നവർ വിനാശകരമായ കെടുതികളിൽപ്പെട്ട് രക്ഷാദൗത്യസംഘങ്ങൾക്ക് എത്തിപ്പെടാൻപറ്റാത്തവിധം ഒറ്റപ്പെട്ടുപോയി. അവിടങ്ങളിൽ അവശേഷിക്കുന്നവർ ഹിമാലയത്തിന്റെ കീറുന്ന ശൈത്യത്തിൽ അഭയവും ഭക്ഷണവും ശുദ്ധജലവുമില്ലാതെ പകർച്ചവ്യാധികളുടെ വരവുഭയന്ന് കഴിയുന്നു. സൈന്യത്തിന്റെ വിവിധ യൂണിറ്റുകൾ കൂടുതൽ എത്തിപ്പെടാൻ പറ്റുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും തീർത്ഥാടന മേഖലകളിലുമാണ് രക്ഷാപ്രവർത്തനം നടത്തുന്നത്. ഇതൊഴിച്ചാൽ സർക്കാരിന്റെ യാതൊരുവിധ പ്രവർത്തനങ്ങളും കാണാനേയില്ല. മൃതശരീരങ്ങളെ തിരിച്ചറിയാനോ ജീവിച്ചിരിക്കുന്നവർക്ക് കൂടുതൽ ദുരിതങ്ങൾ വരുത്തുന്ന വിധം പകർച്ചവ്യാധികളുണ്ടാക്കാവുന്ന തരത്തിൽ പാറകളുടെയിടയിൽപ്പെട്ടുകിടക്കുന്ന മൃതദേഹങ്ങൾ കണ്ടെത്താനോ ഗൗരവാവഹമായ ഒരു പരിശ്രമം ഇനിയും നടത്തിയിട്ടില്ല.

ഇത്തരത്തിലുള്ള ഒരു മലമ്പ്രദേശത്തേക്ക് ഉചിതമായ ദുരിതനിവാരണ മുന്നറിയിപ്പുസംവിധാനത്തോടുകൂടിയ ഒരു വകുപ്പ് രൂപീകരിക്കണമെന്ന സി.എ.ജി (കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ)യുടെ ആവർത്തിച്ചുള്ള മുന്നറിയിപ്പുകളെയും ശുപാർശകളെയും തീർത്തും അവഗണിച്ചുവെന്ന് സംസ്ഥാനത്തെ കോൺഗ്രസ് മുഖ്യമന്ത്രി തുറന്നു സമ്മതിക്കുവാൻ നിർബന്ധിതനായി. വിചിത്രമെന്നുപറയട്ടെ ഈ ദുരന്തത്തിന് ശേഷവും ഉത്തരവാദിത്തപ്പെട്ട അധികാരകേന്ദ്രങ്ങൾ അന്തമില്ലാതെ പരസ്പരം പഴിചാരി സമയം പാഴാക്കുകയാണ്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ബൂർഷ്വാ രാഷ്ട്രീയ കക്ഷികൾ പരസ്പരം മേൽക്കൈ നേടാനുള്ള കടിപിടി കൂടുകയാണ്. ഹിമാലയൻ ഭൂഭാഗത്തെ രക്ഷിക്കുകയെന്നത് പ്രധാനകാര്യമാണെന്ന് എല്ലാവരും സമ്മതിക്കുമ്പോൾത്തന്നെ തമ്മിൽ തല്ലല്ലാതെ മറ്റൊന്നും നടക്കുന്നില്ലതാനും. തന്നെയുമല്ല, ഈ ദുരന്തം ഒഴിവാക്കാനാവാത്ത ഒരു പ്രകൃതി ക്ഷോഭമാണെന്ന് സ്ഥാപിക്കാൻ സർക്കാരും നിക്ഷിപ്ത താൽപ്പര്യക്കാരും വ്യഗ്രത കാട്ടുന്നുമുണ്ട്. അധികമായ പെയ്ത മൺസൂൺ മഴയും കേദാർനാഥ് പ്രദേശത്തുണ്ടായതുപോലെയുള്ള മേഘസ്ഫോടനവും അനുബന്ധമായുണ്ടാകുന്ന ഉരുൾപൊട്ടലും പാറ ഇളകി തെറിക്കലും ഗ്ലേഷ്യർ തടാകം അണമുറിഞ്ഞുള്ള വെള്ളപ്പൊക്കവും പോലുള്ളവ ഈ ദുരന്തത്തിന് കാരണമായിട്ടുണ്ടെന്നത് നേരാണ്. അതേസമയം, ജൂൺ 10-നും 17 നുമിടയ്ക്കുള്ള 24 മണിക്കൂറിനിടയിൽ പെയ്ത 340-370 മില്ലിമീറ്റർ മഴ അഭൂതപൂർവ്വമല്ലയെന്നോർക്കണം. ഒറ്റ ദിവസം കൊണ്ട് 400 മില്ലീമീറ്ററിലധികം മഴ ഉത്തരാഖണ്ഡിൽ പെയ്യുന്നത് പലതവണ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. 1995-ലെ 450 മില്ലീമീറ്ററും1965-ലെ 900 മില്ലിമീറ്ററും ഉദാഹരണങ്ങൾ. മേഘസ്ഫോടനങ്ങളും മിന്നൽ വേഗതയിൽ ഉയർന്നുപൊങ്ങുന്ന നദീപ്രവാഹവും ഈ പ്രദേശത്ത് ഒരു വാർഷിക പ്രതിഭാസമായിട്ടുണ്ട്. പക്ഷെ, ഇത്തവണ ഡാം നിർമ്മാണത്തിന്റെ അവശിഷ്ടങ്ങളടങ്ങിയ ലക്ഷക്കണക്കിനു ടൺ മണ്ണും കട്ടയും ഒഴുകിയെത്തിയപ്പോൾ അവയുടെ അടിയിൽപ്പെട്ടാൻ ഗ്രാമങ്ങളും പട്ടണങ്ങളും വിധിക്കപ്പെടുകയായിരുന്നു. പേമാരിയുടെ സാധ്യതയെക്കുറിച്ച് ആവർത്തിച്ചുള്ള മുന്നറിയിപ്പെല്ലാം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ, ഇത്തവണ അവഗണിച്ചു. അപകട സാധ്യതയുള്ള പ്രദേശങ്ങളിൽനിന്ന് ജനങ്ങളെ ഒഴിപ്പിക്കുകയോ അത്തരം പ്രദേശങ്ങളിലേക്ക് പോകുന്നത് തടയുകയോ ചെയ്തതുമില്ല. ദുരന്തത്തിന്റെ കാരണങ്ങളെന്ന നിലയിൽ സർക്കാർ ഏജൻസികൾ നിരത്തുന്ന വാദങ്ങൾ വിശദമായ പരിശോധനയ്ക്ക് മുന്നിൽ തെറ്റാണെന്ന് തെളിയുന്നു. നേരേ മറിച്ച്, ഈ ദുരന്തം മനുഷ്യസൃഷ്ടമാണെന്നും വെറുമൊരു പ്രകൃതിദുരന്തമല്ലെന്നും തെളിയിക്കുന്ന കൂടുതൽ കൂടുതൽ വിവരങ്ങളും തെളിവുകളും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്.മുമ്പ് ബി.ജെ.പിയും തുടർന്ന് ഇപ്പോൾ കോൺഗ്രസ്സുമാണ് ഉത്തരാഖണ്ഡ് ഭരിക്കുന്നത്. ഇന്ത്യയിലെ ഈ രണ്ട് പ്രബല പാർട്ടികളുടെ ഭരണകാലത്ത് അവരുടെ നേതാക്കൻമാരുടെയും സർക്കാർ സംവിധാനത്തിന്റെയും പിൻബലത്തിൽ ഭൂസ്വാമിമാരുടെയും ടൂറിസം മുതലാളിമാരുടെയും പറുദീസയായി ഈ ഹിമാലയൻ സംസ്ഥാനം മാറി. ഈ കക്ഷികൾ വോട്ടുരാഷ്ട്രീയത്തിൽ മുൻതൂക്കം കിട്ടാനായി ഇത്തരക്കാരെ ഉദാരമായി പോറ്റി വളർത്തി. ടൂറിസം വികസിപ്പിക്കുന്നതിന്റെ പേരിൽ ടൂറിസം കേന്ദ്രങ്ങൾ യാതൊരു മാനദണ്ഡവുമില്ലാതെ അനുവദിച്ചു. ഇവിടെയെത്തുന്ന ടൂറിസ്റ്റുകളുടെ എണ്ണം കഴിഞ്ഞ ഒരു ദശാബ്ദംകൊണ്ട് നാല് ഇരട്ടിയായി വർദ്ധിച്ചു. അതാകട്ടെ ഉത്തരാഖണ്ഡിന്റെ ജനസംഖ്യയുടെ രണ്ടര ഇരട്ടിയോളമാണ്. ഇവരെ ഉൾക്കൊള്ളാനായി ബഹുനില ഹോട്ടലുകളും ധർമ്മശാലകളും അനുബന്ധനിർമ്മാണങ്ങളും യാതൊരു നിയന്ത്രണവുമില്ലാതെ പെരുകി. മതകേന്ദ്രങ്ങൾപോലും യഥേഷ്ടം ആകാശ ചുംബികളായ കെട്ടിടങ്ങൾ കെട്ടിപ്പൊക്കി.

അതിനുവേണ്ടി നിയമവിരുദ്ധമായി ഭൂമി പിടിച്ചെടുക്കുകയും കയ്യേറുകയും വനംവെട്ടിവെളുപ്പിക്കുകയും നദികളിൽനിന്ന് അനധികൃതമായി മണൽ വാരുകയും ചെയ്തുകൊണ്ടിരിക്കുന്നു. നദികളുടെ ഗതിപോലും സൗകര്യപ്രദമായി മാറ്റുകയും നദിക്കരകളിൽ കെട്ടിടങ്ങൾ കെട്ടുകയും വൻട്രാഫിക് അനുവദിക്കുന്ന റോഡുകൾ നിർമ്മിക്കുകയും ചെയ്തു. അതീവ അപകടകരമായ ഈ പ്രക്രിയ ഒന്നാകെ ഉരുൾപൊട്ടൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്തു. കടന്നുകയറ്റങ്ങളില്ലാതിരുന്ന ഈ പ്രദേശത്തിന്റെ ദുർബലമായിരുന്ന പാരിസ്ഥിതിക സന്തുലനത്തെ ഇങ്ങിനെ മാറ്റിമറിച്ചു. പാറപൊട്ടിക്കലുകൾ മണ്ണിനെ ദുർബലമാക്കി. ചെളിയൊഴുക്കിന് കാരണമാക്കിക്കൊണ്ട് വനനശീകരണം മേൽമണ്ണിനെ നഗ്നമാക്കി. മൺസൂൺ കാലത്തെ പെട്ടെന്നുള്ള ജലപ്രവാഹത്തെ തടഞ്ഞിരുന്ന സസ്യാവരണം വലിച്ചുമാറ്റി. മനുഷ്യവാസകേന്ദ്രങ്ങളിലൂടെ ഒഴുകാനിടയാക്കിക്കൊണ്ട് നദികളുടെയും അരുവികളുടെയും ദിശമാറ്റി. ഇതിനോടകം പ്രസിദ്ധമായ മഞ്ഞുമലകളും അരുവികളും നദികളും തടാകങ്ങളുംകൊണ്ടു നിറഞ്ഞ ഉത്തരഖണ്ഡിലേക്ക് വർദ്ധിച്ച സൗകര്യങ്ങൾക്ക് ആനുപാതികമായി ടൂറിസ്റ്റുകൾ ഒഴുകിയെത്തി. പക്ഷേ, ഇതിനൊത്തവണ്ണം പാരിസ്ഥിതിക സന്തുലനത്തെയും ആഘാതത്തെയുംപറ്റി ശാസ്ത്രീയമായ പഠനം നടത്തേണ്ട ചുമതല സർക്കാരിനുണ്ടായിരുന്നു. ടൂറിസത്തിന് ഉത്തേജനം നൽകുന്നതോടൊപ്പം അത് പ്രകൃതിക്കും തദ്ദേശജനങ്ങൾക്കും പാരിസ്ഥിതിക സന്തുലനത്തിനും ദോഷകരമായി ബാധിക്കാതെ നോക്കുകയും വേണമായിരുന്നു. സർക്കാർ ഇതൊന്നും പരിഗണിച്ചില്ലെന്നുമാത്രമല്ല, പ്രദേശവാസികളെ മരണത്തിലേക്ക് തള്ളിവിട്ടുകൊണ്ടുപോലും പണമുണ്ടാക്കാനായി ലാഭക്കൊതിയൻമാരെ കയറൂരി വിടുകയാണുണ്ടായത്.

നദികളിൽ കെട്ടിപ്പൊക്കിയ ഡാമുകളും അതോടൊപ്പമുള്ള ഉയർന്ന ശേഷിയുള്ള വൈദ്യുതി ഉൽപ്പാദന പ്രോജക്ടുകളും അപകടസാധ്യതകളെ വലിയതോതിൽ വർദ്ധിപ്പിച്ചു. നൂറ് മെഗാവാട്ടിലധികം ശേഷിയുള്ള 23 വൈദ്യുതി പദ്ധതികളുടെ ഉൾപ്പടെ 70 ഡാമുകൾ ഉത്തരാഖണ്ഡിൽ ഇതിനോടകം നിർമ്മിച്ചിട്ടുണ്ട്. പ്രധാന നദികളിൽ അടുത്തടുത്തുള്ള നൂറുകണക്കിന് ഡാമുകൾ പൂർത്തിയാക്കാനുള്ളതിന്റെയും പദ്ധതി തയ്യാറാക്കലിന്റെയും വിവിധ ഘട്ടങ്ങളിലാണ്. ഇത്തരം ഡാമുകൾക്ക് പാറ തുരന്ന് വൻതുരങ്കങ്ങൾ ഉണ്ടാക്കേണ്ടിവരുന്നുണ്ട്. ടണലുകളിൽ വൻ ടർബൈനുകൾ സ്ഥാപിക്കണം. വെള്ളമൊഴുക്കാനുള്ള കനാലുകൾ നിർമ്മിക്കാനായി വൻതോതിൽ മരം മുറിക്കേണ്ടിവരുന്നു. ജലസംഭരണികളും റോഡുകളും ടൗൺഷിപ്പുകളും മറ്റുസൗകര്യങ്ങളും ട്രാൻസ്മി

(ശേഷം 14-ാം പേജിൽ)

# ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി കേരളത്തിൽ നിന്നും മെഡിക്കൽ സംഘം

മെഡിക്കൽ സർവ്വീസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഉത്തരാഖണ്ഡിലെ രുദ്രപ്രയാഗിൽ ബേസ് ക്യാമ്പായി പ്രവർത്തനം ആരംഭിച്ചിരിക്കുന്ന മെഡിക്കൽ-ദുരിതാശ്വാസക്യാമ്പുകളിലേക്കുള്ള മരുന്നുകൾ എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ മെഡിക്കൽ സർവ്വീസ് സെന്റർ സംസ്ഥാന കോ-ഓർഡിനേറ്റർ ഡോ. കെ.ഹരിപ്രസാദ് ഏറ്റുവാങ്ങി. അഞ്ച് ലക്ഷംരൂപയിലധികം വിലവരുന്ന ആന്റി ബയോട്ടിക്കുകൾ, വേദനാസംഹാരികൾ, ആന്റി ഹിസ്റ്റാമിൻ, ആസ്മാ-ശ്വാസംമുട്ട് ഇവയ്ക്കുള്ള മരുന്നുകളാണ് അയച്ചത്. കേരള ഡ്രഗ് ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ, കൊച്ചിൻ റിഫൈനറീസ് വർക്കേഴ്സ് യൂണിയൻ, എഐഡിവൈഒ, എസ്‌യുസിഐ(സി), വിവിധ ഹോസ്പിറ്റലുകൾ, ഡോക്ടർമാർ എന്നിവരാണ് മരുന്ന് സംഭാവന ചെയ്തത്. ആദ്യഘട്ടം ജില്ലയിൽ നിന്ന് സമാഹരിച്ച 31 പാക്കറ്റ് മരുന്നാണ് കയറ്റി അയച്ചത്. ഇതു കൂടാതെ സംഭാവനയായി കിട്ടിയ 3 ലക്ഷം രൂപയും കൈമാറി. സൗത്ത് റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ കേരള സംസ്ഥാന ജനകീയപ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി ടി.കെ.സുധീർകുമാർ അദ്ധ്യക്ഷത വഹിച്ചു. കേരളാ ഡ്രഗ്ഗ് ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ടി.യു.ടോമി, കൊച്ചിൻ റിഫൈനറി വർക്കേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി പി.പി.സജീവ്കുമാർ, എഐഡിവൈഒ സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു, എസ്‌യുസിഐ(സി) ജില്ലാകമ്മിറ്റിയംഗം കെ.കെ.ശോഭ, സുധീർ കെ.ഒ തുടങ്ങിയവർ പ്രസംഗിച്ചു.

രണ്ടാംഘട്ട ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ നിന്ന് ഡോ. കെ. ഹരിപ്രസാദ്, ഡോ. എം. ഷഫീക്ക് എന്നിവരുടെ നേതൃത്വത്തിൽ ഒരു സംഘം കേരളത്തിൽ നിന്നും പുറപ്പെട്ടു.




ഉത്തരാഖണ്ഡിലെ രുദ്രപ്രയാഗ് ബേസ് ക്യാമ്പിലേക്ക് കൊച്ചിൻ റിഫൈനറി തൊഴിലാളികൾ ശേഖരിച്ച മരുന്ന് എറണാകുളം സൗത്ത് റെയിൽവേസ്റ്റേഷനുമുന്നിൽ നടന്ന ചടങ്ങിൽ പി.പി.സജീവ്കുമാർ മെഡിക്കൽ സർവ്വീസ് സെന്റർ സംസ്ഥാന കോ-ഓർഡിനേറ്റർ ഡോ. കെ.ഹരിപ്രസാദിന് കൈമാറുന്നു. സമീപം ടി.കെ.സുധീർകുമാർ, ടി.യു.ടോമി, എൻ.കെ.ബിജു, കെ.കെ.ശോഭ, കെ.ഒ. സുധീർ എന്നിവർ.

# വിദ്യാഭ്യാസം സമ്പൂർണ്ണവിനാശത്തിന്റെ പാതയിൽ

**ഏകദേശം രണ്ട് പതിറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തിൽ ആരംഭിച്ച വിദ്യാഭ്യാസരംഗത്തെ ഘടനാപരമായ പരിഷ്കാരങ്ങൾ എങ്ങനെയാണ് പൊതുവിദ്യാഭ്യാസത്തിന് ചരമഗീതം രചിക്കുവാൻ പോകുന്നതെന്ന് പ്രവചന തുല്യമായ രീതിയിൽ എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) പാർട്ടി നൽകിയ മുന്നറിയിപ്പുകൾ അക്ഷരം പ്രതി ശരിയെന്ന് വിളിച്ചോതുന്നതാണ് മാതൃഭൂമി ദിനപത്രത്തിൽ രാജൻ ചെറുക്കാട് എഴുതിയ ലേഖനപരമ്പര**

പരിഷ്ക്കാരങ്ങൾ ആരംഭിച്ച ശേഷം കേരളത്തിന്റെ പൊതുവിദ്യഭ്യാസ മേഖലക്ക് സംഭവിച്ച പതനം ഏതൊരാളിലും ആശങ്കയും നിരാശയും പടർത്തിക്കൊണ്ട് പുതിയ മാനങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്നു. സ്കൂൾവിദ്യാഭ്യാസ നിലവാരം പരിതാപകരമായി തുടരുകയാണ്. എസ്.എസ്.എൽ.സിയിലും പ്ലസ്ടുവിലും വിജയശതമാനം കുത്തനെ ഉയരുമ്പോഴും ഭാഷയും ഗണിതവും പര്യാപ്തമായ അളവിൽ അറിയാത്ത ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ സംസ്ഥാനത്ത് വിവിധ ഹയർസെക്കണ്ടറി സ്കൂളുകളിൽ പഠിക്കുന്നുണ്ട് എന്നത് ഞെട്ടിക്കുന്ന വസ്തുതയാണ്. ദേശീയതലത്തിൽ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പരിശോധന നടത്തുന്ന വിദ്യാഭ്യാസ ഏജൻസി *പ്രഥം* കേരളത്തിലെ വിദ്യാർത്ഥികളുടെ പഠനനിലവാരത്തെക്കുറിച്ച് കണ്ടെത്തിയ കാര്യങ്ങൾസർവ്വ ഗൗരവത്തോടെയും പരിഗണിക്കേണ്ടതുണ്ട്. സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങളിലെ 7 ശതമാനം വിദ്യാർത്ഥികൾക്ക് 52 ൽ നിന്ന് 15 കുറക്കാൻ അറിയില്ലെന്നതാണ് അവരുടെ സാമ്പിൾ സർവ്വേ റിപ്പോർട്ട്. ഏഴാം ക്ലാസിലെ ഒരു ശതമാനം കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിലെ ഒരക്ഷരവും അറിയില്ലെന്നും പഠനറിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. രണ്ടാം ക്ലാസിലെ 70 ശതമാനം കുട്ടികൾക്കും മലയാള പാഠപുസ്തകം തെറ്റ് കൂടാതെ വായിക്കാനറിയില്ല. 2012ലെ ആന്വൽ സ്റ്റാറ്റസ് ഓഫ് എഡ്യൂക്കേഷൻ (ASER) എന്ന റിപ്പോർട്ടിലാണ് ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടുന്നത്. യഥാർത്ഥ നിലവാരത്തകർച്ച ഇതിനെക്കാൾ എത്രയോ ഭയാനകമാണ്. 1999–ൽ പുതിയ പാഠ്യപദ്ധതി പരിഷ്ക്കരണം ആരംഭിച്ച നാൾ മുതൽ 2012 വരെയുള്ള പൊതുവിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്കിന്റെ കണക്കെടുത്താൽ ഏകദേശം 15 ലക്ഷം കുട്ടികളുടെ കുറവ് കണ്ടെത്താനാകും. എന്നാൽ 1994–ൽ ലോകബാങ്കിന്റെ ഡിപിഇപി കേരളത്തിൽ വിമാനം ഇറങ്ങിയ വർഷം മുതലുള്ള കൊഴിഞ്ഞുപോക്ക് എത്രയെന്നന്വേഷിച്ചാൽ അത് 20 ലക്ഷത്തിലേറെയാണെന്ന് കാണാം.ശരാശരി ഒരുവർഷം ഒരു ലക്ഷം കുട്ടികൾ വീതം പൊതുവിദ്യാലയങ്ങൾ ഉപേക്ഷിച്ചു പോകുന്നു എന്നത് വേദനാകരമായ കാര്യമാണ്. എന്നാൽ അതേസമയം സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂളുകളിൽ ഇക്കാലയളവിൽ 15 ലക്ഷം വിദ്യാർത്ഥികളുടെ വർദ്ധനവും രേഖപ്പെടുത്തുകയുണ്ടായി. അത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കുവാനോ ന്യൂനതകൾ കണ്ടെത്തി പരിഹരിക്കുവാനോ എൽ.ഡിഎഫ് സർക്കാരോ യു.ഡി.എഫ് സർക്കാരോ ഇനിയും തയ്യാറായിട്ടില്ല. പകരം പുതിയ പാഠ്യപദ്ധതിക്കെതിരെ പ്രതിഷേധിക്കുന്ന എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) ഉൾപ്പെടെയുള്ള പാർട്ടികളുടെയും സംഘടനകളുടെയും പ്രചാരണമാണ് പൊതുവിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്കിന് കാരണമെന്നാണ് സിപിഐ(എം) വൃത്തങ്ങൾ പ്രചരിപ്പിക്കുന്നത്. കെ.എസ്.ടി.എയും ശാസ്ത്രസാഹിത്യപരിഷത്തും ഉൾപ്പെടെയുള്ളവർ – പുതിയ പാഠ്യപദ്ധതിയുടെ എക്കാലത്തേയും വക്താക്കൾ – ഈ സമ്പ്രദായത്തെ അടിമുടി ന്യായീകരിച്ചുകൊണ്ട് ഇന്നും നിലകൊള്ളുന്നു. ഇക്കാര്യങ്ങളെല്ലാം വിശദീകരിച്ചുകൊണ്ട് *പൊതുവിദ്യാഭ്യാസം പിൻബഞ്ചിലേക്ക്* എന്ന ശീർഷകത്തിൽ മാതൃഭൂമി ദിനപത്രത്തിൽ രാജൻ ചെറുകാട് എഴുതിയ വിദ്യാഭ്യാസ പരമ്പര കണ്ണുതുറപ്പിക്കുന്നതാണ്. എന്നാൽ, വസ്തുതാപരമായി ചൂണ്ടിക്കാണിച്ച ആ കാര്യങ്ങൾക്കെതിരെ വാളോങ്ങാനും ഇക്കൂട്ടർ മടിച്ചില്ല. ഒ.എം.ശങ്കരനെപ്പോലെ ഒരു കാലത്ത് ഡിപിഇപിയുടെ വക്താവും പ്രയോക്താവുമായി പ്രവർത്തിച്ച മാന്യന്മാർസംഘടിതരായി വീണ്ടും രംഗത്തെത്തിയ കാഴ്ചയും മാതൃഭൂമിയുടെ താളുകളിൽ കണ്ടു. പഴയ ന്യായങ്ങൾ തന്നെയാണ് അവരിപ്പോഴും നിരത്തുന്നത്. പാഠ്യപദ്ധതിയുടെ മേന്മയെക്കുറിച്ച് പാടിപ്പുകഴ്ത്താൻ അവർ കാണിക്കുന്ന ചങ്കൂറ്റം അസാമാന്യം തന്നെ. ജനസംഖ്യയിലെ കുറവും രക്ഷിതാക്കൾക്ക് ഇംഗ്ലീഷ് ബോധന വിദ്യാഭ്യാസത്തോടുള്ള ഭ്രമവുമാണ് പൊതുവിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്കിന് കാരണമെന്നാണ് ശ്രീ.ഒ.എം. ശങ്കരൻ കണ്ടെത്തിയിരിക്കുന്നത്. പുതിയ പാഠ്യപദ്ധതിയും ഡിപിഇപിയും രണ്ടും രണ്ടാണെന്നാണ് ഇപ്പോഴും കെ.എസ്.ടി.എ നേതാക്കൾ നിർലജ്ജം തട്ടിമൂളിക്കുന്നത്.

ഡി.പി.ഇ.പി എന്ന ലോകബാങ്ക് പ്രോജക്ട് കേരളത്തിൽ ആരംഭിക്കുന്ന ആദ്യനാളുകളിൽത്തന്നെ അതിന്റെ രാഷ്ട്രീയ, വിദ്യാഭ്യാസരംഗങ്ങളിലെ പ്രത്യാഘാതങ്ങളെക്കുറിച്ച് വ്യക്തമായ മുന്നറിയിപ്പ് നൽകിയ ഒരേയൊരു രാഷ്ട്രീയ പ്രസ്ഥാനമാണ് എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്). ആ മുന്നറിയിപ്പുകൾ ഇന്ന് എത്രമേൽ ശരിയായിരിക്കുന്നുവെന്ന് പൊതുവിദ്യാലയങ്ങൾ നേരിടുന്ന പതനത്തിൽ നിന്ന് വ്യക്തമാണ്. സാധാരണക്കാരുടെ മക്കൾക്ക് വിജ്ഞാനത്തിന്റെ വെളിച്ചം നൽകാതിരിക്കാൻ, അവരെ ചിന്താശൂന്യരും അജ്ഞരുമാക്കി മാറ്റാൻ ആഗോളമായി ആസൂത്രണം ചെയ്യപ്പെട്ട ഒരു പാഠ്യപദ്ധതിയും അനുബന്ധകരാറുകളുമായാണ് ലോകബാങ്ക് 1994 ൽ അന്നത്തെ യു.ഡി.എഫ് സർക്കാരുമായി ഒരു എഗ്രിമെന്റിൽ ഏർപ്പെട്ടതെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. പാഠ്യപദ്ധതിയിലും സിലബസ്സിലും ബോധനാശയങ്ങളിലും മൂല്യനിർണ്ണയ വ്യവസ്ഥയിലും കാതലായ മാറ്റങ്ങൾ വരുത്തിയതാകട്ടെ 1996– ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാരും.

രണ്ടുകൂട്ടരും ചേർന്ന് കഴിഞ്ഞ ഒന്നര ദശാബ്ദക്കാലമായി വിദ്യാർത്ഥികളെ ഗിനിപ്പന്നികളാക്കി നടത്തിയ പരീക്ഷണ ശാലയാണ് കേരളത്തിന്റെ വിദ്യാഭ്യാസരംഗം. തത്ഫലമായി, അടിസ്ഥാന വിദ്യാഭ്യാസ മേഖലയിലുണ്ടായ നിലവാരത്തകർച്ച വിവരണാതീതമാണ്. ഇന്നത് ബിരുദവിദ്യാഭ്യാസ രംഗത്തും എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തും എത്തിനിൽക്കുന്നു. എഞ്ചിനീയറിംഗ് കോളേജുകളിലെ കൂട്ടത്തോൽവിക്ക് കാരണം മറ്റൊന്നുമല്ല. ഡി.പി.ഇ.പി/എസ്.എസ്.എ പദ്ധതി നടത്തിപ്പുകാർ ഭാഷാപഠനത്തിലും ഗണിതബോധനത്തിലും വരുത്തിയ വലിയ അട്ടിമറികൾ മൂലം അടിസ്ഥാനം തകർന്നുപോയ ഒരു തലമുറ വിവിധ സാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അന്തം വിട്ട് നിൽക്കുകയാണ്. ഗണിതത്തിന്റെ അടിസ്ഥാനങ്ങൾ നേടാനാകാതെ പോയവർക്ക് എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ മുന്നേറാനാവില്ലല്ലോ. ബി.എഡ്, ബി.ബി.എ, ബി.എസ്.സി നഴ്സിംഗ്, മെഡിക്കൽ, ഡിഫാം, നിയമവിദ്യാഭ്യാസം തുടങ്ങി മിക്കവാറും എല്ലാ ഉന്നത വിദ്യാഭ്യാസ രംഗങ്ങളിലും അക്കാദമിക നിലവാരം കുത്തനെ ഇടിഞ്ഞ് താഴ്ന്നത് വമ്പൻ പ്രതിസന്ധിക്ക് ജന്മം നൽകിയിരിക്കുന്നു.

അതോടൊപ്പം തന്നെ, പൊതുവിദ്യാലയങ്ങളിലും സ്വാശ്രയസ്ഥാപനങ്ങളിലും വിദ്യാർത്ഥികൾക്കുണ്ടായിരിക്കുന്ന സാംസ്കാരികാധപതനം രക്ഷിതാക്കളെ ദുഖത്തിലാഴ്ത്തിയിരിക്കുന്നു. മൂല്യബോധം നഷ്ടപ്പെട്ടവരെയാണ് പുതിയ പാഠ്യപദ്ധതി ഉൽപ്പാദിപ്പിക്കുന്നത്. ചിട്ടയും അനുസരണയും നഷ്ടപ്പെട്ടത് ഗുരുശിഷ്യ ബന്ധത്തെക്കുറിച്ചുള്ള സങ്കല്പനത്തിൽ പുതിയ പാഠ്യപദ്ധതി വരുത്തിയ കുറ്റകരമായ മാറ്റങ്ങളിലൂടെയാണ്. അദ്ധ്യാപകനെ കുട്ടിയുടെ ഒത്താശക്കാരൻ മാത്രമാക്കി മാറ്റിയതിലൂടെ ഗുരുനാഥൻ എന്ന സ്ഥാനമാണ് നഷ്ടപ്പെട്ടത്. അദ്ധ്യാപനം തന്നെ അപ്രധാനമാണെന്ന ലോകബാങ്കിന്റെ പുതിയ തലതിരിഞ്ഞ സിദ്ധാന്തം അവതരിപ്പിച്ച് അധ്യാപകരെ നിഷ്കാസനം ചെയ്തു കളഞ്ഞു. കുട്ടിയുടെ തെറ്റ് തിരുത്താനുള്ള അധ്യാപകന്റെ ബോധനാവകാശം പോലും പുതിയ പാഠ്യപദ്ധതി വക്താക്കൾ നിഷേധിക്കുകയുണ്ടായി. പല സ്കൂളുകളിലും ഒ.എസ്.എസ് (On site Support) ഗ്രൂപ്പുകളെ നിയമിച്ചാണ് ക്ലാസുകളിൽ അധ്യാപകർ പഠിപ്പിക്കുന്നത് തടഞ്ഞത്. എന്നിട്ട് നിലവാരത്തകർച്ചക്ക് കാരണക്കാർ അധ്യാപകരാണ് എന്ന് പറഞ്ഞുപരത്തി. അദ്ധ്യാപകരുടെ കഴിവില്ലായ്മ എന്ന പ്രശ്നം അവിടെ നിൽക്കട്ടെ. കഴിവുള്ള കെ.എസ്.ടി.എ അദ്ധ്യാപകർ ആണല്ലോ കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ഭൂരിപക്ഷം. എന്നിട്ടെന്തേ പുതിയ പാഠ്യപദ്ധതിയുടെ ബോധന സമ്പ്രദായങ്ങൾ ഫലപ്രദമായി ക്ലാസ്മുറികളിൽ നടപ്പാക്കാത്തത്? അപ്പോൾ അദ്ധ്യാപകരെ പഴിചാരി അദ്ധ്യാപനത്തെ അവസാനിപ്പിക്കുക എന്ന കുതന്ത്രമാണ് അവർ പയറ്റുന്നതെന്ന് വ്യക്തം.

എന്നിട്ട് ഒ.എം.ശങ്കരനെപ്പോലെയുള്ളവർ അദ്ധ്യാപകരെ മാത്രമല്ല രക്ഷിതാക്കളെയും കുറ്റപ്പെടുത്തുന്നു. ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തോടുള്ള രക്ഷിതാക്കളുടെ പ്രേമമാണ് കുട്ടികളെ സി.ബി.എസ്.ഇ വിദ്യാലയങ്ങളിൽ എത്തിക്കുന്നതെന്ന് വാദിക്കുന്നു. പഴയ പാഠ്യപദ്ധതിയിലൂടെ വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിൽ നൽകിയിരുന്ന കാലഘട്ടത്തിൽ കൂട്ട കൊഴിഞ്ഞുപോക്ക് സംഭവിച്ചിട്ടില്ലല്ലോ? അക്ഷരം പഠിപ്പിക്കില്ലായെന്ന് പുതിയ പാഠ്യപദ്ധതിയുടെ ദുശാഠ്യമാണ് കൊഴിഞ്ഞുപോക്കിന് കാരണമെന്ന് തിരിച്ചറിയാനുള്ള ബുദ്ധിയൊക്കെ ശ്രീ.ശങ്കരനെ പോലുള്ളവർക്ക് ഇല്ലാത്തതുകൊണ്ടല്ലല്ലോ!

ജനസംഖ്യയിലെ കുറവ് എന്ന വാദഗതിയിലും വലിയ കഴമ്പില്ല. ജനസംഖ്യയുടെ വളർച്ചാനിരക്കിൽ നേരിയ കുറവ് സംഭവിച്ചിട്ടുണ്ട് എന്നത് നേരാണ്. പക്ഷേ, അതിന് ആനുപാതികമാണോ വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്കിന്റെ ശതമാനം? ഒരിക്കലുമല്ല. എന്നുമാത്രമല്ല, അൺ എയ്ഡഡ് മേഖലയിൽ 15 ലക്ഷത്തോളം വിദ്യാർത്ഥികൾ ഈ കാലയളവിൽ ചേർന്നതെങ്ങനെയെന്നതിന് എന്താണ് വിശദീകരണം? കേരളത്തിലെ അൺ എക്കണോമിക് സ്കൂളുകളുടെ എണ്ണം ഈ വർഷം 4,614 ആയി എന്ന കാര്യവും ശ്രദ്ധിക്കുക. അപ്പോൾ, അൺ എയ്ഡഡ് സ്വകാര്യ, സ്വാശ്രയ വിദ്യാലയങ്ങളെ വളർത്തുകയും സർക്കാർ എയ്ഡഡ് സ്വകാര്യ വിദ്യാലയങ്ങളെ തളർത്തുകയും ക്രമേണ ഇല്ലാതാക്കുകയും ചെയ്യുക എന്ന അജണ്ട നടപ്പാക്കുന്നതിൽ ഇരുസർക്കാരുകളും ഒരു വിട്ടുവീഴ്ചയും ചെയ്യുന്നില്ല. എന്തുകൊണ്ടെന്നാൽ ഡിപിഇപി പ്രോജക്ട് ആരംഭിക്കുമ്പോൾ തന്നെ 40 വർഷക്കാലത്തെ ലോകബാങ്ക് മോണിറ്ററിംഗ് ഉണ്ടാകും എന്നത് കരാറിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥയായിരുന്നു. കേരളത്തിലെ അവസാനത്തെ പൊതുവിദ്യാലയവും തകരുന്നതുവരെ മോണിറ്ററിംഗ് തുടരുമെന്ന് അർത്ഥം.

### എല്ലാ അവകാശങ്ങളും കവർന്നെടുക്കുന്ന വിദ്യാഭ്യാസ അവകാശനിയമം

കേന്ദ്ര സർക്കാർ പാസാക്കിയ വിദ്യാഭ്യാസ അവകാശനിയമം ഈ കരാർ വ്യവസ്ഥകളുടെ അടുത്ത പടിയെന്ന നിലയിലാണ് വന്നിട്ടുള്ളത്. പുതിയ പാഠ്യപദ്ധതി രാജ്യവ്യാപകമാക്കാനാണ് സർവ്വശിക്ഷാ അഭിയാനും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനും ലോകബാങ്ക് തന്നെ മുൻകൈ എടുത്ത് ആവിഷ്കരിച്ചത്. ആ പരിഷ്കാരങ്ങൾ തുടരാൻ നിയമപരമായ പരിരക്ഷ ഉറപ്പാക്കുന്നുവെന്ന് ഫണ്ടിംഗ് ഏജൻസികളെ ബോധിപ്പിക്കാൻ കൂടിയാണ് പാർലമെന്റിൽ വിദ്യാഭ്യാസ അവകാശനിയമം 2009 എന്ന പേരിൽ ഒരു നിയമം പാസ്സാക്കുന്നത്. നമ്മുടെ രാജ്യത്തെ 86–ാം ഭരണഘടന ഭേദഗതി പ്രകാരം വിദ്യാഭ്യാസം മൗലിക അവകാശമാണ്. പൗരന്റെ മൗലികാവകാശം സംരക്ഷിക്കാൻ ഭരണഘടനയുടെ അന്തഃസത്തക്ക് നിരക്കുന്ന ഒരു നിയമമാണ് നടപ്പാക്കേണ്ടിയിരുന്നത്. പക്ഷേ, 184 രാജ്യങ്ങളിൽ ഇതിനകം പാസ്സാക്കിയ പുതിയ വിദ്യാഭ്യാസ മൗലികാവകാശ നിയമത്തിന്റെ ചുവടുപിടിച്ചാണ് ഇന്ത്യയിലും നിയമ നിർമ്മാണം നടന്നത്. അതുകൊണ്ടാണ് ഡിപിഇപി / എസ്.എസ്.എ പ്രോജക്ടുകൾ വിഭാവനം ചെയ്ത രീതിയിലുള്ള പൊളിച്ചെഴുത്ത് നിർദ്ദേശങ്ങൾ നിയമമായി വന്നത്. അതിലേറ്റവും പ്രധാനം ആൾ പ്രൊമോഷൻ തന്നെ. മൂല്യനിർണ്ണയത്തെ പ്രഹസനമാക്കി മാറ്റിയ ഡിപിഇപി /എസ്.എസ്.എ പദ്ധതികൾ ലക്ഷ്യം വെച്ച കാര്യങ്ങളിൽ ഒന്ന് ജയം – തോൽവി സമ്പ്രദായം അവസാനിപ്പിക്കുക എന്നുള്ളതായിരുന്നു. പകരം ഏവരെയും ക്ലാസുകളിൽ നിന്ന് ക്ലാസുകളിലേക്ക് കടത്തിവിടുക. അതുകൊണ്ടാണ് എട്ടാം ക്ലാസുവരെ ജയം തോൽവി സമ്പ്രദായം നിരോധിക്കുന്ന വ്യവസ്ഥകൾ വിദ്യാഭ്യാസ അവകാശ നിയമത്തിൽ ഉൾപ്പെട്ടത്. പുതിയ പാഠ്യപദ്ധതിയിലെ പ്രവർത്തനാധിഷ്ഠിത ശിശുകേന്ദ്രിത ബോധനരീതികൾ വേണം ക്ലാസുമുറിയിൽ നടപ്പാക്കേണ്ടതെന്ന് നിയമം അനുശാസിക്കാനുള്ള കാരണവും മറ്റൊന്നല്ല. ചുരുക്കിപ്പറഞ്ഞാൽ വികേന്ദ്രീകൃത പാഠ്യപദ്ധതി സമീപനവും ത്രിതല പഞ്ചായത്തുതല ആസൂത്രണവും രക്ഷിതാക്കൾ സാമ്പത്തിക ചുമതല ഏൽക്കുന്ന സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (SMC) സമ്പ്രദായവും ഉൾപ്പെടെയുള്ള എസ്.എസ്.എ പ്രോജക്ട് നിബന്ധനകളാണ് വിദ്യാഭ്യാസ അവകാശ നിയമത്തിൽ തൊണ്ട തൊടാതെ വിഴുങ്ങിയിരിക്കുന്നത്.

അൺ എയ്ഡഡ് വിദ്യാലയങ്ങളെ ഈ നിയമം അംഗീകരിക്കുന്നുവെന്ന് മാത്രമല്ല സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 25% സീറ്റുകൾ അത്തരം സ്കൂളുകളിൽ സംവരണം ചെയ്യണമെന്നും അവരുടെ ഫീസ് പൊതുഖജനാവിൽ നിന്ന് നൽകണമെന്നും നിയമം നിർദ്ദേശിക്കുകയും ചെയ്യുന്നു. അങ്ങനെ രണ്ടുതരം വിദ്യാലയങ്ങളെയും വിദ്യാർത്ഥികളെയും സൃഷ്ടിച്ചുകൊണ്ട് വിദ്യാഭ്യാസ സ്വകാര്യവൽക്കരണത്തിന്റെ വാതിൽ തുറന്ന് കൊടുക്കുന്ന നിയമമാണിത്. ഇതിലൂടെ വിദ്യാഭ്യാസ അവകാശം നേടാനാവില്ലായെന്ന് മാത്രമല്ല പൊതുവിദ്യാഭ്യാസ വ്യവസ്ഥയുടെ അടിത്തറ തകരുകയും നിരക്ഷരതയും അന്ധതയും സമൂഹത്തിൽ സർവ്വവ്യാപിയായി മാറുകയും ചെയ്യും. സ്വതന്ത്രഭാരതം നേരിടുന്ന വലിയ വെല്ലുവിളികളിൽ ഒന്നായി ഈ വിദ്യാഭ്യാസ അവകാശനിയമം മാറിയിരിക്കുന്നു.

### മൂലധനശക്തികൾക്കുവേണ്ടി ഓട്ടോണമസ് കോളേജുകൾ

സ്കൂൾ വിദ്യാഭ്യാസമേഖലയിലെ പരിഷ്കാര പരിവർത്തനങ്ങളുടെ തുടർച്ചയെന്നോണം ഉന്നതവിദ്യാഭ്യാസരംഗത്തും പുത്തൻ പാഠ്യപദ്ധതി സമീപനങ്ങൾ വരാൻ തുടങ്ങി. ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സ്കീം സർവ്വകലാശാല ബിരുദതലങ്ങളിൽ അങ്ങനെ വന്നതാണ്. ബി.എ,ബി.എസ്.സി, ബി.കോം തുടങ്ങിയ ശാസ്ത്ര–മാനവിക വിഷയസമുച്ചയങ്ങളുടെ സ്ഥാനത്ത് ഉള്ളടക്കം തീരെയില്ലാത്ത നിരവധി പ്രോഗ്രാമുകൾ അടങ്ങിയ സി.ബി.സി.എസ്.എസ് വന്നു. കൃത്യമായ വിശകലനത്തിൽ, പുതിയ പാഠ്യപദ്ധതിയുടെ സർവ്വകലാശാല പതിപ്പാണി

(ശേഷം 10 –ാം പേജിൽ)

# സംസ്ഥാനമെമ്പാടും തൊഴിലാളികൾ സഖാവ് കെ.പി.കോസല രാമദാസിനെ അനുസ്മരിച്ചു




**ആലപ്പുഴ: സഖാവ് എസ്.സീതിലാൽ അനുസ്മരണപ്രഭാഷണം നടത്തുന്നു. വേദിയിൽ: അഡ്വ: കെ. പ്രസാദ്, പ്രൊഫ: ചന്ദ്രശേഖരൻ നായർ,˝ എസ്.മനോജ്, ഷിറാസ്, ഡോ. വി. വേണുഗോപാൽ, ഔസേപ്പച്ചൻ തോമസ്, റ്റി.ബി. വിശ്വനാഥൻ, സി.വി. പീതാംബരൻ, പി.ആർ.സതീശൻ.**

### കോട്ടയം

കോട്ടയം ആനന്ദമന്ദിരം ആഡിറ്റോറിയത്തിൽ ആൾ ഇന്ത്യാ യു.റ്റി.യു.സി കോട്ടയം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച് അനുസ്മരണ സമ്മേളനം എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. ആൾ ഇന്ത്യാ യു.റ്റി.യു.സി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും കെ.എസ്.ഇ.ബി - പി.സി.സി ലൈൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന ജോയിന്റ് സെക്രട്ടറിയുമായ സഖാവ് എസ്. സീതിലാൽ അനുസ്മരണ പ്രഭാഷണം നടത്തി. പതിറ്റാണ്ടുകൾ നീണ്ട സമർപ്പിതമായ തൊഴിലാളി പ്രവർത്തനങ്ങളിലൂടെ, തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി അവസാനശ്വാസം വരെ പൊരുതിയ നേതാവാരുന്നു കെ. പി കോസലരാമദാസ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പണിയെടുത്തു ജീവിക്കുന്ന ജനവിഭാഗങ്ങളെ സങ്കുചിത കക്ഷി രാഷ്ട്രീയ പരിഗണനകൾക്ക് അതീതമായി ഒരുമിപ്പിക്കുകയും അവരുടെ ശക്തമായ അവകാശ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുകയും വിജയിപ്പിക്കുകയും ചെയ്ത സത്യസന്ധമായ തൊഴിലാളി പ്രവർത്തനത്തിന്റെ ഉത്തമ മാതൃകയായിരുന്നു അദ്ദേഹം. സഖാവ് കെ.പി കോസലരാമദാസിന്റെ വിയോഗം സംസ്ഥാനത്തെ തൊഴിലാളി മുന്നേറ്റത്തിന് കനത്ത ആഘാതമാണ്. യാതൊരു തൊഴിൽ പരിരക്ഷയുമില്ലാതെ തൊഴിലെടുത്തിരുന്ന ആയിരക്കണക്കിന് കരാർ തൊഴിലാളികൾക്ക് വൈദ്യുതി ബോർഡിൽ സ്ഥിരം നിയമനം വാങ്ങിയെടുക്കുവാൻ സാധിച്ചത് എഴുപതുകളിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന ധീരമായ തൊഴിൽ സമരങ്ങളിലൂടെയാണ്. അതിനു മുൻപോ പിൻപോ ഇത്ര വിപുലമായ സ്ഥിരം നിയമനം മറ്റൊരു മേഖലയിലുമുണ്ടായിട്ടില്ലായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കോസലരാമദാസിന്റെ മുൻകാല സഹപ്രവർത്തകരും സുഹൃത്തുക്കളുമടക്കം നൂറുകണക്കിനു തൊഴിലാളികൾ പങ്കെടുത്ത അനുസ്മരണ സമ്മേളനത്തിൽ ആൾ ഇന്ത്യാ യു.റ്റി.യു.സി ജില്ലാ പ്രസിഡന്റ് കെ.പി വിജയൻ അദ്ധ്യക്ഷത വഹിച്ചു. സഖാവ് കെ.പി. കോസല രാമദാസിന്റെ സന്തതസഹചാരിയും കേരളാ ട്രേഡ് യൂണിയൻ സെന്റർ സംസ്ഥാന വൈസ് പ്രസിഡന്റുമായ പെരുങ്കുഴി എം തങ്കപ്പൻ, കെ.എസ്.ഇ.ബി - പി.സി.സി ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി ഡി. തങ്കൻ, എച്ച്.എൻ.എൽ - സി&സി വർക്കേഴ്സ് സെന്റർ വൈസ് പ്രസിഡന്റ് പി.എം ജോയി, കെ.എസ്.ആർ.ടി.സി വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി ഡി.സുന്ദരേശൻ, ജില്ലാ ട്രഷറർ ആർ. എബി, കെ.എസ്.ഇ.ബി വർക്കേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി എം.സി കുട്ടപ്പൻ, ലൂക്കോസ് നീലംപേരൂർ എന്നിവർ പ്രസംഗിച്ചു. ആൾ ഇന്ത്യാ യു.റ്റി.യു.സി ജില്ലാ സെക്രട്ടറി വി.പി കൊച്ചുമോൻ സ്വാഗതവും, കെ. എൻ രാജൻ കൃതജ്ഞതയും പറഞ്ഞു.

### തൃശ്ശൂർ

ആൾ ഇന്ത്യ യു.ടി.യു.സി ജില്ലാ കമ്മിറ്റിയുടേയും പി.സി.സി.ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാ കമ്മിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ തൃശ്ശൂർ ടൗൺ സി. എം. എസ് സ്കൂളിൽ നടന്ന അനുസ്മരണ യോഗത്തിൽ ആൾ ഇന്ത്യ യു.ടി.യു.സി ജില്ലാ പ്രസിഡന്റ് ഡോ.പി.എസ്. ബാബു അദ്ധ്യക്ഷത വഹിച്ചു. ആൾ ഇന്ത്യ യു.ടി.യു.സി സംസ്ഥാന വൈസ് പ്രസിഡന്റും, പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ സെട്രൽ കമ്മിറ്റി മെമ്പറുമായ സ. ഡി. സുന്ദരേശൻ ഉൽഘടനം ചെയ്തു.

അസംഘടിതരും അശണരുമായ തെഴിലാളികൾക്ക് അവകാശബോധവും സംഘടനബോധവും ഉണ്ടാക്കിക്കൊടുക്കുന്നതിൽ ശ്രേഷ്ഠമായ പങ്ക് വഹിച്ച തൊഴിലാളി നേതാവായിരുന്നു സ. കെ.പി കോസലരാമദാസെന്നും അദ്ദേഹത്തിന്റെ വേർപാട് കേരളത്തിലെ ട്രേഡ് യൂണിയൻ പ്രക്ഷോഭണങ്ങൾ ഒരു തീരാനഷ്ടമാണ് വരുത്തി വച്ചിരിക്കുന്നതെന്നും സ. ഡി. സുന്ദരേശൻ അഭിപ്രായപ്പെട്ടു. തൊഴിലാളികളേയും തൊഴിലവകാശങ്ങളേയും മുതലാളിമാർക്ക് മുമ്പിൽ അടിയറവയ്ക്കുകയും പ്രമുഖ ട്രേഡ് യൂണിയൻ നേതാക്കൾ എന്ന് മേനി നടിക്കുകയും ചെയ്യുന്നവർക്ക് എന്നും ഒരു പേടിസ്വപ്നമായിരുന്നു അദ്ദേഹമെന്നും ചൂണ്ടിക്കാട്ടി.

അനുസ്മരണയോഗത്തിൽ ആൾ ഇന്ത്യ യു.ടി.യു.സി ജില്ല വൈസ് പ്രസിഡന്റ് പി.എ ജോഷ്വാ, സെക്രട്ടറി സ. സി.കെ ശിവദാസൻ, പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി ശശീന്ദ്രൻ കെ.എ, ആൾ ഇന്ത്യ യു.ടി.യു.സി ജില്ലാ ജോ. സെക്രട്ടറി ഒ.കെ. വൽസലൻ എന്നിവരും പ്രസംഗിച്ചു.

### വയനാട്

കെ.എസ്.ഇ.ബി-പി.സി.സി ലൈൻ വർക്കേഴ്സ് യൂണിയന്റെ ആഭിമുഖ്യത്തിൽ സുൽത്താൻ ബത്തേരി ശ്രീകൃഷ്ണ ഹാളിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ ജില്ലാ പ്രസിഡണ്ട് കെ.പി.വർഗ്ഗീസ് അദ്ധ്യക്ഷത വഹിച്ചു. യൂണിയൻ കേന്ദ്ര കമ്മിറ്റി അംഗം സഖാവ് വി.കെ.സദാനന്ദൻ അനുസ്മരണ പ്രഭാഷണം നട്ത്തി. തൊഴിലാളി വിരുദ്ധ നിലപാടുകളോട് യാതൊരു വിട്ടുവീഴ്ചക്കും തയ്യാറാകാത്തതിന്റെപേരിൽ വ്യവസ്ഥാപിത പ്രസ്ഥാനങ്ങളിൽ നിന്നുണ്ടായ നാനാതരം വെല്ലുവിളികളേയും ജീവിതാന്ത്യംവരെ സധൈര്യം നേരിട്ട നിത്യപോരാളിയായിരുന്നു സഖാവ് കെ.പി.കോസല രാമദാസ് എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. പി.എൻ.ശശീന്ദ്രൻ, റ്റി.എസ്.ബൈജ്ജു, എസ്.കൃഷ്ണൻകുട്ടി, പി.കെ.വിക്രമൻ, പി.ജി.സന്തോഷ് എന്നിവർ പ്രസംഗിച്ചു. യുണിയൻ ജില്ലാ സെക്രട്ടറി യു. എൻ.ബിനു സ്വാഗതവും എസ്.അനിഷ് നന്ദിയും പറഞ്ഞു.

### ഇടുക്കി

ആൾ ഇന്ത്യ യു.റ്റി.യു.സി ഇടുക്കി ജില്ലാ കമ്മിറ്റി തൊടുപുഴയിൽ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനത്തിൽ ജില്ലാ പ്രസിഡണ്ട് സഖാവ് എം.എൻ.അനിൽ അദ്ധ്യക്ഷത വഹിച്ചു. ആൾ ഇന്ത്യ യു.റ്റി.യു.സി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും കെ.എസ്.ഇ.ബി- പി.സി.സി ലൈൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന ജോ.സെക്രട്ടറിയുമായ സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു.

കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ ജില്ലാ പ്രസിഡണ്ട് എൻ.എസ്.ബിജുമോൻ, എസ്.യു.സി.ഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എൻ.വിനോദ്കുമാർ,സി.ജെ.മത്തായി (കെ.എസ്.ഇ.ബി പെൻഷനേഴ്സ് യൂണിയൻ), പി.എൻ.മോഹനൻ (കെ.എസ്. ഇ.ബി-പി.സി.സി ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാ പ്രസിഡണ്ട്), കെ.പി.സജി (ജില്ലാ സെക്രട്ടറി), ബേബി ജോർജ്ജ് (വൈസ് പ്രസിഡണ്ട്), ഭഗീരഥിഅമ്മ (കെ.എസ്. ഇ.വർക്കേഴ്സ് യൂണിയൻ മുൻ അംഗം) തുടങ്ങിയവർ പ്രസംഗിച്ചു.

### കോഴിക്കോട്

കെ.എസ്.ഇ.ബി - പി.സി.സി. ലൈൻ വർക്കേഴ്സ് യൂണിയന്റേയും ആൾ ഇന്ത്യ യു.റ്റി.യു.സി.യുടേയും സംയുക്താഭിമുഖ്യത്തിൽ കോഴിക്കോട് നളന്ദയിൽവച്ച് നടന്ന അനുസ്മരണ സമ്മേളനത്തിൽ കെ.എസ്.ഇ.ബി - പി.സി.സി. ലൈൻ വർക്കേഴ്സ് യൂണിയൻ കേന്ദ്ര കമ്മിറ്റി അംഗം പി.ബാലകൃഷ്ണൻ നായർ അദ്ധ്യക്ഷത വഹിച്ചു.

എ.ഐ.യു.റ്റി.യു.സി. സംസ്ഥാന സെക്രട്ടറിയും കെ.എസ്.ഇ.ബി- പി.സി.സി.ലൈൻ വർക്കേഴ്സ് യൂണിയൻ കേന്ദ്രകമ്മിറ്റി അംഗവുമായ സഖാവ് വി.കെ.സദാനന്ദൻ അനുസ്മരണ പ്രഭാഷണം നടത്തി. തൊഴിലാളിവഞ്ചകരുടെ നിരന്തരാക്രമണങ്ങളെ തെല്ലും വകവെക്കാതെ അടിയുറച്ച തൊഴിലാളി താല്പര്യം ജീവിതാന്ത്യംവരെ കാത്തുപുലർത്തി പോരാടിയ സഖാവ് കെ.പി. കോസല രാമദാസിന്റെ വിയോഗം കേരളത്തിലെ ബഹുജന മുന്നേറ്റങ്ങൾക്ക്, പ്രത്യേകിച്ച് തൊഴിലാളി വർഗ്ഗ പ്രക്ഷോഭണങ്ങൾക്ക്, നികത്താനാവാത്ത നഷ്ടമാണെന്ന് അദ്ദേഹം പറഞ്ഞു.

ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി എ.ശേഖർ, ആൾ ഇന്ത്യ യു.ററി.യു.സി. ജില്ലാ കൺവീനർ പി.എം ശ്രീകുമാർ, സംസ്ഥാന കമ്മറ്റിയംഗം കെ.പി.സുബൈദ, കെ.എസ്.ഇ.ബി- പി.സി.സി.ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാ കമ്മിറ്റി അംഗങ്ങളായ എ.സുരേഷ്, കെ.മാധവൻ, എ.ഐ.ഡി.വൈ.ഒ ജില്ലാ പ്രസിഡണ്ട് അഡ്വ. റ്റി. ജെ.ഡിക്സൺ എന്നിവർ പ്രസംഗിച്ചു. കെ.എസ്.ഇ.ബി- പി.സി.സി.ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി റ്റി. പീറ്റർകുട്ടി സ്വാഗതവും കെ.എം.മാത്യു നന്ദിയും പറഞ്ഞു.

### ഏറണാകുളം

ഏറണാകുളം ജില്ലയിലെ അനുസ്മരണ സമ്മേളനം ജൂൺ 11 ന് ഏറണാകുളം അച്യുത മേനോൻ ഹാളിൽവച്ച് നടന്നു. ആൾ ഇന്ത്യ യു.റ്റി.യു.സി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് എൻ. ആർ. മോഹൻകുമാർ അദ്ധ്യക്ഷത വഹിച്ചു. കെ. എസ്.ഇബി-പി.സി.സി ലൈൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന ജോ.സെക്രട്ടറിയും ആൾ ഇന്ത്യ യു.റ്റി.യു.സി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ സഖാവ് എസ്.സീതിലാൽ അനുസ്മരണ പ്രഭാഷണം നടത്തി. പ്രമുഖ മാധ്യമ പ്രവർത്തകൻ ഡോ. സബ്യാസ്ററ്യൻ പോൾ, പ്രൊഫ.കെ.അരവിന്ദാക്ഷൻ, സാബു ജോർജ്ജ് (മുൻ ഡെപ്യൂട്ടി മേയർ, കൊച്ചി), ജേക്കബ് ലാസർ (എ.ഐ.ടി.യു.സി), ഷൈജ്ജു കേളൻതറ (ഐ.എൻ.ടി.യു.സി) എന്നിവർ പ്രസംഗിച്ചു. കെ.എസ്.ഇബി-പി.സി.സി ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാ പ്രസിഡണ്ടും ആൾ ഇന്ത്യ യു.റ്റി.യു.സി സംസ്ഥാന വൈസ് പ്രസിഡണ്ടുമായ സഖാവ് പി.എം. ദിനേശൻ സ്വാഗതവും കേരളാ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ ജില്ലാ ഇൻചാർജ് സഖാവ് കെ.ഒ. ഷാൻ നന്ദിയും പറഞ്ഞു.

### ആലപ്പുഴ

ആൾ ഇന്ത്യ യു.റ്റി.യു.സി.യുടെയും സ: കോസല രാമദാസ് നേതൃത്വം നൽകിയിരുന്ന യൂണിയനുകളുടെയും സംയുക്താഭിമുഖ്യത്തിൽ സ: കോസലരാമദാസ് അനുസ്മരണ സമ്മേളനം നടത്തി. ആൾ ഇൻഡ്യ യു.റ്റി.യു.സി. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം സ: എസ്. സീതിലാൽ അനുസ്മരണ പ്രഭാഷണം നടത്തി. അവസാന നിമിഷം വരെ തൊഴിലാളികൾക്ക് വേണ്ടി സത്യസന്ധതയോടെ, ആത്മാർത്ഥതയോടെ പ്രവർത്തിച്ച നേതാവായിരുന്നു സ: കോസലരാമദാസ് എന്ന് അദ്ദേഹം അനുസ്മരിച്ചു. സി.ഐ.റ്റി.യു. ജില്ലാ സെക്രട്ടറി അഡ്വ: കെ. പ്രസാദ് യു.റ്റി.യു.സി. ജില്ലാ സെക്രട്ടറി പ്രൊഫ: ചന്ദ്രശേഖരൻ നായർ കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസ്സോസിയേഷൻ നേതാവ് എസ്.മനോജ് കെ.എസ്.സി. വർക്കേർസ് ഫെഡറേഷൻ നേതാവ് ഷിറാസ് എസ്.യു.സി.ഐ. (സി) ജില്ലാ സെക്രട്ടറി സ: വി. വേണുഗോപാൽ കെ.എസ്.ഇ.ബി. പി. സി. സി. ലൈൻ വർക്കേർസ് യൂണിയൻ നേതാവ് ഔസേപ്പച്ചൻ തോമസ് ജനകീയ പ്രതിരോധ സമിതി ജില്ലാ വൈസ് പ്രസിഡന്റ് റ്റി.ബി. വിശ്വനാഥൻ മദ്യവിരുദ്ധ ജനകീയ സമര സമിതി ജില്ലാ സെക്രട്ടറി സി.വി. പീതാംബരൻ എന്നിവർ പ്രസംഗിച്ചു. ആലപ്പുഴ നഗര ചത്വരത്തിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ എ.ഐ.യു.റ്റി.യു.സി. ജില്ലാ സെക്രട്ടറി സ: പി.ആർ. സതീശൻ അദ്ധ്യക്ഷത വഹിച്ചു. സ: എം.എ.ബിന്ദു സ്വാഗതവും സ: എ.മുഹമ്മദ് കൃതജ്ഞതയും രേഖപ്പെടുത്തി.



**സുൽത്താൻ ബത്തേരിയിൽ എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ അനുസ്മരണ പ്രഭാഷണം നടത്തുന്നു**

## സ്വയംഭരണകോളേജുകൾക്കെതിരെ എഐഡിഎസ്ഒ സംഘടിപ്പിച്ച

# ഉന്നതവിദ്യാഭ്യാസ സംരക്ഷണ കൺവൻഷൻ




ഡോ. എൻ.എ.കരിം കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു. ഇ.എൻ ശാന്തിരാജ്, പ്രൊഫ. സി.പത്മനാഭൻ, ഡോ. എസ് സതീഷ്കുമാർ, ഡോ.വി.വേണുഗോപാൽ, എം. ഷാജർഖാൻ, എൻ. അരുൺ, ഡോ. എം. ജ്യോതിരാജ്, അഡ്വ. ബി.കെ രാജഗോപാൽ, വിഷ്ണുമോഹൻ, ദിവ്യ.ഡി.വി, ബിനുബേബി.

**സ**ർക്കാർ-എയ്ഡഡ്-സ്വാശ്രയ ഭേദമില്ലാതെ, കോളേജുകളെ സർവ്വകലാശാലകളിൽനിന്നും വേർപെടുത്തി അവയ്ക്ക് സ്വയംഭരണം നൽകുവാനും അവയെ സ്വാശ്രയ സ്ഥാപനങ്ങളാക്കി മാറ്റുവാനുമുള്ള കേരളസർക്കാരിന്റെയും ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെയും തീരുമാനത്തിനെതിരെ എഐഡിഎസ്ഒ ജൂൺ 12 ന് തിരുവനന്തപുരം പ്രസ് ക്ലബ്ബ് ഹാളിൽ ഉന്നതവിദ്യാഭ്യാസ സംരക്ഷണ കൺവൻഷൻ സംഘടിപ്പിച്ചു.

കേരളത്തിൽ സ്വയംഭരണകോളേജുകൾ ആരംഭിക്കാനുള്ള ശ്രമം പലതവണ നടത്തിയതാണെങ്കിലും ചവിറ്റുകൊട്ടയിൽ ഉപേക്ഷിച്ചതായിരുന്നെന്നും കോളേജുകൾക്ക് അക്കാദമികവും സാമ്പത്തികവും ഭരണപരവുമായ സ്വയംഭരണം നൽകുവാനുള്ള പുതിയതീരുമാനം ഉന്നതവിദ്യാഭ്യാസ രംഗമാകമാനം സ്വകാര്യവൽകരണം ലക്ഷ്യമിട്ടുള്ളതാണെന്നും തിരുവനന്തപുരം കൺവൻഷൻ ഉദ്ഘാടനം ചെയ്തു കൊണ്ട് ഡോ. എൻ. എ. കരിം പറഞ്ഞു. സ്വശ്രയകോളേജുകളുടെയല്ല, സർവ്വകലാശാലകളുടെ സ്വയംഭരണമാണ് സംരക്ഷിക്കേണ്ടത്. അദ്ദേഹം പറഞ്ഞു.

എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ ശാന്തിരാജ് അദ്ധ്യക്ഷ വഹിച്ച കൺവൻഷനിൽ എകെപിസിറ്റിഎ അക്കാദമിക് കമ്മിറ്റി കൺവീനർ പ്രൊഫ. സി. പത്മനാഭൻ, എകെജിസിറ്റി അക്കാദമിക് കമ്മിറ്റി ചെയർമാൻ ഡോ. എസ് സതീഷ്കുമാർ, ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ, സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന കൺവീനർ എം. ഷാജർഖാൻ, എഐഎസ്എഫ് സംസ്ഥാന പ്രസിഡന്റ് എൻ. അരുൺ, ഡോ. എം. ജ്യോതിരാജ്, അഡ്വ. ബി.കെ രാജഗോപാൽ, പി.എസ്.യു. സംസ്ഥാന സെക്രട്ടറി വിഷ്ണുമോഹൻ, പിഎസ്എഫ് സംസ്ഥാന കമ്മിറ്റി കൺവീനർ എച്ച്.ഷഫീക്ക് എന്നിവർ പ്രസംഗിച്ചു. എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി ബിനുബേബി.സ്വാഗതവും എഐഡിഎസ്ഒ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് എസ്. ശ്രീകുമാർ നന്ദിയും പറഞ്ഞു. ●




**കോ**ളേജുകൾക്ക് സ്വയംഭരണം നൽകുന്നതിനെതിരെ എറണാകുളത്ത് എഐഡിഎസ്ഒയും സേവ് എജ്യൂക്കേഷൻ കമ്മിറ്റിയും സംയുക്തമായി സംഘടിപ്പിച്ച ഉന്നതവിദ്യാഭ്യാസ സംരക്ഷണ കൺവൻഷൻ പ്രൊഫ. കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു

എ.ഐ.എസ്.ഇ.സി. ജില്ലാകൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന കൺവീനർ എം.ഷാജർഖാൻ കൺവൻഷനിൽ വിഷയാവതരണം നടത്തി. എ.കെ.പി.സി.റ്റി.എ സംസ്ഥാന പ്രസിഡന്റ് ഡോ.കെ.പി.സുകുമാരൻനായർ, എ.കെ.ജി.സി.റ്റി. അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ.എൻ.ഷാജി, ജനകീയപ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ, അഡ്വ. ബി.കെ.രാജഗോപാൽ, എ.ഐ.എസ്.എഫ് സംസ്ഥാന കമ്മിറ്റിയംഗം അഡ്വ. കെ.ആർ.പ്രതീഷ്, പി.എസ്.യു. സംസ്ഥാന ട്രഷറർ അഡ്വ. സുമേഷ് എസ്. മോടിയിൽ, എ.ഐ.ഡി.എസ്.ഒ സംസ്ഥാന സെക്രട്ടറി ബിനുബേബി, പി.എസ്.എഫ് സംസ്ഥാന കൺവീനർ ദിവ്യ ഡി.വി, എം.ജി.ശ്രീകുമാർ കമ്മത്ത്, കെ.പി.സാൽവിൻ തുടങ്ങിയവർ പ്രസംഗിച്ചു. ●

## ജൂൺ 26–ജൂലൈ 26 ലഹരിവിരുദ്ധ മാസമായി ആചരിക്കുക

( 3 -ാം പേജിൽ നിന്നും തുടർച്ച)

സെക്രട്ടറി കെ.എം.ബീവി റിപ്പോർട്ടവതിപ്പിച്ചു. മേജർ പി.എം.രവീന്ദ്രൻ, കണ്ടച്ചാമി, ബാലു തൈക്കാട്ടുശ്ശേരി, ജി.എസ്.പത്മകുമാർ, കെ.അബ്ദുൾ അസീസ്, ആർ.രാജേഷ്, കെപ്രദീപ് തുടങ്ങിയവർ സംസാരിച്ചു. എ.റജീന സ്വാഗതവും എൻ. സുഗന്ധി കൃതജ്ഞതയും പറഞ്ഞു. ലഹരിവിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി ജില്ലയിലുടനീളം വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ യോഗം തീരുമാനിച്ചു.

**കോഴിക്കോട്**

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ എ.ഐ.ഡി.എസ്.ഒ കോഴിക്കോട് ജില്ലാ കമ്മിററിയുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ റാലി നടന്നു. റെയിൽവേ സ്റേറഷൻ ലിങ്ക് റോഡിൽ നിന്നും ആരംഭിച്ച റാലി എൽ.ഐ.സി ജംഗ്ഷനിൽ സമാപിച്ചു. എസ്.യു.സി.ഐ കമ്യൂണിസ്റ്റ് ജില്ലാസെക്രട്ടറിയും മദ്യവിരുദ്ധജനകീയ സമരസമിതി ജില്ലാ കോ-ഓഡിനേററുമായ എ.ശേഖർ റാലി ഉദ്ഘാടനം ചെയ്തു.

എഐഡിഎസ്ഒ ജില്ലാസെക്രട്ടറി പി.കെ.പ്രഭാഷ് അധ്യക്ഷത വഹിച്ചു. എഐഎംഎസ്എസ് ജില്ലാ കൺവീനർ കെ.പി.സുബൈദ, എഐഡിഎസ്ഒ ജില്ലാ കമ്മിററി അംഗങ്ങൾ കെ.ഉണ്ണികൃഷ്ണൻ , തുഷാര തോമസ് എന്നിവരും പ്രസംഗിച്ചു. കെ.റഹീം, സ്വെററ്ലാന.എസ്, അപർണ.ടി.കെ., മനോജ് തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**വയനാട്**

കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെയും, കേരള മദ്യനിരോധന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായ ജൂൺ 26ന് സുൽത്താൻ ബത്തേരി സ്വതന്ത്ര മൈതാനിയിൽ ലഹരി വിരുദ്ധ സംഗമം നടന്നു.

മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ പ്രസിഡണ്ട് പി.കെ. മുഹമ്മദ് സംഗമത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഡോ. വി. സത്യാനന്ദൻ നായർ ലഹരി വിരുദ്ധ സംഗമം ഉദ്ഘാടനം ചെയ്തു.

സെന്റ് മേരീസ് കോളേജ് മലയാള വിഭാഗം മേധാവി പ്രൊഫ. താരാഫിലിപ്പ് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കേരള മദ്യനിരോധന സമിതി സെക്രട്ടറി മുജീബ് റഹ്മാൻ, പ്രഭാകരൻനായർ, സുലോചനാ രാമകൃഷ്ണൻ, സി.എ. ഫ്രാൻസിസ്, കെ.എസ്. ചിത്രകുമാർ, ടോമി മലവയൽ, എം.എം. ജോസഫ്, ടോമിവടക്കുംചേരി, ഷിജി എൻ., വി.കെ. സദാനന്ദൻ, ടി.ടി. ഖാലിദ് തുടങ്ങിയവർ പ്രസംഗിച്ചു. മദ്യവിരുദ്ധ ജനകീയ സമിതി സെക്രട്ടറി പുഷ്പ എം.എ. സ്വാഗതവും, ദേവസ്യ പുറ്റനാൽ നന്ദിയും പറഞ്ഞു. ●

## സേവ് എജ്യുക്കേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ ധർണ്ണ



**വി**ദ്യാഭ്യാസത്തെ സ്വകാര്യവൽക്കരിക്കുകയും സ്വാശ്രയവൽക്കരിക്കുകയും ചെയ്യുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് അഖിലേന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി സെക്രട്ടേറിയറ്റിന് മുന്നിൽ ധർണ്ണ നടത്തി. സംസ്ഥാന പ്രസിഡന്റ് ഡോ.എൻ.എ കരിം ഉദ്ഘാടനം ചെയ്തു. പ്രാഥമിക വിദ്യാഭ്യാസത്തെയും ഉന്നത വിദ്യാഭ്യാസത്തെയും സർക്കാർ ഒരേപോലെ വാണിജ്യവൽക്കരിക്കുകയാണെന്നും അതിനെതിരായ യോജിച്ച പ്രക്ഷോഭം അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. ഡോ.വി. വേണുഗോപാൽ അധ്യക്ഷത വഹിച്ചു. എം. ഷാജർഖാൻ, അഡ്വ.ബി.കെ. രാജഗോപാൽ, പ്രൊഫ. പി.എൻ. തങ്കച്ചൻ, പ്രൊഫ. ഫ്രാൻസിസ് കളത്തിങ്കൽ, ഡോ. ജ്യോതിരാജ് എന്നിവർ പ്രസംഗിച്ചു. പി.എസ് ഗോപകുമാർ സ്വാഗതം പറഞ്ഞു. ●

## എൻജിനീയറിംഗിന് നാലുഘട്ട അലോട്ട്മെന്റ് നടപ്പാക്കുക

### മാനേജ്മെന്റിന് അനുകൂലമായ ഉത്തരവ് പിൻവലിക്കുക

**105** സ്വകാര്യ സ്വാശ്രയ എഞ്ചിനിയറിംഗ് മാനേജ്മെന്റുകൾക്കു വേണ്ടി വിദ്യാർത്ഥി പ്രവേശന അലോട്ട്മെന്റ് രണ്ടാക്കി നിജപ്പെടുത്തി സർക്കാർ 13-6-2013-ന് പുറപ്പെടുവിച്ച ഉത്തരവ് പിൻവലിക്കണമെന്ന് ആൾ ഇന്ത്യ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന കൺവീനർ എം. ഷാജർഖാൻ ആവശ്യപ്പെട്ടു. അലോട്ട്മെന്റിന്റെ എണ്ണം കുറക്കുന്നത് മെറിറ്റ് വിദ്യാർത്ഥികൾക്ക് സർക്കാർ സഹകരണ മേഖലകളിലെ കോളേജിലേക്കുള്ള പ്രവേശന സാധ്യത ഇല്ലാതാക്കുകയും സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിൽ ഉയർന്ന ഫീസ് കൊടുത്തു പഠിക്കാൻ നിർബന്ധിതമാക്കുകയും ചെയ്യും. ആയതിനാൽ, ഏറ്റവും ചുരുങ്ങിയത് നാല് അലോട്ട്മെന്റങ്കിലും അനുവദിക്കണം.

ആദ്യ അലോട്ട്മെന്റ് ലഭിക്കുന്ന സ്ഥാപനത്തിൽ മുഴുവൻ ഫീസും കെട്ടിവയ്ക്കണമെന്ന ഉത്തരവും വിദ്യാർത്ഥി ദ്രോഹകരമാണ്. അതുമൂലം മെറിറ്റ് വിദ്യാർത്ഥികൾ സ്വാശ്രയ സ്ഥാപനത്തിൽ പെട്ടുപോവുകയും മെച്ചപ്പെട്ട ഓപ്ഷൻ സ്വീകരിക്കാൻ കഴിയാതെ വരികയും ചെയ്യും. ഈ ഉത്തരവ് പിൻവലിച്ച് വിദ്യാർത്ഥികൾക്ക് അനുകൂലമായ പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് വിദ്യാഭ്യാസമന്ത്രിക്ക് അയച്ച ഫാക്സ് സന്ദേശത്തിൽ സേവ് എജ്യൂക്കേഷൻ കമ്മിറ്റി ആവശ്യപ്പെട്ടു. ●

## പെരിഞ്ചാംകുട്ടി ഭൂസമരം

# ഇടുക്കി എംഎൽഎ ഓഫീസ് മാർച്ച്



പെരിഞ്ചാംകുട്ടി ഭൂസമര സഹായസമിതി ഇടുക്കി എംഎൽഎ ഓഫീസിലേക്ക് നടത്തി മാർച്ച് ജനകീയപ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

ഇടുക്കി ജില്ലയിലെ പെരിഞ്ചാംകുട്ടി ചിന്നക്കനാൽ മേഖലകളിൽ കുടിൽകെട്ടി കൃഷി ചെയ്ത് ജീവിച്ചിരുന്ന ആദിവാസി കുടുംബങ്ങളെ യാതൊരു മുന്നറിയിപ്പോ പുനഃരധിവാസ പദ്ധതികളോ ഇല്ലാതെ ഉമ്മൻചാണ്ടി സർക്കാർ അധികാരത്തിലേറിയശേഷം, മൂന്നാർ ഡിഎഫ്ഒയുടെ നേതൃത്വത്തിൽ ഒരു വർഷം മുമ്പ് കുടിയിറക്കിയിരുന്നു. ഇവരിൽ ഭൂരിപക്ഷവും നാലുവർഷത്തോളം പെരിഞ്ചാംകുട്ടി തേക്ക്-ഇല്ലി, പ്ലാന്റേഷനുകളിൽ താമസിച്ചിരുന്നവരാണ്. താൽക്കാലിക കുടിലുകളിൽ കഴിഞ്ഞിരുന്ന ഇവർക്ക് സർക്കാരിന്റെ അരിയുൾപ്പെടെ പലവിധ സഹായങ്ങളും ലഭിച്ചിരുന്നു. 2012 ഫെബ്രുവരി 10 ന് അതിരാവിലെ വൻസന്നാഹത്തോടെ എത്തിയ ഉദ്യോഗസ്ഥർ ഇവരെ പെരിഞ്ചാംകുട്ടിയിൽനിന്നും കുടിയിറക്കുകയും കൃഷിദേഹണ്ഡങ്ങൾ വെട്ടിനശിപ്പിക്കുകയും ചെയ്തു. ഇതിന് കൂട്ടുനിന്ന ചില കപട പരിസ്ഥിതി വാദികളും ചില മതനേതാക്കളും ചേർന്ന് ഇവരുടെ വസ്തുവകകൾ കൊള്ളയടിക്കുകയും ചെയ്തു. പെരിഞ്ചാംകുട്ടിയിൽ താമസിച്ചിരുന്ന 62 പേരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ഇതിൽ 43 പുരുഷന്മാരും 19 സ്ത്രീകളിൽ 70 പിന്നിട്ട 5 പേരും ഉണ്ടായിരുന്നു. ഉദ്യോഗസ്ഥരുടെ പീഡനങ്ങളെ തുടർന്ന് നാലുപേർ ഇതിനോടകം മരണപ്പെട്ടു.

ജയിലിൽ നിന്നും പുറത്തിറങ്ങിയവർ 2012 ഒക്ടോബർ 1 മുതൽ ഇടുക്കി കളക്ട്രേറ്റ് പടിക്കൽ പന്തൽകെട്ടി അനിശ്ചിതകാല സത്യാഗ്രഹസമരം നടത്തിവരികയാണ്. ആദിവാസി ഭൂമി അവകാശ സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന ഈ സമരത്തെതുടർന്ന് ഇവർ സമർപ്പിച്ച ലിസ്റ്റിൽനിന്ന് 161 പേർ ഭൂമിക്ക് അർഹതയുള്ള ഭൂരഹിതരാണെന്ന് ജില്ലാ കളക്ടർ കണ്ടെത്തുകയും അംഗീകാരം നൽകുകയുമുണ്ടായി. 2012 ഡിസംബർ 22 ന് കളക്ടറുടെ അദ്ധ്യക്ഷതയിൽ സർവ്വകക്ഷിയോഗം ചേരുകയും കുടിയിറക്കപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് 2013 ജനുവരി 15 നുമുൻപ് ഒരു കുടുംബത്തിന് ഒരേക്കറിൽ കുറയാത്ത ഭൂമി കണ്ടെത്തി നൽകാമെന്നും, കുടിയിറക്കുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള കേസ്സുകൾ പിൻവലിക്കാമെന്നും തീരുമാനിച്ചു. പിന്നീട് പല അവധികൾ പറയുകയും സബ്കമ്മിറ്റികൾ കൂടുകയും ചെയ്തതല്ലാതെ ഭൂമി നൽകുവാൻ ഇനിയും തയ്യാറായിട്ടില്ല.

ഇടുക്കി നിയമസഭാ മണ്ഡലത്തിൽപ്പെട്ട പെരിഞ്ചാംകുട്ടി കുടിയിറക്കലിന് ഒത്താശ ചെയ്ത സ്ഥലം എംഎൽഎ റോഷി അഗസ്റ്റിൻ ആദിവാസിവിഭാഗങ്ങളുടെ ഈ സമരത്തെ അവഗണിക്കുന്നതിനെതിരെ പൊതുവികാരം ശക്തമാകുകയാണ്. മഴയും തണുപ്പും നേരിട്ട് വനത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന കളക്ട്രേറ്റിനു മുന്നിൽ സമരം ചെയ്യുന്നവർ പലവിധ രോഗങ്ങൾക്കടിപ്പെട്ട് കോട്ടയം മെഡിക്കൽ കോളേജിൽവരെ ചികിത്സ തേടിയിരിക്കുകയാണ്. ഈ സമരം പരിഹരിക്കുന്നതിന് എംഎൽഎ അടിയന്തിരമായി ഇടപെടണമെന്നാവശ്യപ്പെട്ട് സമരം 9 മാസം തികഞ്ഞ ജൂൺ 25 ന് ചെറുതോണിയിലുള്ള അദ്ദേഹത്തിന്റെ ഓഫീസിലേക്ക് സംയുക്ത സമരസമിതിയുടെയും ഇരുപതോളം സംഘടനകൾ ചേർന്ന് രൂപീകരിച്ച സമര സഹായസമിതിയുടെയും ആഭിമുഖ്യത്തിൽ പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. മാർച്ച് എംഎൽഎ ഓഫീസിനു സമീപം പോലീസ് തടഞ്ഞു. ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ മാർച്ച് ഉദ്ഘാടനം ചെയ്തു. സമൂഹത്തിലെ ഏറ്റവും നിരാലംബരായ ആദിവാസി വിഭാഗത്തിന്റെ ഭൂമി പ്രശ്നം പരിഹരിക്കുവാൻ എംഎൽഎ അടിയന്തിരമായി ഇടപെടണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ജനകീയപ്രതിരോധ സമിതി ജില്ലാസെക്രട്ടറിയും സമരസഹായ സമിതി ചെയർമാനുമായ എൻ.വിനോദ്കുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ആദിവാസി ഭൂമി അവകാശ സംയുക്ത സമര സമിതി കൺവീനർ ബാബു അറയ്ക്കൽ സ്വാഗതം പറഞ്ഞു. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ജോസ് ചാണ്ടി, റ്റി.ജി. ശിവൻകുട്ടി, കെ.കെ. ജിൻഷു, ബേബി ജോർജ്, സിസിലി ജോൺസൺ, ശിവൻ കോഴിക്കാമാലി, എം.കെ.രാമനാഥൻ, പി.പി. അനിൽകുമാർ, കെ.എം.വീനസ്, കെ.ആർ.സുധാകരൻ, ജോർജ് വെട്ടിക്കുഴി, പി.വി.ജോയി, കെ.പി.രവീന്ദ്രൻ, കെ.ജെ.ജോസഫ്, എം.കെ.വേണുഗോപാൽ തുടങ്ങിയവർ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രസംഗിച്ചു. ●

# ദേശീയപാത കുടിയൊഴിപ്പിക്കൽ: പോലീസ് നടപടി അപലപനീയം

**- സാറാ ജോസഫ്**

ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട സർക്കാർ വീടും ഭൂമിയും പിടിച്ചെടുത്ത് അവരെ തെരുവിലിറക്കുമ്പോൾ സുരക്ഷ ഉറപ്പാക്കാൻ സ്വയം തെരുവിലിറങ്ങമെന്നും തെരുവു നിറക്കുന്ന പോരാട്ടങ്ങൾക്കായി ദൃഢ നിശ്ചയത്തോടെ രംഗത്തിറങ്ങണമെന്നും പ്രമുഖ സാഹിത്യകാരി ശ്രീമതി സാറാ ജോസഫ് ആഹ്വാനം ചെയ്തു. എൻ.എച്ച്.17 ആക്ഷൻ കൗൺസിൽ, എൻ.എച്ച്. 17 സംയുക്ത സമരസമിതി എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ തൃശ്ശൂരിൽ നടന്ന സമരത്തിനെതിരെയുള്ള പോലീസ് നടപടികളെക്കുറിച്ചുള്ള ജനകീയ വസ്തുതാന്വേഷണസംഘത്തിന്റെ വിലയിരുത്തൽ അവതരിപ്പിച്ചുകൊണ്ടാണ് അവർ ഈ അഭിപ്രായം പറഞ്ഞത്. ജനസമ്പർക്കപരിപാടി നടത്തി മാതൃകാ ഭരണാധികാരിക്കുള്ള അവാർഡ് നേടിയ മുഖ്യമന്ത്രി കുടിയിറക്കപ്പെടുന്ന ലക്ഷക്കണക്കിനാളുകളുടെ പരാതികൾ എന്തുകൊണ്ടാണ് കേൾക്കാത്തത്. ഈ മനുഷ്യർ ഇവിടത്തെ ജനങ്ങളിൽപ്പെടില്ലേ. പോലീസിനെ ഇറക്കി ഭയം സൃഷ്ടിച്ച് ഭൂമി കവർന്നെടുക്കുകയാണ് മുഖ്യമന്ത്രി ചെയ്യുന്നത്. പോലീസ് അതിര് വിട്ടാണ് പ്രവർത്തിക്കുന്നത്. സർവ്വസ്വവും നഷ്ടപ്പെടുന്ന മനുഷ്യരുടെ കണ്ണീരിന് മുഖ്യമന്ത്രിയും കണ്ടില്ലെന്ന് നടിക്കുന്ന പ്രതിപക്ഷവും ഇതിന് മറുപടി പറയണം. ജനങ്ങൾക്കെതിരായ വികസനത്തെ നാം സംശയിക്കണമെന്നും ഇല്ലാത്തവന്റെ വസ്തുവകകൾ പിടിച്ചെടുത്ത് ഉള്ളവനു കൊടുക്കുന്ന വികസനത്തിന് ഞാൻ എതിരാണ്. നാടിന്റെ അടിസ്ഥാന വിഷയം പോലും പരിഹരിക്കാതെ ഇത്തരം വികസനം നടപ്പിലാക്കുന്നതിനെ തടയണമെന്നും സ്ഥലം ഏറ്റെടുക്കലിനെതിരെ പറച്ചില്ല പ്രവർത്തിയാണ് വേണ്ടതെന്നും ശ്രീമതി സാറാ ജോസഫ് പറഞ്ഞു. സന്ദർശന ശേഷം സ്വന്തം അഭിപ്രായങ്ങൾ മുഖ്യമന്ത്രിക്കും പ്രതിപക്ഷ നേതാവിനും ഫാക്സ് ചെയ്ത ശേഷമാണ് അവർ തിരിച്ചു പോയത്. വേദിനിക്കുന്നവന്റെ നെഞ്ചിടിപ്പ് കേൾക്കാൻ ജനാധിപത്യ സംവിധാനത്തിന് നിലനിൽപ്പില്ലെന്ന് അവർ പറഞ്ഞു. എല്ലാം നഷ്ടപ്പെടുന്ന സ്ത്രീകളക്കുള്ളവരുടെ വേദന ഭരണാധികാരികൾ കാണേണ്ടതുണ്ട്. 45 മീറ്റർ ബി.ഒ.ടിപാതയാക്കുന്നതിൽ പതിനഞ്ച് ആളുകളെ കുടിയൊഴിപ്പിക്കേണ്ടിവരുന്നുണ്ട്. സ്ഥലമളക്കുന്നതുപോലും കാണുവാൻ ഞങ്ങളെ അനുവദിച്ചില്ല. പുനരധിവാസവും നഷ്ടപരിഹാരവും പോലും തീരുമാനിക്കാത്ത ഭൂസർവ്വേ നിർത്തിവെയ്ക്കണമെന്നും അവർ നിവേദനത്തിൽ ആവശ്യപ്പെട്ടു.



ദേശീയപാത സമരത്തിനെതിരെ നടന്ന പോലീസ് അതിക്രമങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി പ്രശസ്ത സാഹിത്യകാരി സാറ ജോസഫിന്റെ നേതൃത്വത്തിലുള്ള സംഘം സമരമേഖലകൾ സന്ദർശിക്കുന്നു.

പ്രമുഖ എഴുത്തുകാരി സാറാ ജോസഫിന്റെ നേതൃത്വത്തിലുള്ള വസ്തുതാന്വേഷണ സംഘത്തെ സാറാ ജോസഫിനേയും പോലീസ് തടഞ്ഞു. ദേശീയപാത സംരക്ഷണ മിതി ചെയർമാൻ സി.ആർ. നീലകണ്ഠൻ, ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് പ്രൊഫ. കെ.ബി. ഉണ്ണിത്താൻ , എസ്.യു.സിഐ. (കമ്മ്യൂണിസ്റ്റ്) സംസ്ഥാനക്കമ്മിറ്റിയംഗം ജ്യോതി കൃഷ്ണൻ, ജില്ലാ സെക്രട്ടറി ഡോ.പി.എസ് ബാബു.എൻ.എച്ച്.47, 17 സംയുക്ത സമരസമിതി കൺവീനർ ഹാഷിം ചേന്ദാമ്പിള്ളി, ആക്ഷൻ കൗൺസിൽ സംസ്ഥാന പ്രസിഡന്റ് ഇ.വി. മുഹമ്മദലി, ജില്ലാ കൺവീനർ സി.കെ. ശിവദാസൻ, തൃശ്ശൂർ സംയുക്തസമരസമിതി പ്രസിഡന്റ് ടി.എൽ. സന്തോഷ്, മഹിളാ സാംസ്കാരിക സംഘടന സംസ്ഥാനക്കമ്മിറ്റിയംഗം കെ.എം.ബീവി, പാലിയേക്കര ടോൾ വിരുദ്ധ സമിതി കൺവീനർ പി.ജെ. മോൻസി, വെൽഫെയർ പാർട്ടി ജില്ലാ സെക്രട്ടറി കെ.കെ. ഷാജഹാൻ, എസ്. ഡി.പി.ഐ. ജില്ലാ സെക്രട്ടറി ഇക്ബാൽ ,ടി.ആർ. രമേഷ് (കുടിയൊഴിപ്പിക്കൽ- സ്വകാര്യവൽക്കരണ വിരുദ്ധ സമിതി, രാജേഷ് അപ്പാട്ട് (ബി.ഒ.ടി.വിരുദ്ധ സമര സമിതി), ടി. മുഹമ്മദ് വേളം, (സോളിഡാരിറ്റി), എൻ.ഡി. വേണു, സി.പി.ഐ-എം.എൽ സംസ്ഥാന സെക്രട്ടറി പ്രൊവിന്റ്, എ.ഐ.ഡിവൈ.ഒ. നേതാവ് സി. വി.പ്രേംരാജ്, എ.എൻ.എൽ. നേതാവ് സി. ഷറഫുദ്ദീൻ എന്നിവരടങ്ങുന്ന സംഘമാണ് സന്ദർശനം നടത്തിയത്.

എൻ.എച്ച്.17 ആക്ഷൻ കൗൺസിൽ തൃശ്ശൂർ ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ കൊടുങ്ങല്ലൂർ എൽ.എ. ഓഫീസിലേക്ക് നടന്ന പ്രതിഷേധമാർച്ച് നടത്തി. സി.ആർ. നീലകണ്ഠൻ ഉദ്ഘാടനം ചെയ്തു.

മതിലകം, മൂന്നുപീടിക, കൈപ്പമംഗലം, ചെന്ത്രാപ്പിന്നി, എടമുട്ടം, നാട്ടിക, തളിക്കുളം, വാടാനപ്പള്ളി, തൃത്തല്ലൂർ, ഏങ്ങണ്ടിയൂർ, ഒരുമനയൂർ, മണത്തല, തിരുവത്ര, പുന്നയൂർ, എടക്കഴിയൂർ, അകലാട് വില്ലേജ് യൂണിറ്റുകളിൽ നിന്നായി സ്ത്രീകളുൾപ്പെടെ ആയിരത്തോളം ആളുകൾ മാർച്ചിൽ പങ്കെടുത്തു. ആക്ഷൻ കൗൺസിൽ സംസ്ഥാന ചെയർമാൻ ഇ.വി. മുഹമ്മദാലി അധ്യക്ഷത വഹിച്ചു. മാർച്ചിന് ആക്ഷൻ കൗൺസിൽ ജില്ലാ പ്രസിഡന്റ് എ.ജി. ധർമ്മരത്നം, ജില്ലാ കൺവീനർ സി.കെ. ശിവദാസൻ, വൈസ് പ്രസിഡന്റ് വി. സിദ്ധിഖ് ഹാജി, കെ.ഡി. മേനോൻ, കെ.ഇ. നസീർ, ഇക്ബാൽ മാസ്റ്റർ, റഫീഖ് വൈപ്പിപ്പാടത്ത്, മുഹമ്മദ് എടുമുട്ടം, എൻ.കെ. ശങ്കരൻകുട്ടി എന്നിവർ നേതൃത്വം നൽകി. ആക്ഷൻ കൗൺസിൽ ജില്ലാ നേതാക്കൾ എൽ.എ. ഓഫീസറെ കണ്ട് നിവേദനവും സമർപ്പിച്ചു. ഹാഷിം ചേന്ദാമ്പിള്ളി, ടി.എൽ. സന്തോഷ് (പ്രസിഡന്റ്, എൻ.എച്ച്.17 സംയുക്ത സമരസമിതി), ടി.കെ. വാസു, (പ്രസിഡന്റ്, ദേശീയ പാത സംരക്ഷണ സമിതി), പി.ജെ. മോൻസി (കൺവീനർ പാലിയേക്കര ടോൾ വിരുദ്ധ സമിതി) , കെ. ജി. മോഹനൻ (പ്രസിഡന്റ്, വെൽഫെയർ പാർട്ടി) ഹുസൈൻ ഹാഷ്മി (സെക്രട്ടറി എസ്.ഡി.പി.ഐ. ),ടി.ആർ. രമേഷ് (കൺവീനർ കുടിയൊഴിപ്പിക്കൽ വിരുദ്ധ സമിതി) രാജേഷ് അപ്പാട്ട്(കൺവീനർ ബി.ഒ.ടി. വിരുദ്ധ സമര സമിതി), എം.എം. അനസ്സ് (പ്രസിഡന്റ്, സോളിഡാരിറ്റി) എൻ.ഡി. വേണു (ജില്ലാ കമ്മറ്റിയംഗം, സി.പി.ഐ.(എം.എൽ), എം.പ്രദീപൻ (എസ്.യു. സി ഐ. (കമ്മ്യൂണിസ്റ്റ്), എൻ.കെ. ശങ്കരൻ കുട്ടി (വ്യാപാരി വ്യവസായി ഏകോപന സമിതി), സി.ആർ. ഉണ്ണികൃഷ്ണൻ (ജനകീയ പ്രതിരോധ സമിതി) എന്നിവർ മാർച്ചിനെ അഭിസംബോധന ചെയ്തു. ●

# വിദ്യാഭ്യാസമേഖലയിലെ പരിഷ്ക്കാരങ്ങൾ മൂലധനതാൽപ്പര്യത്തെ മാത്രം പ്രതിനിധാനം ചെയ്യുന്നു

(6-ാം പേജിൽ നിന്നു തുടർച്ച)

തെന്ന് പറയാം. എന്തായാലും സർവ്വകലാശാലകളിലെ ആർട്സ് ആന്റ് സയൻസ് ഫാക്കൽറ്റികളിൽ ഇതുണ്ടാക്കിയ തകർച്ച വമ്പിച്ചതാണ്. ആഴത്തിലുള്ള പഠനസാധ്യതകളൊന്നും ഇപ്പോൾ അവശേഷിക്കുന്നില്ല എന്നതാണ് സ്ഥിതി. ശാസ്ത്ര മാനവിക കോഴ്സുകളുടെ സ്ഥാനത്ത് കച്ചവട സാധ്യതകൾ തുറന്നുകൊടുക്കുന്ന കമ്പോള കോഴ്സുകൾ ആരംഭിക്കുന്ന തിരക്കിലാണ് സർവ്വകലാശാലകളും അൺഎയ്ഡഡ് കോളേജുകളും. ആ കച്ചവടവൽക്കരണത്തിന് ആക്കം കൂട്ടാൻ കോളേജുകൾക്ക് എല്ലാവിധ സ്വയംഭരണാധികാരങ്ങളും തീറെഴുതുവാനാണ് സംസ്ഥാന സർക്കാർ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വഴി നീങ്ങുന്നത്. ഗുണനിലവാരം ഉറപ്പാക്കാനും പരീക്ഷാ ഫലപ്രഖ്യാപന കാലതാമസം ഒഴിവാക്കാനും അധ്യാപകരുടെ സ്വാതന്ത്ര്യം സംരക്ഷിക്കാനും സർവ്വകലാശാലകളിൽ നിന്നും കോളേജുകളെ സ്വതന്ത്രമാക്കണമെന്ന കപടവാദം ഉന്നയിച്ചുകൊണ്ടാണ് സ്വയംഭരണകോളേജുകൾ ആരംഭിക്കാൻ ഉദ്ദ്യേശിക്കുന്നത്. പുതുതായി ചില സ്വയംഭരണ കോളേജുകൾ ആരംഭിക്കുകയല്ല നിലവിലുള്ള സർക്കാർ - എയ്ഡഡ് കോളേജുകളെ സ്വയംഭരണ സ്ഥാപനങ്ങളാക്കി മാറ്റുകയാണ് ആദ്യം ചെയ്യുന്നത്. അതിനാണ് 11-ാം പഞ്ചവൽസരപദ്ധതിയുടെ ഭാഗമായി യു.ജി.സി തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ വെച്ച് 12-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് ഓരോ സർവ്വകലാശാലയിൽ നിന്നും ഏറ്റവും ചുരുങ്ങിയത് പത്ത് ശതമാനം കോളേജുകളെയെങ്കിലും ഡിസ് അഫിലിയേറ്റ് ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. കേന്ദ്രസർക്കാരും യു.ജി.സിയും പതിറ്റാണ്ടുകളായി ഡിസ് അഫിലിയേഷനും സ്വയംഭരണ സ്ഥാപനങ്ങളും വേണം എന്ന ആവശ്യവുമായി നടക്കുകയാണ്. സർവ്വകലാശാലകൾക്ക് സാമ്പത്തിക സഹായം നൽകാൻ മടിക്കുന്ന യു.ജി.സി പക്ഷേ സ്വയംഭരണകോളേജുകൾക്ക് ഫണ്ട് അനുവദിക്കാമെന്നാണ് പറയുന്നത്. അവിടെയാണ് ഉന്നതവിദ്യാഭ്യാസ രംഗത്തെ പുനഃസംഘാടനമെന്ന അജണ്ട മറനീക്കി പുറത്തുവരുന്നത്.

**സ്വയംഭരണാവകാശം എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്?**

യു.ജി.സിയും ഉന്നതവിദ്യാഭ്യാസ കൗൺസിലും ഉദ്ദേശിക്കുന്നത് സർവ്വകലാശാലകളുടെ സ്വയംഭരണാവകാശമല്ല. നേരെമറിച്ച്, സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തെ ഓരോ ന്യായങ്ങളുന്നയിച്ച് കവർന്നെടുക്കുകയും ഭരണവർഗ്ഗ അജണ്ട നടപ്പാക്കുകയുമാണ് അവർ ചെയ്തുകൊണ്ടിരുന്നത്. സർവ്വകലാശാലക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനും വികസിക്കാനും കഴിയണമെങ്കിൽ ഭരണകൂടം ഇടപെടാൻ പാടില്ലായെന്നതാണ് സ്വയംഭരണാധികാരം എന്ന പദത്തിന്റെ യഥാർത്ഥ വിവക്ഷ. എന്നാൽ സർവ്വകലാശാലകൾക്ക് സ്വയംഭരണാവകാശം നൽകാൻ കൂട്ടാക്കാത്ത കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കോളേജ് മാനേജ്മെന്റുകൾക്ക് അക്കാദമികവും ഭരണപരവും സാമ്പത്തികവുമായ സ്വയംഭരണാവകാശം നൽകി അവയെ സർവ്വകലാശാലകളിൽ നിന്ന് വേർപ്പെടുത്തി സ്വാശ്രയ സ്വയംഭരണ കച്ചവട സ്ഥാപനങ്ങളാക്കാനാണ് വെമ്പൽ കൊള്ളുന്നത്.

അതിന് മേൽനോട്ടം വഹിക്കുന്നതിന് സർവ്വകലാശാലകൾക്ക് മേൽ സ്ഥാപിക്കപ്പെട്ട സമിതിയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ. ആ ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഡിസ് അഫിലിയേഷൻ എന്ന ശിപാർശ കിട്ടാൻ വേണ്ടിയാണ് ഡോ.എൻ.ആർ മാധവമേനോന്റെ നേതൃത്വത്തിൽ കമ്മിറ്റിയെ നിയോഗിച്ചത്. മാധവമേനോൻ കമ്മിറ്റിയാകട്ടെ, എത്രയും വേഗം സ്വയംഭരണകോളേജുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെടുന്നു. അതോടൊപ്പം അദ്ദേഹത്തിന്റെ നഗ്നമായ നിർദ്ദേശങ്ങളിൽ ഒന്ന് അത്തരം സ്വയംഭരണ കോളേജുകൾക്ക് സ്വാശ്രയ കോഴ്സുകൾ ആരംഭിക്കാമെന്നതാണ്. അപ്പോൾ അതിൽ നിന്ന് സ്വയംഭരണ കോളേജുകളുടെ സ്വഭാവമെന്തെന്ന് മനസ്സിലാക്കാവുന്നതാണ്.

എന്തുകൊണ്ടാണ് ഭരണാധികാരികൾ അഫിലിയേഷൻ സമ്പ്രദായത്തെ ഭയപ്പെടുന്നത്? സ്വകാര്യമൂലധന ശക്തികൾക്ക് സർവ്വസ്വാതന്ത്ര്യം അനുവദിക്കണമെന്ന് വാദിക്കുന്നതെന്തുകൊണ്ട്? കാരണം അഫിലിയേഷൻ സമ്പ്രദായം അവസാനിച്ചാൽ മാത്രമേ സർവ്വകലാശാലകളെ ഉന്മൂലനം ചെയ്യാനാവൂ. അങ്ങനെ വന്നാൽ സ്വാശ്രയ സ്വയംഭരണസ്ഥാപനങ്ങൾക്ക് സർവ്വകലാശാല പദവി നൽകി സാമ്പത്തിക ചുമതലയിൽ നിന്നും തലയൂരാം.ആഗോള കുത്തകകൾക്ക് നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ നിക്ഷേപിക്കാൻ അവസരം തുറന്നുകൊടുത്ത് കൊണ്ട് വിദ്യാഭ്യാസ വ്യാപാരം കൊഴുപ്പിക്കാം. സർവ്വകലാശാല വിദ്യാഭ്യാസ സങ്കൽപ്പങ്ങളെയും ലക്ഷ്യങ്ങളെയും ആസൂത്രിതമായി അട്ടിമറിച്ചിട്ടാണ് ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളെ കമ്പോളശക്തികൾക്ക് വിട്ടുകൊടുക്കുന്നത്.

ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന 420 സ്വയംഭരണസ്ഥാപനങ്ങളിലെ സ്ഥിതിയെന്താണെന്ന് പരിശോധിച്ചാൽ അവിടെ നടമാടുന്ന അഴിമതിയും സ്വജനപക്ഷപാതവും വിദ്യാർത്ഥി അധ്യാപക പീഡനങ്ങളും മറ്റുമൊക്കെ എത്രത്തോളമാണ് ക്യാമ്പസ് അന്തരീക്ഷത്തെ ദുഷിപ്പിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ട് തന്നെയാണ് കേരളം പോലൊരു സംസ്ഥാനത്ത് ഇക്കാലമത്രയും സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ കഴിയാതിരുന്നതും.

മാനേജ്മെന്റുകളുടെ സ്വയംഭരണവും തേർവാഴ്ചയുമാണ് എല്ലായിടങ്ങളിലും. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും യാതൊരുവിധ സ്വാതന്ത്ര്യവും അനുവദനീയമല്ല. കരിക്കുലവും സിലബസും പരീക്ഷയും ഫലപ്രഖ്യാപനവും വരെയുള്ള കാര്യങ്ങൾ നിശ്ചയിക്കാനുള്ള അധികാരമാണ് പുതിയ സ്വയംഭരണ കോളേജുകളിൽ വിഭാവനം ചെയ്യുന്നത്. അതോടെ സർവ്വകലാശാലകളുടെ അന്ത്യം കുറിക്കപ്പെടും.

**RUSA രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ**

സർവ്വകലാശാല വിദ്യാഭ്യാസത്തിന്റെ അന്ത്യത്തിനായി യത്നിക്കുന്ന അന്തർദ്ദേശീയ ഏജൻസികളിൽ ഏറ്റവും പ്രമുഖസ്ഥാനം ലോകബാങ്കിനാണുള്ളത്. ഇന്ത്യയിൽ സർവ്വശിക്ഷാ അഭിയാന്റെയും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെയും വിജയത്തെത്തുടർന്ന് രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ ആരംഭിക്കാമെന്നാണ് ഇതുസംബന്ധിച്ച് ലോകബാങ്ക് പുറത്തിറക്കിയ പുതിയ കരട് രേഖയുടെ ആമുഖത്തിൽ പറയുന്നത്. ദേശീയ ഉന്നത വിദ്യാഭ്യാസ മിഷനാണ് മാനവ വിഭവവികസന മന്ത്രാലയവും ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി ചേർന്ന് രേഖ തയ്യാറാക്കിയത്. ഉന്നത വിദ്യാഭ്യാസ പുനഃസംഘാടനമാണ് രേഖ ചർച്ച ചെയ്യുന്നത്. അഫിലിയേഷൻ സമ്പ്രദായം അവസാനിപ്പിച്ച് ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളെ സ്വതന്ത്രമാക്കുകയെന്നതാണ് അജണ്ട. സർവ്വശിക്ഷാ അഭിയാന്റെ മുദ്രാവാക്യങ്ങൾ ഇക്വിറ്റി , ക്വാളിറ്റി ,പ്രസക്തി ,ആക്സസ് തുടങ്ങിയവയെല്ലാം രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാനിലും കാണാൻ കഴിയുന്നുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് തന്നെ ഈ ദൗത്യം പൂർത്തിയാക്കണമത്രെ! അതിനായി കേന്ദ്രസർക്കാർ നടപ്പാക്കാനാരംഭിച്ച മിഷന്റെ പേരാണ് (RUSA) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ. സ്റ്റേറ്റ്, ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ ഉണ്ടായിട്ടുള്ള സാമ്പത്തികവും സാങ്കേതികവുമായ വികാസത്തിനനുസരിച്ച് ഉന്നതവിദ്യാഭ്യാസത്തെ പരുവപ്പെടുത്തുകയെന്നതാണ് RUSA ലക്ഷ്യം വെക്കുന്നതത്രെ! അതിന് എല്ലാ സംസ്ഥാനങ്ങളിലും ഉന്നതവിദ്യാഭ്യാസ കൗൺസിലുകൾ സ്ഥാപിക്കണമെന്ന് റൂസ ആവശ്യപ്പെടുന്നു. ദേശീയ വിജ്ഞാനകമ്മീഷനും യശ്പാൽ കമ്മിറ്റിയും മുന്നോട്ടുവെച്ച ആട്ടോണമി യാഥാർത്ഥ്യമാക്കാനും ഈ പ്രോജക്ട് ലക്ഷ്യമിടുന്നു. ചുരുക്കത്തിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങളെല്ലാം തന്നെ നിശ്ചിതമായ പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി വരുന്നതാണെന്ന് കാണാം. ഫണ്ടിംഗ് ഏജൻസികൾ സമയബന്ധിതമായി നടപ്പാക്കാൻ നിർദ്ദേശിക്കുന്ന കാര്യങ്ങൾ കൃത്യമായി നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ. ലോകബാങ്ക് 1994 ൽ പ്രസിദ്ധപ്പെടുത്തിയ ***ഉന്നതവിദ്യാഭ്യാസം: അനുഭവ പാഠങ്ങൾ:*** എന്ന കൃതിയിലും 2002 ൽ പ്രസിദ്ധപ്പെടുത്തിയ ***അറിവധിഷ്ഠിത സമൂഹനിർമ്മാണം ഉന്നതവിദ്യാഭ്യാസരംഗം നേരിടുന്ന വെല്ലുവിളികൾ*** എന്ന കൃതിയിലും ആധുനിക കമ്പോളത്തിന് ഉപയുക്തമാകുന്ന വിദ്യാഭ്യാസ ഉള്ളടക്കവും ഘടനയും എങ്ങനെയാണ് സൃഷ്ടിക്കേണ്ടതെന്ന് പറയുന്നുണ്ട്. റൂസ എന്ന മിഷൻ പ്രോജക്ട് അവതരിപ്പിക്കുന്നത് ആ പഠനങ്ങളിൽ നിന്നുള്ള കാര്യങ്ങളാണ്. യു.ജി.സി പറയുന്നതും കേരളത്തിലെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ പറയുന്നതും എൻ.ആർ മാധവമേനോൻ കമ്മിറ്റി ശിപാർശകളിൽ പറയുന്നതും എല്ലാം ഒന്നുതന്നെ.

> സർവ്വകലാശാലക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനും വികസിക്കാനും കഴിയണമെങ്കിൽ ഭരണകൂടം ഇടപെടാൻ പാടില്ലായെന്നതാണ് സ്വയംഭരണാധികാരം എന്ന പദത്തിന്റെ യഥാർത്ഥ വിവക്ഷ. എന്നാൽ സർവ്വകലാശാലകൾക്ക് സ്വയംഭരണാവകാശം നൽകാൻ കൂട്ടാക്കാത്ത കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കോളേജ് മാനേജ്മെന്റുകൾക്ക് അക്കാദമികവും ഭരണപരവും സാമ്പത്തികവുമായ സ്വയംഭരണാവകാശം നൽകി അവയെ സർവ്വകലാശാലകളിൽ നിന്ന് വേർപ്പെടുത്തി സ്വാശ്രയ സ്വയംഭരണ കച്ചവട സ്ഥാപനങ്ങളാക്കാനാണ് വെമ്പൽ കൊള്ളുന്നത്.

**പൊളിച്ചെഴുത്തിന്റെ പ്രത്യാഘാതങ്ങൾ**

കേരളം പോലെ പൊതു വിദ്യാഭ്യാസത്തിന് ശക്തമായ അടിത്തറയുണ്ടായിരുന്ന ഒരു നാട്ടിൽ വിദ്യാഭ്യാസ പുനഃസംഘാടനവും പൊളിച്ചെഴുത്തും നേരിട്ട് നടത്താൻ ലോകബാങ്ക് ഏജൻസികൾക്ക് അനുമതി നൽകി യു.ഡി.എഫ്-എൽ.ഡി.എഫ് സർക്കാരുകൾ അനുവർത്തിച്ച നയം മൂലം പ്രാഥമികതലം മുതൽ ഉന്നത-പ്രൊഫഷണൽ വിദ്യാഭ്യാസ രംഗങ്ങൾ വരെ സമ്പൂർണ്ണ തകർച്ചയെ അഭിമുഖീകരിക്കുന്ന കാലമാണിത്. ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്ക്കാരങ്ങൾ പ്രാഥമിക വിദ്യാഭ്യാസ മേഖലയുടെ പൊളിച്ചെഴുത്തിന്റെ തുടർച്ചയാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ മേഖല പൂർണ്ണമായും വാണിജ്യ ശക്തികൾക്ക് തീറെഴുതപ്പെട്ട കാലഘട്ടത്തിലാണ് സർവകലാശാലയായി വേണ്ടെന്നും ഓരോ കോളേജും ഇനി മുതൽ ഓരോ സർവകലാശാലയായി മാറുമെന്നും പ്രഖ്യാപിച്ചുകൊണ്ട് സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള തീരുമാനം സംസ്ഥാന സർക്കാർ കൈക്കൊണ്ടിരിക്കുന്നത്. സർവകലാശാലകൾ ഇല്ലാതായാൽ മാനവ സമൂഹത്തിന്റെ ഉന്നത വിദ്യാകേന്ദ്രമാണ് ഇല്ലാതാവുന്നതെന്ന് തിരിച്ചറിയാൻ വൈകരുത്. കോളേജ്, സർവകലാശാലയാകട്ടെ എന്ന വിചിത്രവും അപഹാസ്യവുമായ ആശയം നടപ്പായാൽ ഒരേ സമയം സർവകലാശാലയും കോളെജും ഇല്ലാതാകുമെന്ന് തിരിച്ചറിയുക. എന്തുകൊണ്ടെന്നാൽ സ്വയംഭരണ സ്വാശ്രയസ്ഥാപനങ്ങൾ കലാശാലകൾ എന്ന സങ്കൽപ്പത്തിന്റെ ഏഴയലത്തുപോലും വരില്ല. യഥാർത്ഥത്തിൽ, സർവകലാശാല എന്ന മഹത്തായ സ്ഥാപനത്തെ കേവല കച്ചവട സ്ഥാപനമാക്കി അധഃപതിപ്പിക്കുകയാണ് ഭരണാധികാരികൾ. മൂലധനശക്തികൾക്ക് ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ കൈമാറുകയും അവരുടെ ആവശ്യകതകൾക്കു വേണ്ടിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക എന്നതാണ് ഉദ്ദേശ്യം. അതിനുള്ള സ്വയംഭരണം. അതിനുള്ള അധികാരം. കമ്പോളത്തിൽ മത്സരിക്കാൻ കഴിയുന്ന മികച്ച കോളെജുകളെ സർവകലാശാല എന്ന് പേരിട്ട് അണിയിച്ചൊരുക്കുന്നു. കമ്പോള കോഴ്സുകൾ മാത്രമേ അവിടങ്ങളിൽ പരിശീലിപ്പിക്കൂ. വിദ്യാർത്ഥികൾ കേവല ഉപഭോക്താക്കൾ മാത്രമായി മാറാൻ പോകുന്നു. വിദ്യാഭ്യാസമെന്നത് ഒരു വ്യാവസായിക ഉൽപ്പന്നവും.

മാനവ സമൂഹത്തിന്റെ ജനാധിപത്യ മുന്നേറ്റങ്ങൾക്കെതിരായ സാമ്രാജ്യത്വ ഗൂഢാലോചനയാണിത്. വിദ്യാഭ്യാസ വ്യവസ്ഥയിലൂടെ ഒരു മനുഷ്യനും വിജ്ഞാനത്തിന്റെ വെളിച്ചം നൽകാതിരിക്കുക എന്ന സാമ്രാജത്വ അജണ്ടയാണ് ഇതിലൂടെ നടപ്പാക്കപ്പെടുന്നത്.

കേരളത്തെ സംബന്ധിച്ചിടത്തോളം ഇതിന്റെ പ്രത്യാഘാതങ്ങൾ വമ്പിച്ചതായിരിക്കും. സർക്കാർ-എയ്ഡഡ് കോളെജുകൾ സ്വാശ്രയ സ്വയംഭരണ സ്ഥാപനങ്ങളാകുന്നതോടെ സാധാരണ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾ എന്നെന്നേക്കുമായി അവസാനിക്കാൻ പോകുന്നു. ഗവൺമെന്റ്-എയ്ഡഡ് കോളേജുകൾ ഇല്ലാതാകുന്നതോടെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലേതു പോലെയുള്ള സ്ഥിതിയാണ് സംസ്ഥാനത്തെ കാത്തിരിക്കുന്നത്.

**യോജിച്ച വിദ്യാഭ്യാസ സമരമാണ് കാലം ആവശ്യപ്പെടുന്നത്**

കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ പൊതുവിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പൊളിച്ചെഴുത്തുകളും അട്ടിമറികളും എല്ലാ സീമകളും ലംഘിച്ചു മുന്നേറുകയാണ്. അധ്യാപകരംഗത്തും വിദ്യാർത്ഥി രംഗത്തും നിലനിൽക്കുന്ന ജഡിലതകൾ ഈ കടന്നാക്രമണങ്ങൾക്ക് കൂട്ടായി മാറിയിരിക്കുന്നു. അതിശക്തമായ സമരപ്രവാഹം സൃഷ്ടിക്കാതെ മൂലധനശക്തികളുടെ സംഘടിതാക്രമണങ്ങളെ ചെറുത്തുനിൽക്കാൻ കഴിയാതെ വരും. പൊതുവിദ്യാഭ്യാസത്തെയും സർവ്വകലാശാലകളെയും രക്ഷിക്കുവാൻ യോജിച്ച വിദ്യാർത്ഥി-അധ്യാപക-വിദ്യാഭ്യാസ സംരക്ഷണ പ്രസ്ഥാനമാണ് വളർന്നുവരേണ്ടത്. യോജിച്ച ഇടതുജനാധിപത്യ വിദ്യാർത്ഥി പ്രക്ഷോഭങ്ങൾക്ക് വലിയ വാണിജ്യവല്ക്കരണ സംരംഭങ്ങളെ ചെറിയതോതിലെങ്കിലും തടഞ്ഞുനിർത്താൻ മുൻകാലങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. എന്നാൽ, കഴിഞ്ഞ ഒന്നുരണ്ടു പതിറ്റാണ്ടുകാലമായി സംയുക്ത വിദ്യാർത്ഥി പ്രക്ഷോഭണങ്ങൾ പോലും ഉണ്ടായി വരുന്നില്ലായെന്നത് ദുഃഖകരമാണ്. ഭരണപക്ഷവും പ്രതിപക്ഷവും ഒരേ നയത്തിന്റെ വക്താക്കളായി മാറിയതിനാൽ വിദ്യാഭ്യാസ സ്വകാര്യവൽക്കരണത്തെയും വാണിജ്യവൽക്കരണത്തെയും മുച്ചൂടും എതിർക്കുന്ന യോജിച്ച പ്രക്ഷോഭങ്ങൾ കേട്ടുകേൾവി മാത്രമായിരിക്കുന്നു. എന്നാൽ സമൂഹത്തിന്റെ നിലനിൽപ്പിന് ജനാനുകൂല വിദ്യാഭ്യാസ സമ്പ്രദായം ഉണ്ടായിവരണം. അതിന് ആഗോളീകരണത്തിന്റെ മൂലധന താൽപ്പര്യം പേറുന്ന വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾക്കെതിരെ വിപുലവും ശക്തവുമായ വിദ്യാഭ്യാസസംരക്ഷണ സമരങ്ങൾ പുതുതായി സൃഷ്ടിച്ചെടുക്കേണ്ടിയിരിക്കുന്നു. ഇടതുജനാധിപത്യ മതേതര പ്രസ്ഥാനങ്ങൾ അതിനായി മുന്നോട്ടുവരണം;കാലഘട്ടത്തിന്റെ ആഹ്വാനം ഏറ്റെടുക്കുവാൻ. ●

# മുതലാളിത്തം മനുഷിക മൂല്യങ്ങളെ കെടുത്തുന്നു



**- സഖാവ് പ്രൊവാഷ് ഘോഷ്**

**2013 ഏപ്രില്‍ 24 ന് പാര്‍ട്ടി സ്ഥാപനദിനാചരണത്തോടനുബന്ധിച്ച് കൊല്‍ക്കത്തയില്‍നടന്ന വമ്പിച്ച പൊതുസമ്മേളനത്തില്‍ ജനറല്‍ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് നടത്തിയ പ്രഭാഷണത്തിന്റെ പരിഭാഷയാണ് ചുവടെ കൊടുത്തിട്ടുള്ളത്. സ്ഥലപരിമിതിമൂലം ഈ ലക്കത്തില്‍ മുഴുവന്‍ഭാഗവും പ്രസിദ്ധീകരിക്കാനായിട്ടില്ല. ബാക്കിഭാഗം അടുത്തലക്കത്തില്‍**

സഖാവ് അദ്ധ്യക്ഷന്‍, സഖാക്കളെ, സുഹൃത്തുക്കളേ,

ഇന്ന് ഈ ചരിത്രദിനത്തില്‍ ഗൗരവാവഹമായ ചില കാര്യങ്ങള്‍ ഞാന്‍ നിങ്ങളോട് ചര്‍ച്ച ചെയ്യാനാഗ്രഹിക്കുന്നു. ആരോഗ്യസ്ഥിതിയും കാലാവസ്ഥയും പരിഗണിക്കുമ്പോള്‍ എത്രത്തോളം എനിക്ക് അത് സാധ്യമാകുമെന്ന് അറിയില്ല. എങ്കിലും ഞാന്‍ കഴിയുന്നിടത്തോളം അതിനായി പരിശ്രമിക്കാം.

പശ്ചിമബംഗാളില്‍ ലക്ഷക്കണക്കിനാളുകള്‍ ചിട്ടിഫണ്ട് കുംഭകോണത്തില്‍ തട്ടിപ്പിനിരയായിരിക്കുകയാണ്. എന്താണ് സംഭവിച്ചതെന്ന് എല്ലാവര്‍ക്കുമറിയാം. എന്നാല്‍ എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു. ഇന്ത്യ ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണെന്ന് അവകാശപ്പെടുന്നു. ശക്തമായ ഭരണസംവിധാനവും പോലീസും കോടതിയുമൊക്കെ ഉണ്ട്. കേന്ദ്ര ഇന്റലിജന്‍സ് ബ്യൂറോ, സിബിഐ, സംസ്ഥാന ഇന്റലിജന്‍സ് തുടങ്ങിയ സംവിധാനങ്ങളുമുണ്ട്. ഇതിനൊക്കെ വേണ്ടി കോടിക്കണക്കിന് രൂപയും ചെലവഴിക്കുന്നുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്‍കുന്നുവെന്നാണ് അധികാരികള്‍ അവകാശപ്പെടുന്നത്. അങ്ങനെയെങ്കില്‍ എങ്ങനെയാണ് ഒരു വ്യക്തിക്ക് (ശാരദ ചിട്ടി ഫണ്ട് ഉടമ) ലക്ഷക്കണക്കിനാളുകളെ കബളിപ്പിക്കാനും അവരുടെ പണം അപഹരിക്കാനും കഴിയുന്നത്! ആരിതിന് ഉത്തരം പറയും? കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകകള്‍ ഇതില്‍ ഒരുപോലെ ഉത്തരവാദികളല്ലേ. ബംഗാളില്‍ മുമ്പ് ഭരിച്ചിരുന്ന സിപിഐ(എം) സര്‍ക്കാരിനും ഈ ഉത്തരവാദിത്വത്തില്‍ നിന്ന് ഒഴിയാനാകുമോ? എല്ലാം അവരുടെ കണ്‍മുന്നിലല്ലേ നടന്നത്. ഒറ്റ ദിവസം കൊണ്ട് പതിനായിരം രൂപ ഒരു ലക്ഷമാക്കിത്തരാം എന്നൊരു ബിസിനസുകാരന്‍ പറയുമ്പോള്‍ ഇതെന്താ കണ്‍കെട്ടുവിദ്യയാണോ?നേതാക്കന്മാര്‍ക്കുംമന്ത്രിമാര്‍ക്കുമൊന്നും ഇതേപ്പറ്റി ഒന്നുമറിയില്ലായിരുന്നു എന്ന് നമ്മള്‍ വിശ്വസിക്കണോ. ഇപ്പോഴവര്‍ പരസ്പരം പഴിചാരുന്നു. ഉത്തരവാദിത്വം തലയില്‍ വെച്ചൊഴിയാന്‍ സിപിഐ(എം) മന്ത്രിമാരും തൃണമൂല്‍ മന്ത്രിമാരും തമ്മില്‍ മത്സരിക്കുകയാണ്. ഇരുകൂട്ടരും ഒരുപോലെ ഉത്തരവാദികളാണ് എന്നാണ് ഞങ്ങളുടെ അഭിപ്രായം. എല്ലാവരുടെയും ഒത്താശയോടെയാണ് ഇതെല്ലാം നടന്നിരിക്കുന്നത്.

### സര്‍ക്കാര്‍ ജനങ്ങളില്‍ നിന്ന് കാര്യങ്ങള്‍ മറച്ചുവെയ്ക്കുന്നു

കേന്ദ്രഗവണ്മെന്റ് ഈ ചിട്ടികമ്പനികള്‍ക്ക് പ്രവര്‍ത്തനാനുമതി നല്‍കുന്നതെന്തുകൊണ്ട്? അദ്ധ്വാനിച്ചുണ്ടാക്കിയ സമ്പാദ്യത്തില്‍ നിന്ന് അല്പം അധികവരുമാനം സാധാരണക്കാര്‍ ആഗ്രഹിക്കുക സ്വാഭാവികം മാത്രം. സര്‍ക്കാരിന്റെ സമ്പാദ്യപദ്ധതികളില്‍ നിന്നുള്ള വരുമാനം അടിക്കടി കുറച്ച് സ്വകാര്യകമ്പനികള്‍ക്ക് ജനങ്ങളെ കബളിപ്പിക്കാന്‍ അവസരമൊരുക്കുകയാണ് സര്‍ക്കാരുകള്‍ ചെയ്യുന്നത്. സ്വാഭാവിക രീതിയില്‍ ഇവ്വിധം പണം ഇരട്ടിപ്പിക്കാന്‍ കഴിയില്ലെന്നും അപ്പോള്‍ വഴിവിട്ട കാര്യങ്ങളാണ് നടക്കുന്നതെന്നും ജനങ്ങള്‍ കബളിപ്പിക്കപ്പെടുമെന്നും സര്‍ക്കാരുകള്‍ അറിയാത്തതാണോ?

എന്തുകൊണ്ട് സര്‍ക്കാര്‍ ജനങ്ങളെ മാധ്യമങ്ങളിലൂടെ ഇക്കാര്യങ്ങള്‍ അറിയിച്ചില്ലേ? ഏത് രാഷ്ട്രീയപാര്‍ട്ടിയുടെ പത്രത്തിലാണ് ഇവരുടെ പരസ്യം വരുന്നതെന്നും ഏതൊക്കെ നേതാക്കളാണ് ഇവരുടെ ഉദ്ഘാടനവേളകളിലും മറ്റും പങ്കെടുക്കുന്നതെന്നും ഇപ്പോള്‍ എല്ലാവര്‍ക്കുമറിയാം. ഇനിയും പലതും വെളിച്ചത്ത് വരാനുമുണ്ട്. ഇത്തരത്തിലൊരു സംരംഭം ഉദ്ഘാടനം ചെയ്ത മുന്‍ സിപിഐ(എം) മുഖ്യമന്ത്രി പറഞ്ഞത് ഇവരുടെ പണത്തിന്റെ ഉറവിടത്തെക്കുറിച്ച് അറിയില്ലായിരുന്നു എന്നാണ്. അതായത് ഈ തട്ടിപ്പുകാരെക്കുറിച്ച് മുന്‍ ഗവണ്മെന്റിന് എല്ലാമറിയാമായിരുന്നുവെന്നും ഇവരില്‍ നിന്ന് അവര്‍ ആനുകൂല്യങ്ങള്‍കൈപ്പറ്റിയിട്ടുണ്ട് എന്നും വ്യക്തം. ഇവര്‍ക്കെതിരെ നിയമം കൊണ്ടുവന്നുവെന്നും അതിന് കേന്ദ്രസര്‍ക്കാര്‍ അനുമതിൽകിയില്ലെന്നും പറഞ്ഞ് തടിതപ്പാനാണ് ഇപ്പോഴിവര്‍ ശ്രമിക്കുന്നത്. അതുകൊണ്ടാണത്രേ ഈ തട്ടിപ്പുകാര്‍ക്കെതിരായ നടപടി നീണ്ടുപോയത്. അന്ന് കേന്ദ്രത്തിലെ ഒന്നാം യുപിഎ സര്‍ക്കാര്‍ സിപിഐ(എം) പിന്തുണയോടെയാണ് ഭരിച്ചിരുന്നത് എന്നത് ശ്രദ്ധേയമാണ്. എന്നിട്ട് ഈ ദുരന്തം ഒഴിവാക്കാന്‍ അവര്‍ ശ്രമിക്കാതത്തതെന്തേ. ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് അവര്‍ സമരങ്ങള്‍ വളര്‍ത്തിയെടുക്കാതിരുന്നത് എന്തുകൊണ്ട്? ചിട്ടിക്കമ്പനിക്കാരൊക്കെ ഇവരുടെ ചങ്ങാതിമാരായിരുന്നു എന്നതുതന്നെ കാരണം. സിപിഐ എം ഇക്കാര്യത്തില്‍ സംശുദ്ധരല്ല എന്ന് ഒരു മുന്‍ മന്ത്രി തന്നെ വിഴുപ്പലക്കല്‍ നടത്തിയിട്ടുണ്ട്. സര്‍ക്കാര്‍ മാറിയപ്പോള്‍ എല്ലാ സാമൂഹ്യവിരുദ്ധരും തൃണമൂലിനൊപ്പമായി. ഒപ്പം ചിട്ടിഫണ്ടുകാരും. ചിട്ടിഫണ്ടുകാരുടെ ചടങ്ങില്‍ പങ്കെടുത്തത് അവര്‍ ക്ഷണിച്ചതുകൊണ്ടാണെന്ന് തൃണമൂല്‍ മുഖ്യമന്ത്രി പറയുന്നു. ത്രിപുരയിലെ സിപിഐ (എം) മുഖ്യമന്ത്രിയും ഇതുതന്നെ പറയുന്നു. ക്ഷണിക്കുന്നവരുടെ സ്വഭാവമൊന്നും ഇവര്‍ പരിശോധിക്കുന്നില്ലത്രേ! അവര്‍ വിളമ്പുന്ന ഈ ചവറൊക്കെ വിഴുങ്ങാന്‍ മാത്രം വിഡ്ഢികളാണ് ജനങ്ങള്‍ എന്നാണോ ഇവരൊക്കെ കരുതുന്നത്? ആരാണ് ക്ഷണിക്കുന്നതെന്നും എന്തിനാണ് ക്ഷണിക്കുന്നതെന്നും അതുകൊണ്ട് അവര്‍ക്കുണ്ടാകുന്ന നേട്ടമെന്താണെന്നുമൊക്കെ മനസ്സിലാക്കാതെയാണോ ഒരു നേതാവ് ഒരു ചടങ്ങില്‍ പങ്കെടുക്കുന്നത്? ഒരു സംഘടന ഒരു ആംബുലന്‍സ് സര്‍വ്വീസ് ഉദ്ഘാടനം ചെയ്യാന്‍ മുഖ്യമന്ത്രിയെ ക്ഷണിക്കുമ്പോള്‍ ആ സംഘടനയുടെ പ്രവര്‍ത്തനമെന്താണ് എന്ന് തിരക്കാതെ ക്ഷണം സ്വീകരിക്കുമോ? തൃണമൂല്‍ ഭരിക്കാന്‍ തുടങ്ങിയിട്ട് രണ്ട് വര്‍ഷമായി. അതിനുമുമ്പ് സിപിഐഎം മുപ്പത്തിനാല് വര്‍ഷം ഭരിച്ചു. ഇക്കാലമൊക്കെ ഇവര്‍എന്തുചെയ്യുകയായിരുന്നു? ഈ പാര്‍ട്ടികള്‍ തമ്മില്‍ ഒരു വ്യത്യാസമുണ്ടെന്നത് ശരിതന്നെ. സിപിഐഎം നേതൃത്വം കൂടുതല്‍ സൂത്രശാലികളാണ്. അവരെ അപേക്ഷിച്ച് സാമര്‍ത്ഥ്യം കുറഞ്ഞ തൃണമൂല്‍ പെട്ടെന്ന് പിടിക്കപ്പെട്ടു എന്നതാണ് വസ്തുത.

ലക്ഷക്കണക്കിനാളുകളെ കബളിപ്പിച്ച ഈ ഇടപാടുകളുടെ ഉത്തരവാദിത്വം കേന്ദ്ര-സംസ്ഥാന സര്‍ക്കാരുകള്‍ ഏറ്റെടുത്തേ മതിയാകൂ. നഷ്ടക്കണക്ക് പറഞ്ഞ് വിലപിക്കുന്ന കോര്‍പ്പറേറ്റുകള്‍ക്കും കുത്തകകള്‍ക്കുമൊക്കെ പൊതുഖജനാവില്‍ നിന്ന് 5,50,000 കോടിരൂപയാണ് കേന്ദ്ര-സര്‍ക്കാര്‍ ചൊരിഞ്ഞുകൊടുത്തത്. 5,00,000 കോടിരൂപയുടെ ബജറ്റ് കമ്മിറ്റിയുള്ളപ്പോഴാണ് ഈ നടപടിയെന്നോര്‍ക്കണം. കുത്തകകളോട് എന്ത് ഔദാര്യം! എന്നാല്‍ ഈ ചിട്ടിഫണ്ട് കുംഭകോണത്തില്‍ കൊള്ളയടിക്കപ്പെട്ട നിക്ഷേപകര്‍ക്ക് ഒരു സാമ്പത്തിക സഹായം ചെയ്യാന്‍ ഈ സര്‍ക്കാര്‍ തയ്യാറാകാത്തതെന്ത്? സംസ്ഥാന സര്‍ക്കാരിനും ഇത് ചെയ്യാവുന്നതേയുള്ളൂ. തെരഞ്ഞെടുപ്പ് താല്‍പ്പര്യം മുന്‍നിര്‍ത്തി ഇമാമുമാരുടെ അലവന്‍സെന്നും ക്ലബുകള്‍ക്ക് സംഭാവനയെന്നുമൊക്കെ പറഞ്ഞ് എത്ര പണമാണിവര്‍ ധൂര്‍ത്തടിക്കുന്നത്. പക്ഷേ തട്ടിപ്പിന് ഇരയായ പാവങ്ങള്‍ക്ക് ഒരു സഹായവുമില്ല. കേന്ദ്ര-സംസ്ഥാന സര്‍ക്കാരുകള്‍ പ്രതിരോധ ബജറ്റും പോലീസ് ബജറ്റുമൊക്കെ വെട്ടിക്കുറക്കുകയും എംപിമാരുടെയും എംഎല്‍എ മാരുടെയും മന്ത്രിമാരുടെയും ഉദ്യോഗസ്ഥപ്രമാണിമാരുടെയുമൊക്കെ ശമ്പളത്തില്‍ അല്പം കുറവുവരുത്തുകയും ചെയ്താല്‍ നിക്ഷേപകര്‍ക്ക് കൊടുക്കാന്‍ ആവശ്യമായ തുകകിട്ടും. അല്ലാത്തപക്ഷം അവര്‍ ആത്മഹത്യ ചെയ്യേണ്ടിവരും. പോയതുപോയി എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. കബളിപ്പിക്കപ്പെട്ടവരോടുള്ള മനോഭാവം കൊള്ളാം. എല്ലാം നഷ്ടപ്പെട്ട് വഴിയാധാരമായിരിക്കുന്നവരോട് ക്ഷമയോടെ അടങ്ങിയൊതുങ്ങി ഇരിക്കാനാണ് ഉപദേശം. ഇതെന്ത് മനോഭാവമാണ്?

സിപിഐ(എം) ആകട്ടെ, ഈ ചിട്ടിഫണ്ട് കുംഭകോണം, വരുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പില്‍, വരണ്ടുണങ്ങി കിടക്കുന്ന തങ്ങളുടെ വോട്ടുബാങ്കില്‍ അല്പം പച്ചപ്പുണ്ടാക്കുമെന്ന പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. ഇതാണ് നടക്കുന്നത്. തൃണമൂല്‍ കോണ്‍ഗ്രസിനെ പശ്ചിമബംഗാളിന്റെ രക്ഷകനായി ഉയര്‍ത്തികാട്ടിയ മുതലാളിവര്‍ഗ്ഗം ഇത് അധികകാലം ഗുണം ചെയ്യില്ല എന്ന ചിന്താഗതിയിലാണിപ്പോള്‍. ഭരണവര്‍ഗ്ഗത്തെ സംബന്ധിച്ചിടത്തോളം സിപിഐ(എം) ആണ് കൂടുതല്‍ ആശ്രയിക്കത്തക്കതും കാര്യപ്രാപ്തിയുള്ളതും. അതുകൊണ്ട് അതേ ബൂര്‍ഷ്വാ മാധ്യമങ്ങള്‍ തന്നെ ഇപ്പോള്‍ സിപിഐ(എം) നുവേണ്ടി പ്രചാരണം ആരംഭിച്ചിരിക്കയാണ്. കേന്ദ്രത്തില്‍ കോണ്‍ഗ്രസും ബിജെപിയുമെന്നപോലെ ഇവിടെയും രണ്ടുപാര്‍ട്ടികള്‍ക്കിടയില്‍ അധികാരം മാറിമാറി ഏല്പിക്കാനുള്ള ശ്രമത്തിലാണ് മുതലാളിവര്‍ഗ്ഗം. സിപിഐ(എം) ആകട്ടെ, തെറ്റുതിരുത്തല്‍ സമരത്തിലൂടെ എന്ത് തിരുത്തലാണ് വരുത്തിയതെന്ന് അവരുടെ നേതാക്കളുടെ വാക്കും പ്രവൃത്തിയും വ്യക്തമാക്കുന്നുണ്ട്. എന്തെങ്കിലും തെറ്റുകള്‍ അവര്‍ ഏറ്റുപറഞ്ഞോ? എന്തെങ്കിലും തിരുത്തല്‍ അവര്‍ വരുത്തിയോ? അധികാരത്തിലിരുന്നപ്പോള്‍, പോലീസും ഭരണസംവിധാനവും ക്രിമിനലുമൊക്കെ അവരുടെ വരുതിയിലായിരുന്നപ്പോള്‍, പണച്ചാക്കുകളുടെ പിന്‍ബലമുണ്ടായിരുന്നപ്പോള്‍ അവര്‍ അഹങ്കരിച്ചു, ജനകീയ സമരങ്ങളെ ഫാസിസ്റ്റ് രീതിയില്‍ തച്ചുതകര്‍ത്തു, ഭീതി വിതച്ചു, ജനങ്ങളെ വേട്ടയാടി. അധികാരം നഷ്ടപ്പെട്ടതോടെ അവര്‍ മാളത്തിലൊളിച്ചു. നല്ല നാളെകള്‍ തിരിച്ചുവരുന്നതും കാത്ത് കഴിയുന്നു. സിപിഐഎം എന്ന് ചെയ്ത തിന്മകളൊക്കെ മാറ്റ ത്തിന്റെ മൂടുപടമിട്ടുകൊണ്ട് തൃണമൂല്‍ അതേപടി ആവര്‍ത്തിക്കുന്നു.

ആവശ്യമായ നിയമങ്ങളുടെ അഭാവം മൂലം ശാരദാചിട്ടിക്കമ്പനിക്കെതിരെ ഒരു നടപടിയും എടുക്കാന്‍ കഴിയുന്നില്ല എന്നാണ് ഭരണക്കാര്‍ പറയുന്നത്. നിയമത്തോട് എന്ത് ആദരവ്! കേന്ദ്രം നിയമം നിര്‍മ്മിക്കുന്നത് കാത്തിരിക്കുകയാണെന്നും കേന്ദ്രം ഇത് താമസിപ്പിക്കുകയാണെന്നുമാണ് ഇവര്‍ ആവര്‍ത്തിക്കുന്നത്. എന്തായാലും വര്‍ഷങ്ങള്‍ കടന്നുപോയി, സംഭവിക്കാനുള്ളത് സംഭവിക്കുകയും ചെയ്തു. എന്നാല്‍ ഒരു കാര്യം ചോദിക്കട്ടെ, ജനാധിപ്രക്ഷോഭങ്ങള്‍ അടിച്ചമര്‍ത്തുമ്പോള്‍ നിങ്ങള്‍ ഏതെങ്കിലും നിയമം പാലിക്കാറുണ്ടോ? കഴിഞ്ഞദിവസം, പ്രൈമറി അധ്യാപകരെ തെരഞ്ഞെടുക്കാനുള്ള പരീക്ഷയില്‍ സമ്പൂര്‍ണ്ണമായ ക്രമക്കേട് നടന്നത് ചൂണ്ടിക്കാട്ടി നമ്മളുടെ വിദ്യാര്‍ത്ഥി സംഘടന ഒരു സമരം മേദിനിപ്പൂരില്‍ സംഘടിപ്പിക്കുകയുണ്ടായി. ആ ഡി.എസ്.ഒ പ്രവര്‍ത്തകരെ അറസ്റ്റുചെയ്ത് അവര്‍ക്കുമേല്‍ എന്തൊക്കെ കുറ്റങ്ങളാണ് ചുമത്തിയത് എന്നറിയാമോ? സ്ത്രീകളെ മാനഭംഗപ്പെടുത്തി എന്ന കുറ്റം! നിയമഭക്തരുടെ ചെയ്തികള്‍ നോക്കൂ. ക്രമക്കേടിനെതിരെ പ്രകടനം നടത്തിയവരെ അറസ്റ്റ് ചെയ്താണ് മാനഭംഗത്തിന് കേസെടുക്കുന്നത്! തൃണമൂല്‍ കോണ്‍ഗ്രസ് അധികാരത്തില്‍ വന്നശേഷം എട്ടാംക്ലാസുവരെ ആള്‍പ്രൊമോഷന്‍ ഏര്‍പ്പെടുത്തിയതിനെതിരെ നമ്മളാണ് ആദ്യം സമരം ചെയ്തത്. വിദ്യാഭ്യാസതാല്പര്യം മുന്‍നിര്‍ത്തി വിദ്യാര്‍ത്ഥികള്‍ ആ സമരത്തില്‍ അണിനിരന്നു. എന്നാല്‍, ഡി.എസ്.ഒക്കാര്‍ കുട്ടികളെ സ്കൂളില്‍ നിന്ന് തട്ടിക്കൊണ്ടുപോയി പ്രകടനത്തില്‍ പങ്കെടുപ്പിക്കുന്നു എന്ന വാര്‍ത്ത പരന്നു. ഇത് തികച്ചും അടിസ്ഥാനരഹിതമായിരുന്നു. പക്ഷേ, ഒരു തൃണമൂല്‍ നേതാവിന്റെ ആജ്ഞയനുസരിച്ച് പോലീസ് ഡി.എസ്.ഒ പ്രവര്‍ത്തകരെ അറസ്റ്റ് ചെയ്ത് കള്ളക്കേസ് ചാര്‍ജ് ചെയ്തു. ഇത്തരം സന്ദര്‍ഭങ്ങളില്‍ പോലീസ് ഒരു നിയമവും നോക്കുന്നില്ല. സിപിഐഎം ഭരിക്കുമ്പോള്‍ ഒരു ബഹുജനപ്രക്ഷോഭ രംഗത്ത് നമ്മുടെ പ്രവര്‍ത്തകരും പോലീസുമായി ചെറിയതോതില്‍ ഒരു സംഘര്‍ഷമുണ്ടായപ്പോള്‍ അറസ്റ്റ് ചെയ്ത പ്രവര്‍ത്തകരുടെ മേല്‍ കൊലപാതകശ്രമത്തിന് കേസ് ചാര്‍ജ് ചെയ്യുകയുണ്ടായി. പത്തിരുപത് വര്‍ഷമായി ഈ കേസ് നടക്കുന്നു. ജനകീയ സമരങ്ങളുടെ സംഘാടകര്‍ക്കുമേല്‍ പല പ്രതിപക്ഷ പ്രവര്‍ത്തകരും കൊല്ലപ്പെടുന്നുണ്ട്.മുതലാളിമാരുടെ പരാതിപ്രകാരം നിരപരാധികളായ പല തൊഴിലാളികളുടെയും മേല്‍ കള്ളക്കേസ് ചുമത്തി ജയിലിലിടക്കുന്നു. സമരക്കാരെ അറസ്റ്റ് ചെയ്തതിനു ശേഷം അവരെ ഒരു പാഠം പഠിപ്പിക്കാനായി ഓരോരോ വകുപ്പുകള്‍ ചുമത്തി കേസെടുക്കുന്നു. ഇവര്‍ നിയമങ്ങളുടെ ആരാധകര്‍ തന്നെ! ഒരു സംശയവുമില്ല.അങ്ങനെ നിയമങ്ങളുടെ അപര്യാപ്തത മൂലം മര്‍ദ്ദകരായ മുതലാളിമാര്‍ക്കും കരിഞ്ചന്തക്കാര്‍ക്കും തട്ടിപ്പുകാര്‍ക്കും കൊള്ളക്കാര്‍ക്കുമൊന്നും എതിരെ കേസെടുക്കാന്‍ കഴിയാത്ത നിസ്സഹായാവസ്ഥയിലാണ് പോലീസ്!

### പാര്‍ട്ടികളുടെയും നേതാക്കളുടെയും പണത്തിന്റെ ഉറവിടമെന്താണ്?

കുറെക്കാലമായി രാഷ്ട്രീയം പണം കൊണ്ടുള്ള ഒരു കളിയാണെന്ന് ഏവര്‍ക്കുമറിയാം. കുത്തകകളും പൂഴ്ത്തിവെയ്പുകാരും കള്ളക്കടത്തുകാരും പെണ്‍വാണിഭക്കാരുമൊക്കെ നല്‍കുന്നതാണ് ഈ പണം. ചിട്ടിഫണ്ട് തട്ടിപ്പുകാരും അവരുടെ കൂട്ടത്തിലുണ്ട്. കോണ്‍ഗ്രസ്സോ ബിജെപിയോ ആരുമാകട്ടെ, വോട്ട് രാഷ്ട്രീയം കളിക്കുന്ന നേതാക്കള്‍ സാമ്പത്തിക തിരിമറി നടത്തുന്നവരായിരിക്കും. ഇനി സിപിഐ(എം) ന്റെ കാര്യമെടുക്കാം. സിപിഐ(എം) ന് എത്ര ആസ്തിയുണ്ടെന്ന് നിങ്ങള്‍ക്കറിയാമോ! തെരഞ്ഞെടുപ്പ് കമ്മിഷന് അവര്‍ സമര്‍പ്പിച്ച കണക്കുപ്രകാരം സ്വത്തിന്റെ കാര്യത്തില്‍ കോണ്‍ഗ്രസ്സിനും ബിജെപിക്കും മായാവതിയുടെ ബിഎസ്പിക്കും പിന്നില്‍

(ശേഷം12 -ാം പേജില്‍)

# മുതലാളിവർഗ്ഗത്തിന് പാദസേവ ചെയ്യുന്ന രാഷ്ട്രീയകക്ഷികൾ മുഖംമൂടിയണിഞ്ഞ ക്രിമിനലുകൾ

(11-ാം പേജിൽ നിന്നു തുടർച്ച)

അവരുണ്ട്. ഇത് പാവപ്പെട്ട തൊഴിലാളികൾ നൽകിയ പണമാണോ? എവിടെ നിന്നാണ് ഈ പണം വരുന്നത്? മനസ്സിലാക്കാൻ വല്ല പ്രയാസവുമുണ്ടോ? ഇന്ന് തെരഞ്ഞെടുപ്പ് എന്ന് പറഞ്ഞാൽ പണത്തിന്റെയും കയ്യൂക്കിന്റെയും മാധ്യമബലത്തിന്റെയും അധികാരത്തിന്റെയും ഒരു ഏർപ്പാട് എന്നേ അർത്ഥമുള്ളൂ.

ജനാധിപത്യം ഇന്ന് ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി നടത്തപ്പെടുന്ന ഒന്നല്ല. അത് മേല്പറഞ്ഞ ശക്തികളുടെ ഒരു ഏർപ്പാടാണ്. എല്ലാവരും ജനങ്ങളെപ്പിടിച്ച് ആണയിടുന്നുണ്ട്. എല്ലാം വെറും തട്ടിപ്പ്. മുതലാളിവർഗ്ഗം ലോകത്തെവിടെയും ഒരുപോലെയാണ്. പണം പിടുങ്ങാൻ ബൂർഷ്വാ പാർട്ടികൾ തമ്മിൽ മത്സരിക്കുന്നു. ബി.ജെ.പിയേക്കാൾ കൂടുതൽ കോൺഗ്രസ് സമ്പാദിക്കുന്നു. മുപ്പത്തിനാല് വർഷം കൊണ്ട് സിപിഐ(എം) സമ്പാദിച്ചതിനേക്കാൾ കൂടുതൽ വെറും ഇരുപത്തിനാല് മാസം കൊണ്ട് തൃണമൂൽ സമ്പാദിക്കും. ചില നേതാക്കൾ അഴിമതിയുടെ കറ പുരളാത്തവരാണ് എന്ന് മേനി നടിക്കുന്നു. അവർ പണം കൈകൊണ്ട് തൊടില്ല. പക്ഷേ, എല്ലാം വെട്ടിവിഴുങ്ങാൻ ഉപഗ്രഹങ്ങൾ പോലെ ചുറ്റും കറങ്ങുന്ന കിങ്കരന്മാരെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. എന്തായാലും ഈ സത്യസന്ധരായ നേതാക്കൾ പറയുന്നത് അവർ ഒന്നും അറിഞ്ഞില്ല എന്നാണ്. അവർ കണ്ണും പൂട്ടിയിരിക്കുകയാണ്. ജനങ്ങളും ഇവർ സത്യസന്ധരാണെന്ന് വിശ്വസിക്കുന്നു. കൂടെയുള്ളവരാണ് കള്ളന്മാർ. സിപിഐഎം 34 വർഷം കൊള്ളയടിച്ചെങ്കിൽ തൃണമൂലിന് എന്തുകൊണ്ട് ആയിക്കൂടാ എന്നാണ് ഗ്രാമീണരായ തൃണമൂൽ പ്രവർത്തകർ ചോദിക്കുന്നത്. പണം പിടുങ്ങൽ ഒരു അവകാശമായിരിക്കുന്നു. മഹത്തായ ഈ ജനാധിപത്യം മാഫിയകളുടെയും കൊള്ളക്കാരുടെയും കുറ്റവാളികളുടെയും പോലീസിന്റെയുമൊക്കെ ജനാധിപത്യമാണ്. സ്വാതന്ത്ര്യസമരകാലത്ത് സി. ആർ.ദാസും ലാലാജിയും ഭഗത്സിംഗും സൂര്യസെന്നും പോലെയുള്ള നേതാക്കൾ തിലകനും നേതാജിയും കയ്യാളിയ രാഷ്ട്രീയത്തിന്റെ നിലവാരത്തെക്കുറിച്ച് ഒന്ന് ഓർത്തു നോക്കൂ. അധികാരമോഹികളും ആർത്തിപ്പണ്ടാരങ്ങളുമായ ഇന്നത്തെ നേതാക്കൾ രാഷ്ട്രീയത്തെ ഏതൊരു പതനത്തിലാണ് കൊണ്ടെത്തിച്ചിരിക്കുന്നത്!

ജന്മിത്തത്തിനെതിരെ പൊരുതിക്കൊണ്ടാണ് യൂറോപ്പിൽ ബൂർഷ്വാ ജനാധിപത്യം ഉദയം ചെയ്തത്. കുടിൽ വ്യവസായങ്ങളുടെ സ്ഥാനത്ത് ഒരു ദേശീയ കമ്പോളം ഉയർന്നുവന്നു. വൻവ്യവസായങ്ങൾക്ക് തൊഴിലാളികളെ ആവശ്യമായിരുന്നു. ഇതിനായി അടിയാന്മാരെ ജന്മിത്ത കെട്ടുപാടുകളിൽ നിന്ന് മോചിപ്പിക്കേണ്ടതുണ്ടായിരുന്നു. പ്രകൃതിവിഭവങ്ങൾ ശരിയാംവണ്ണം ഉപയോഗപ്പെടുത്താൻ ശാസ്ത്രസാങ്കേതിക വിദ്യാവികാസം അനിവാര്യമായിരുന്നു. സാമൂഹ്യപുരോഗതിക്കായി നിലകൊണ്ട നവജാതമുതലാളിത്തയുഗമായിരുന്നു അത്. റാംമോഹനെയും വിദ്യാസാഗറിനെയും പോലുള്ള ഇന്ത്യൻ നവോത്ഥാനത്തിന്റെ തുടക്കക്കാർ ഇതിൽ ആകൃഷ്ടരായി. നാഗരികത പിറവികൊണ്ട ചരിത്രമുഹൂർത്തമായിരുന്നു അത്. യൂറോപ്പിലാണ് നാഗരികത എന്ന സങ്കല്പം ഉയിർകൊള്ളുന്നത്. എന്നാൽ ഈ മുതലാളിത്തം ചരിത്രത്തിന്റെ അനിഷേധ്യ നിയമങ്ങളാൽ പ്രതിസന്ധിയിലകപ്പെടുമെന്ന് മഹാനായ മാർക്സ് ചൂണ്ടിക്കാട്ടി. കാരണം, മുതലാളിത്തത്തിൽ ഉല്പാദനലക്ഷ്യം ലാഭമാണ്, ഇന്നത് പരമാവധി ലാഭവും. തൊഴിലാളികൾക്ക് അർഹതപ്പെട്ട പ്രതഫലം നിഷേധിക്കാതെ ഇത് സാധ്യമാകില്ല. മുതലാളിത്തത്തിന് കമ്പോളം വേണം. മനുഷ്യസമൂഹത്തെക്കുറിച്ചല്ല, മനുഷ്യ കമ്പോളത്തെക്കുറിച്ചാണ് മുതലാളിമാർ ചിന്തിക്കുന്നത്. കമ്പോളം എന്ന ഒറ്റ വിചാരമേ അവർക്കുള്ളൂ. അവരെപ്പോഴും കമ്പോളം അന്വേഷിച്ചുകൊണ്ടിരിക്കുന്ന, അതായത് ഉല്പന്നം വാങ്ങാനുള്ള ആളുകളെ തെരഞ്ഞുകൊണ്ടിരിക്കുന്നു. വാങ്ങാനാളില്ലെങ്കിൽ കമ്പോളവുമില്ല. മുതലാളിമാരെ സംബന്ധിച്ചിടത്തോളം പരമാവധി ലാഭം നേടാനുള്ള ലാഭയന്ത്രത്തിൽ ഉപയോഗിക്കാനുള്ള അസംസ്കൃത വിഭവം മാത്രമാണ് മനുഷ്യൻ. വിരോധാഭാസമെന്നു പറയട്ടെ, ഈ സമീപനം വാങ്ങൽശേഷിയുള്ളവരുടെ എണ്ണം കുറയുന്നതിനും കമ്പോള പ്രതിസന്ധി ഉലയെടുക്കുന്നതിനും കാരണമാകുകയും ചെയ്യുന്നു.

### ജനാധിപത്യം പാഴ്വാക്കാകുന്നു. ബുദ്ധിജീവികൾ മൗനം ദീക്ഷിക്കുന്നു

ബൂർഷ്വാജനാധിപത്യത്തിന്റെ ആരംഭകാലത്ത് യൂറോപ്പ് മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം കല്പിച്ചിരുന്നു. എന്നാൽ, മുതലാളിത്തം വികാസം പ്രാപിച്ച് കുത്തക മുതലാളിത്തമാകുകയും സാമ്പത്തിക ദുഷ്പ്രഭുത്വത്തിന് ജന്മം നൽകിക്കൊണ്ട് സാമ്രാജ്യത്വഘട്ടത്തിലെത്തുകയും ചെയ്തു. ബാങ്ക് മൂലധനവും വ്യവസായ മൂലധനവും ലയിച്ച് ഫിനാൻസ് മൂലധനത്തിന് രൂപം നൽകിക്കൊണ്ട് മൂലധന കയറ്റുമതിക്ക് വഴിയൊരുക്കിയാണ് ഈ ഉയർന്ന ഘട്ടത്തിൽ മുതലാളിത്തം എത്തിയത്. ഇതോടെ, വിദേശകമ്പോളം ചൂഷണം ചെയ്യാനും വ്യവസായ, കാർഷിക മേഖലകളിലും ഓഹരികമ്പോളത്തിലും ആധിപത്യം ചെലുത്താനും കഴിഞ്ഞു. ഇതോടെ മുതലാളിത്തത്തിന്റെ വികാസഘട്ടം അവസാനിച്ചിരിക്കുന്നുവെന്നും അതിന്റെ ജീർണ്ണത ആരംഭിച്ചിരിക്കുന്നുവെന്നും ലെനിൻ ചൂണ്ടിക്കാട്ടി. ഒരിക്കൽ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച മുതലാളിവർഗ്ഗം ഇപ്പോൾ എല്ലാ ജനാധിപത്യമൂല്യങ്ങളും ചവിട്ടിമെതിക്കാൻ തുടങ്ങി. സ്വന്തം രാജ്യത്തെ ജനങ്ങളെ നിർദ്ദയം ചൂഷണം ചെയ്തും അടിച്ചമർത്തിയും അതോടൊപ്പം മറ്റ് രാജ്യങ്ങളിലെ ജനങ്ങളെ കൊള്ളയടിച്ചുമാണ് ഇപ്പോൾ മുതലാളിത്തം പിടിച്ചു നിൽക്കുന്നത്. ഇന്ന് യൂറോപ്പിൽ ഒരു ഗലീലിയോവിനെയോ ന്യൂട്ടണെയോ ഷേക്സ്പിയർ, ഷെല്ലി, ബയറൺ, റൂസ്സോ, വോൾട്ടയർ, മിൽ, ബേക്കൺ, ഫ്യൂവർബാഗ്, കാന്റ്, സ്പിനോസ എന്നിവരെയോ കാണാൻ കഴിയുന്നുണ്ടോ? ഒരിക്കൽ ഉജ്ജ്വലവ്യക്തിത്വങ്ങൾക്ക് ജന്മം നൽകിയ യൂറോപ്പ്, അമേരിക്ക ഇന്ന് വികലമനസ്സുകളെയാണ് സൃഷ്ടിക്കുന്നത്. സ്കൂൾ കുട്ടികളെ കൊലപ്പെടുത്തുന്നവരും സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോഴേ രതിവൈകൃതങ്ങൾക്ക് ഇരയാകുന്നവരുമാണ് ഇന്ന് സൃഷ്ടിക്കപ്പെടുന്നത്. വിവാഹം കഴിക്കാതെ സ്ത്രീ പുരുഷന്മാർ ഒരുമിച്ച് ജീവിക്കുന്നതിനും സ്വവർഗ്ഗരതി നിയമവിധേയമാക്കുന്നതിനും വേണ്ടി അവർ മുറവിളി കൂട്ടുന്നു. കൂട്ടസംഹാരശേഷിയുള്ള രാസവസ്തുക്കളും വിഷവാതകങ്ങളും ആയുധങ്ങളും നിർമ്മിക്കുന്ന ഫാക്ടറിയായി യൂറോപ്പും അമേരിക്കയും മാറിയിരിക്കുന്നു. ബൂർഷ്വാ ജനാധിപത്യത്തിന്റെ ഈ നെടുങ്കോട്ടകൾക്ക് ഇന്ന് അന്തർദ്ദേശീയ രംഗത്ത് എന്ത് പങ്കാണ് നിർവഹിക്കാനുള്ളത്? ഇറാഖിലെ എണ്ണപ്പാടങ്ങൾ സ്വന്തമാക്കാനായി അവർ ഇറാഖിനെതിരെ കള്ളക്കഥ പ്രചരിപ്പിച്ചു. ഇറാഖ് കൂട്ടസംഹാരായുധങ്ങൾ ഉണ്ടാക്കുകയാണെന്നും അവരെ തടഞ്ഞില്ലെങ്കിൽ അവർ ലോകത്തെയാകെ നശിപ്പിച്ചുകളയുമെന്നും അമേരിക്കയും ബ്രിട്ടനും പ്രചാരണം നടത്തി. ഇരുരാജ്യങ്ങളുടെയും പാർലമെന്റ് ഈ കള്ളക്കഥ അംഗീകരിച്ചു. ഇറാഖ് ആക്രമിക്കപ്പെടുകയും അതിന്റെ പരമാധികാരം അട്ടിമറിക്കപ്പെടുകയും ചെയ്തു. എന്നാൽ ഈ പ്രചാരണം തീർത്തും വ്യാജമായിരുന്നുവെന്ന് ലോകജനത ഇപ്പോൾ തിരിച്ചറിയുന്നു. പക്ഷേ, ഇറാഖിനെ അവർ നിലംപരിശാക്കി. സ്ത്രീകളും കുട്ടികളുമടക്കം ആയിരക്കണക്കിന് നിരപരാധികളെ കൊന്നൊടുക്കി. വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആതുരാലയങ്ങൾ, ആരാധനാലയങ്ങൾ, വിലപ്പെട്ട പുരാവസ്തുശേഖരങ്ങൾ തുടങ്ങിയവയൊക്കെ നശിപ്പിച്ചു. നമ്മുടേതടക്കം ഒരു രാജ്യത്തെയും പാർലമെന്റുകൾ ഈ കൊടും ക്രൂരതക്കെതിരെ ശബ്ദമുയർത്തിയില്ല. ബുദ്ധിജീവികളൊക്കെ എവിടെയായിരുന്നു. റൊമെയ്ൻ റോളണ്ടും ബർണാഡ്ഷായും ഐൻസ്റ്റീനും രവീന്ദ്രനുമൊക്കെ ജീവിച്ചിരുന്നെങ്കിൽ അവർ ഈ അതിക്രമം അംഗീകരിക്കുമായിരുന്നോ? ഇറാഖിനു ശേഷം ഇവർ അഫ്ഗാനിസ്ഥാനെ തകർത്തു, ലിബിയയെ നശിപ്പിച്ചു. ഇപ്പോൾ സിറിയയെ ലക്ഷ്യം വെച്ചിരിക്കുകയാണ്. സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും വക്താക്കളെന്ന് കരുതുന്ന ബുദ്ധിജീവികൾ നിശബ്ദത പാലിക്കുകയാണ്. അവർക്ക് ഒരു മനസ്സാക്ഷിക്കുത്തുമില്ല, ഒരു അലോസരം പോലുമില്ല. തെറ്റിനെയും അനീതിയെയും എതിർക്കാനും സാമൂഹ്യപുരോഗതിക്കുവേണ്ടി നിലകൊള്ളാനുമുള്ള ബുദ്ധിയും വിവേകവും ഈ ബുദ്ധിജീവികൾക്കില്ല. പണവും പ്രശസ്തിയും സമ്പാദിക്കാൻ വേണ്ടി മാത്രമാണ് ഇവർ ബുദ്ധി ഉപയോഗിക്കുന്നത്. അഥവാ ആരെങ്കിലും പ്രതികരിച്ചാൽത്തന്നെ അവരുടെ ഔദ്യോഗിക ജീവിതത്തിന് ഒരു പോറൽപോലും ഏൽക്കില്ല എന്ന് ഉറപ്പുവരുത്തി കൊണ്ടുമാത്രമേ അതിന് തയ്യാറാകൂ. വല്ലാത്ത ബുദ്ധിജീവികൾ തന്നെ!

എന്നാൽ സ്റ്റാലിനെ അധിക്ഷേപിക്കാനും അദ്ദേഹത്തെ സ്വേച്ഛാധിപതിയായി ചിത്രീകരിക്കാനും കിട്ടുന്ന ഒരവസരവും ഈ ബുദ്ധിജീവികൾ പാഴാക്കില്ല. രണ്ടാം ലോകയുദ്ധത്തിനുമുമ്പ് ജർമ്മനി, റഷ്യയിലടക്കം എല്ലാ രാജ്യങ്ങളിലും അഞ്ചാംപത്തികളെ, അഥവാ രഹസ്യഏജന്റുമാരെ നിയോഗിച്ചിരുന്നു. സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയന്റെ രക്ഷയ്ക്കുവേണ്ടി സ്റ്റാലിൻ, കുപ്രസിദ്ധരായ ഈ അഞ്ചാംപത്തികളെ പിടികൂടി ശിക്ഷിച്ചു. ചരിത്രത്തിൽ ഇതുപോലൊരു തുറന്ന വിചാരണ അഭൂതപൂർവ്വമായിരുന്നു. വിദേശനയതന്ത്രജ്ഞരോടെല്ലാം പ്രതിനിധികളെ അയക്കാനും വക്കീലന്മാരെ നിയോഗിക്കാനും വിചാരണയിൽ സാക്ഷ്യം വഹിക്കാനും സ്റ്റാലിൻ ആവശ്യപ്പെട്ടു. വിചാരണയിൽ പങ്കെടുത്തവരെല്ലാം അത് നീതിപൂർവ്വകമായിരുന്നു എന്ന് ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടു. രവീന്ദ്രനാഥും സുഭാഷ് ബോസും ശരത്ചന്ദ്രനും അന്ന് ജീവിച്ചിരിപ്പുണ്ട്. അവരാരും ഈ മോസ്കോ വിചാരണക്കെതിരെ ഒരു വിയോജിപ്പും പറഞ്ഞിട്ടില്ല. കാരണം, അവർക്ക് അതിന്റെ ന്യായയുക്തത ബോധ്യപ്പെട്ടിരുന്നു. ഈ ഉജ്ജ്വല വ്യക്തിത്വങ്ങളെക്കാൾ മികച്ചവരാണോ ഇന്നത്തെ ബുദ്ധിജീവികൾ? ഞാനൊന്ന് ചോദിക്കട്ടെ, ആരാണ് ഒന്നാം ലോകയുദ്ധവും രണ്ടാം ലോകയുദ്ധവും ആരംഭിച്ചത്? റഷ്യയോ അതോ സാമ്രാജ്യത്വശക്തികളോ? ആരാണ് ഹിറ്റ്ലർക്ക് ജന്മം നൽകിയത്? റഷ്യയോ അതോ മുതലാളിത്തമോ? ആരാണ് ഹിരോഷിമയും നാഗസാക്കിയും നശിപ്പിച്ചത്, റഷ്യയോ അമേരിക്കയോ? ആരാണ് കൊറിയയിലേക്കും ചൈനയിലേക്കും അതിക്രമിച്ച് കയറിയത്? ആരാണ് വിയറ്റ്നാമിനെ ആക്രമിച്ചത്? എല്ലാറ്റിനും ഒരുത്തരമേയുള്ളൂ, അമേരിക്കൻ സാമ്രാജ്യത്വം, ജനാധിപത്യത്തിന്റെ സംരക്ഷകനായി ചമയുന്ന അമേരിക്കൻ സാമ്രാജ്യത്വം തന്നെ. എവിടെ ബുദ്ധിജീവികൾ? വയറുപിഴപ്പ് ബുദ്ധിജീവികളല്ലെങ്കിൽ, സത്യസന്ധരാണെങ്കിൽ അവർ വായ തുറക്കട്ടെ. ഇന്നും ഇറാഖിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച്, ഗ്വാണ്ടനാമോയിൽ അരങ്ങേറുന്ന കിരാതത്വക്കുറിച്ച് അവർ പ്രതിഷേധ ശബ്ദമുയർത്തട്ടെ! അമേരിക്കയിൽ വാണിജ്യാടിസ്ഥാനത്തിൽ, സ്വകാര്യബിസിനസുകാരാണ് ജയിലുകൾ നടത്തുന്നത്. ഈ ജയിൽ മുതലാളിമാർക്ക് എല്ലാ അധികാരങ്ങളും കൈമാറിയിരിക്കുകയാണ്. ലോകത്തേറ്റവും കൂടുതൽ ജയിൽപ്പുള്ളികളുള്ളത് അമേരിക്കയിലാണ്. ഇവരെക്കൊണ്ട് ജയിൽ മുതലാളിമാർ രാപകലില്ലാതെ പണിയെടുപ്പിക്കുന്നു. സ്വതന്ത്രലോകത്തെ സ്വതന്ത്ര ജനാധിപത്യം ഇതാണ്!

### യുവത്വത്തെ അധഃപതിപ്പിക്കുന്നതാര്?

നമ്മുടെ രാജ്യത്ത് സ്ത്രീകളും പെൺകുട്ടികളും നിത്യേന ബലാൽസംഗം ചെയ്യപ്പെടുന്നു ഇത് യാദൃച്ഛികമാണോ? ആരെങ്കിലും ബലാത്സംഗക്കാരനായി ജനിക്കുന്നുണ്ടോ? അഞ്ചോ ആറോ പതിറ്റാണ്ടുകൾക്ക് മുമ്പ് നമ്മുടെ രാജ്യത്ത് ഇങ്ങനെയൊരു സ്ഥിതി ഉണ്ടായിരുന്നോ? അന്നൊക്കെ ഒറ്റപ്പെട്ട ചില ലൈംഗികാതിക്രമങ്ങൾ ഉണ്ടായിട്ടുണ്ട്. മൂന്നുവയസ്സുകാരിയും മുത്തശ്ശിമാരും ബലാത്സംഗം ചെയ്യപ്പെടുന്ന സ്ഥിതി ഉണ്ടായിരുന്നില്ല. ഈ വഴിതെറ്റിയ യുവാക്കളെ ആരാണ് സൃഷ്ടിക്കുന്നത്. ഇവർ ദൈവത്തിന്റെ സൃഷ്ടികളാണോ അതോ മുതലാളിത്ത വ്യവസ്ഥയുടേയോ? രാജ്യം ഭരിക്കുന്നവർക്ക് ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ല.

മുതലാളിത്തം മാനുഷിക ഗുണങ്ങളും മനസാക്ഷിയുമൊക്കെ നശിപ്പിക്കുന്നു. നമ്മുടെ രാജ്യത്ത് തൊഴിൽ നഷ്ടപ്പെടുന്നവരും തൊഴിൽരഹിതരുമൊക്കെയായി അനേകായിരങ്ങൾ ദുരിതമനുഭവിക്കുന്നുണ്ട്. ശരിയായ വിപ്ലവ പ്രത്യയശാസ്ത്രത്താൽ പ്രചോദിതരായാൽ, ഉയർന്ന സദാചാരബോധവും മാനുഷിക മൂല്യങ്ങളും ആർജിച്ചാൽ ഇവർ അനീതിക്കെതിരെ തലയുയർത്തി നിന്ന് പൊരുതുമെന്ന് മുതലാളിത്ത ഭരണാധികാരികൾക്കറിയാം. അതുകൊണ്ട് തന്നെ ജനങ്ങളുടെ, പ്രത്യേകിച്ച് യുവാക്കളുടെ എല്ലാ മാനുഷിക ഭാവങ്ങളും ചോർത്തിക്കളയാൻ മുതലാളിത്തം കൊണ്ടുപിടിച്ചു ശ്രമിക്കുന്നു. അവർ യുവാക്കളെ മദ്യം, മയക്കുമരുന്ന്, ചൂതുകളി മുതലായവയിലേക്ക് തള്ളിവിടുന്നു. സ്ത്രീ ശരീരത്തോട് തെറ്റായ മനോഭാവം വളർത്തുന്നു. അശ്ലീല സിനിമകളും പോസ്റ്ററുകളും കൊണ്ട് നിറക്കുന്നു. ടെലിവിഷൻ, ഇന്റർനെറ്റ്,മൊബൈൽ ഫോൺ എന്നിവയിലൂടെ നീലച്ചിത്രങ്ങളും ആഭാസത്തരങ്ങളും പ്രചരിപ്പിക്കുന്നു. അതോടൊപ്പം തന്നെ മഹാന്മാരെയും വിപ്ലവകാരികളെയും കുറിച്ചുള്ള ഓർമ്മകൾ പോലും തുടച്ചുനീക്കുകയും സിനിമാതാരങ്ങളെയും ക്രിക്കറ്റ് താരങ്ങളെയും മറ്റും അനുകരണീയ മാതൃകകളായി അവതരിപ്പിക്കുകയും ചെയ്യുന്നു. സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാനെന്ന പേരിൽ നാടെമ്പാടും മദ്യശാലകൾ തുറക്കുന്നു. മുൻ സിപിഐഎം ഗവണ്മെന്റിന്റെ അതേ നിലപാട് തന്നെയാണ് ഇക്കാര്യത്തിൽ തൃണമൂൽ സർക്കാരിനും. ഭരണം കയ്യാളുന്ന എല്ലാ പാർട്ടികൾക്കും സർക്കാരുകൾക്കും ഇതേ നിലപാട് തന്നെയാണുള്ളത്. ഇവരാണ് ക്രിമിനലുകളെ സൃഷ്ടിക്കുന്നത്. അവർക്ക് ആദർശമോ യുക്തിബോധമോ സദാചാര സങ്കല്പങ്ങളോ ഒന്നുമില്ല. അണികൾക്ക് ഇതുണ്ടാകണമെന്ന് നേതാക്കൾക്കും താല്പര്യമില്ല. കാരണം അത് നേതാക്കളുടെ നിലനില്പിനും ഭീഷണിയാകും. അതുകൊണ്ട് ചിന്താശേഷിയും മൂല്യങ്ങളുമില്ലാത്ത റോബോട്ടുകളെയാണ് എല്ലാ നേതാക്കൾക്കും ആവശ്യം. മുതലാളിവർഗ്ഗത്തിന്റെയും അതിനെ സേവിക്കുന്ന കോൺഗ്രസ്, ബിജെപി, സിപിഐഎം, തൃണമൂൽ തുടങ്ങിയ പാർട്ടികളുടെയും ഹീനമായ ഗൂഢാലോചനയാണിത്. ഈ പാർട്ടികളുടെ ഒട്ടുമിക്ക പ്രവർത്തകരും വെറും തെമ്മാടികളെ പോലെയാണ് പെരുമാറുന്നത്. ഇവർ പലരും മുഴുക്കുടിയന്മാരാണ്. ചുണ്ടിൽ വന്ദേമാതരവും ഇങ്ക്വിലാബ് സിന്ദാബാദുമായി ഇവർ സ്ത്രീകളോട് അപമര്യാദയായി പെരുമാറുന്നു. തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് ഇവർ

(ശേഷം 13 -ാം പേജിൽ)

# സർക്കാരുകൾ മാറിയാലും ജനങ്ങളുടെ പ്രശ്നങ്ങൾ തുടരും....

(12-ാം പേജിൽ നിന്നു തുടർച്ച)

നാട്ടുമ്പുറത്തെ ക്ലബ്ബുകൾക്കും മറ്റും വാരിക്കോരി പണം നൽകുന്നു. അങ്ങനെ വിവരദോഷികളുടെ ഒരു അനുയായി വൃന്ദത്തെ സൃഷ്ടിച്ചെടുക്കുന്നു.ഹിറ്റ്ലറും നാസികളും ചെയ്തതും ഇതുതന്നെയാണ്. യുവാക്കളെ പ്രലോഭിപ്പിച്ചും വിലക്കെടുത്തും അവർ അക്രമപ്രവർത്തനങ്ങളിൽ പങ്കാളികളാക്കി. ഇവിടെയും അത് തന്നെ സംഭവിക്കുന്നു. തെരഞ്ഞെടുപ്പ് സമയത്ത് കള്ളവോട്ട് ചെയ്യാനും ബൂത്ത് പിടിക്കാനും കൃത്രിമം നടത്താനും പ്രതിയോഗികളെ വിരട്ടാനും തല്ലാനും കൊല്ലാനുമൊക്കെ ഇവരെ ഉപയോഗിക്കുന്നു. പകരം എന്ത് അക്രമവും വൃത്തികേടും കാണിക്കാൻ അവർക്ക് അനുമതിയും കിട്ടുന്നു. രാഷ്ട്രീയത്തിന്റെ കുറ്റവൽക്കരണത്തെ ഈ രാഷ്ട്രീയക്കാർ തടയുന്നത് ഇങ്ങനെയാണ്! യഥാർത്ഥത്തിൽ അവർ തന്നെ മുഖംമൂടിയിട്ട ക്രിമിനലുകളാണ്. അവർ മുഖംമൂടിയിടാത്ത കുട്ടി ക്രിമിനലുകളെ സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ പാർട്ടികളിലെയൊക്കെ ഒരു വിഭാഗം നേതാക്കളെങ്കിലും ഈ പ്രവൃത്തികൾ ചെയ്യുന്നവരാണ്. പോലീസുമായി ഇവർ കൂട്ടുകെട്ടുണ്ടാക്കുന്നു. സ്വാഭാവികമായും പോലീസ് ഇവർക്കെതിരെ ഒന്നും ചെയ്യില്ല എന്നുമാത്രമല്ല, പോലീസിൽ തന്നെ ഒരു വിഭാഗം ഈ അതിക്രമങ്ങളൊക്കെ ചെയ്യുന്നവരുമാണ്. ഇതിൽ നിന്നും വ്യത്യസ്തമായി ചെയ്യാൻ സത്യസന്ധരായ ഏതെങ്കിലും പോലീസ് ഓഫീസർമാർ തുനിഞ്ഞാൽ മേലധികാരികൾ അവരെ പിന്തിരിപ്പിക്കും. അനുസരിക്കാതെ നേരായി മുന്നോട്ടുപോകുന്നവർ പ്രതികാര നടപടികൾക്ക് ഇരയാകുകയും ചെയ്യും.

**പശ്ചിമബംഗാളിലെ സദാചാര തകർച്ചക്ക് പ്രധാന ഉത്തരവാദി സിപിഐഎം**

ഇക്കാര്യത്തിൽ സിപിഐഎം മറ്റെല്ലാരെക്കാളും മുന്നിലാണ്. 36 വർഷം മുമ്പ് അധികാരത്തിലെത്തിയ ഉടനെ അവർ ചെയ്തത് എല്ലാ സർക്കാർ ഡിപ്പാർട്ടുമെന്റുകളെയും വരുതിയിലാക്കുക എന്നതാണ്. അതുവഴി ഭരണസംവിധാനത്തിന്റെ സാപേക്ഷികമായ സ്വയംഭരണാവകാശം തകർത്ത് അതിനെ പാർട്ടിയുടെ ഒരു അനുബന്ധമാക്കി തീർത്തു. ഭരണകക്ഷിയുടെ ദുഷ്ചെയ്തികളെല്ലാം കണ്ടില്ലെന്ന് നടിച്ച് വിധേയത്വം പുലർത്തിനിന്നാലേ രക്ഷയുള്ളൂ എന്ന സന്ദേശമാണ് ഇതിലൂടെ നൽകപ്പെട്ടത്. മനഃസാക്ഷിയും നീതിയും മൂല്യങ്ങളുമൊക്കെ കുഴിച്ചുമൂടപ്പെട്ടു. അങ്ങനെ മറ്റൊരുപാർട്ടിക്കും കഴിയാത്ത വിധം അവർ സമൂഹത്തിന്റെ മൂല്യബോധത്തിന് കനത്ത പ്രഹരമേൽപ്പിച്ചു. ഒരു പ്രാദേശിക ബൂർഷ്വാ പാർട്ടിയായ തൃണമൂൽ കോൺഗ്രസിൽ നിന്ന് ഉയർന്ന സംസ്കാരവും സദാചാരബോധവുമൊന്നും പ്രതീക്ഷിക്കാനാവില്ല. ഇടുങ്ങിയതും വിഭാഗീയവും സ്വജനപക്ഷപാതപരവുമായ നൈതിക-സദാചാര ധാരണകൾ തൊട്ടുതീണ്ടാത്തതുമായ ഒരു രാഷ്ട്രീയം അനുവർത്തിച്ചുകൊണ്ട് സിപിഐഎം വലിയൊരു വിഭാഗം വിദ്യാർത്ഥികളെയും യുവാക്കളെയും അധഃപതനത്തിലേക്ക് നയിച്ചു. പാർട്ടിക്കും തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കും വേണ്ടി എന്തും ചെയ്യാം ഏതറ്റംവരെയും താഴാം എന്നാണവർ ഉദ്ബോധിപ്പിച്ചത്. അവർക്ക് കുടിക്കാം കൂത്താടാം മോഷ്ടിക്കാം ബലാത്സംഗം ചെയ്യാം, റിയൽ എസ്റ്റേറ്റ് ബിസിനസ് നടത്താം, കർഷകരെ അവരുടെ ഭൂമിയിൽ നിന്ന് ഇറക്കിവിടാം പാർട്ടിക്കാരനായിരുന്ന് പാർട്ടിക്കുവേണ്ടി ആളും പണവും സംഘടിപ്പിച്ചാൽ നിങ്ങളുടെ പാപങ്ങളെല്ലാം പാർട്ടി പൊറുക്കും ഇത്തരമൊരു പാർട്ടിയുടെ സ്വാധീനം വർദ്ധിക്കുന്നത് സമമൂഹത്തിന് വളരെയേറെ ഹാനികരമായിരിക്കും. ഇതുതന്നെ സംഭവിച്ചു.1960 മുതൽ, സിപിഐഎം പിന്തുടരുന്ന ഈ അധാർമ്മികമായ രാഷ്ട്രീയത്തെ കുറിച്ച് നമ്മൾ വിദ്യാർത്ഥികൾക്കും യുവാക്കൾക്കും മുന്നറിയിപ്പ് നൽകിക്കൊണ്ടിരുന്നു. അധികാരം നഷ്ടപെട്ടതോടെ സിപിഐഎമ്മിനെ കയ്യൊഴിഞ്ഞ ഈ ക്രിമിനലുകളും സാമൂഹ്യവിരുദ്ധരുമെല്ലാം തൃണമൂൽ കോൺഗ്രസിനോടൊപ്പം നിന്ന് യാതൊരു ഉളിപ്പും ഇല്ലാതെ അവരുടെ കൊടിയും പിടിച്ച് നടക്കുന്നത് ഈ അധാർമ്മികതയുടെ ഫലമായിട്ടാണ്. പശ്ചിമബംഗാളിന്റെ അധഃപതനത്തിന് ഇത് കാരണമായിരിക്കുന്നു. സിപിഐഎം അവസാനിപ്പിച്ചേടത്തുനിന്ന് തൃണമൂൽ ആരംഭിച്ചിരിക്കുന്നു. സമൂഹത്തിലെ നല്ലവരായ ആളുകളെല്ലാം പറയുന്നുണ്ട് കാര്യങ്ങളൊന്നും നല്ല രീതിയിലല്ല നടക്കുന്നത് എന്ന്. എന്നാൽ എന്തുകൊണ്ടവർ പ്രതിഷേധവുമായി മുന്നോട്ടുവരുന്നില്ല എന്നു ചോദിച്ചാൽ അവർ പറയും സാഹചര്യം വളരെ പ്രതികൂലമാണ്, നല്ല കാര്യങ്ങൾ പറഞ്ഞാൽ ആരും അത് ശ്രദ്ധിക്കുന്നില്ല എന്നൊക്കെ. അങ്ങനെ അവർ പിൻവാങ്ങി സ്വസ്ഥമായി കഴിയുകയാമ്. പ്രവർത്തിക്കേണ്ടതാണ് എന്ന് മനസ്സിലാക്കിയിട്ടും നിഷ്ക്രിയമായിരിക്കുന്നതിനെ ന്യായീകരിക്കുന്ന ഈ വാദഗതി ആത്മവഞ്ചനയാണ്, മനഃസാക്ഷിയുടെ കടയ്ക്കൽ കത്തിവെയ്ക്കലാണ്. വിദ്യാസാഗർ ഒരിക്കൽ മുഴുവൻ ഹിന്ദുസമൂഹത്തിനും എതിരെ ഒറ്റക്ക് നിലകൊണ്ടു. സത്യത്തിനുവേണ്ടി നിലകൊള്ളുന്നവർ തുടക്കത്തിൽ ഒറ്റക്കായിരിക്കും. ചിലപ്പോൾ അവർക്ക് ജീവത്യാഗം ചെയ്യേണ്ടിയും വരാം. അതുകൊണ്ടാണ് അവർ മഹാന്മാരായിരിക്കുന്നത്. ഇന്ന് നമ്മുടെ രാജ്യത്ത് വിദ്യാസമ്പന്നരിൽ വലിയൊരുവിഭാഗം, സത്യസന്ധരെന്ന് അവകാശപ്പെടുന്നവർ, ഭീരുത്വം നിറഞ്ഞ ഒരു ജീവിതമാണ് നയിക്കുന്നത്. ഒരു ജോലി കിട്ടാൻ, അത് നഷ്ടപ്പെടാതിരിക്കാൻ, ഒരു സ്ഥലം മാറ്റം ഒഴിവാക്കാൻ, പ്രമോഷൻ ഉറപ്പാക്കാൻ ഒക്കെ അവർ ഇഷ്ടമില്ലാത്ത കാര്യങ്ങളൊക്കെ ചെയ്യുന്നു. എല്ലാറ്റിന്റെയും മുന്നിൽ തലകുനിച്ചു നിൽക്കുന്നു. ചിലർ നിർലജ്ജം പ്രശംസകൾ ചൊരിഞ്ഞും പ്രീണിപ്പിച്ചും കാര്യം സാധിക്കുന്നു. സുഖമായി കഴിയുമ്പോൾ എന്തിനാണ് ആവശ്യമില്ലാത്ത വയ്യാവേലിയൊക്കെ വലിച്ചു വയ്ക്കുന്നത് എന്നാണവർ ചോദിക്കുന്നത്. ജനങ്ങളുടെ ആദരവിന് പാത്രമാകുന്ന വളരെക്കുറച്ച് പേരെയേ നമുക്കിന്ന് കാണാൻ കഴിയൂ.

അഞ്ചാറ് പതിറ്റാണ്ടുകൾക്കുമുമ്പ് ഇവിടെ യുവാക്കളും കൗമാരപ്രായക്കാരും ഇല്ലായിരുന്നോ? ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമിടയിൽ പരസ്പരാകർഷണം ഇല്ലായിരുന്നോ? അത് മനുഷ്യസഹജവും ജീവിതത്തിന്റെ സ്വാഭാവിക നിയമവുമാണ്. പക്ഷേ, ആ ബന്ധങ്ങൾക്ക് മാന്യതയും മനഃസാക്ഷിയുമുണ്ടായിരുന്നു. ചപലവികാരങ്ങൾക്ക് മനഃസാക്ഷി കടിഞ്ഞാണിട്ടിരുന്നു. ജന്മിത്തത്തിനും മധ്യകാല ചിന്താഗതികൾക്കുമെതിരെ പൊരുതിക്കൊണ്ട് റാംമോഹനും വിദ്യാസാഗറും സമൂഹമനഃസാക്ഷി ഉയർത്തുകയാണ് ചെയ്തത്. പിന്നീട് സ്വാതന്ത്ര്യസമരകാലത്ത് അത് കൂടുതൽ പ്രബലമായി. ഒന്ന് ചിന്തിച്ചുനോക്കൂ. ഇന്ത്യ അന്ന് വിദേശ നുകത്തിൻ കീഴിലായിരുന്നു. പിന്നാക്കാവസ്ഥയും ഇല്ലായ്മകളും നിറഞ്ഞുനിന്നു. സ്കൂളുകളും കോളേജുകളുമൊക്കെ വിരളമായിരുന്നു. മുട്ടറ്റം വെള്ളത്തിൽ നീന്തിവേണം ഗ്രാമപ്രദേശത്ത് മഴക്കാലത്ത് സ്കൂളുകളിൽ പോകാൻ. സ്കൂളുകൾ മുളകൊണ്ട് മറച്ച ടെന്റുകളായിരുന്നു. എന്നിട്ടും വിജ്ഞാനത്തിന്റെയും സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയുമൊക്കെ ദീപ്തി എങ്ങും നിറഞ്ഞുനിന്നു. അനേകം ഉജ്ജ്വലവ്യക്തിത്വങ്ങൾക്ക് ആ കാലഘട്ടം ജന്മം നൽകി. എന്നാൽ സ്വാതന്ത്ര്യാനന്തരം സൽഭരണം കാഴ്ച വെച്ചവർ പടച്ചുവിടുന്നതെന്താണ്? കള്ളന്മാർക്കും ആത്മവഞ്ചകർക്കും കപടനേതാക്കൾക്കുമാണ് ഇന്നത്തെ സമൂഹം ജന്മം നൽകുന്നത്. വാടകകൊലയാളികളും പെൺവാണിഭക്കാരുമൊക്കെ പുളയ്ക്കുകയാണിന്ന്. പ്രേമം നടിച്ച് പെൺകുട്ടികളെ വശത്താക്കി അവരെ ലൈംഗികമായി ഉപയോഗിച്ച് അവരുടെ നഗ്നത വിറ്റ് പണമുണ്ടാക്കാൻ ശ്രമിക്കുന്ന പിഞ്ചുകുഞ്ഞുങ്ങളെ ബലാൽസംഗം ചെയ്ത് കൊല്ലുന്ന അധമന്മാർ പെരുകിക്കൊണ്ടിരിക്കുന്നു. ജനാധിപത്യ ഇന്ത്യ ഇന്ന് എല്ലാത്തരം കുറ്റകൃത്യങ്ങളുടെയും ഈറ്റില്ലമായി മാറിയിരിക്കുന്നു. രാജ്യപുരോഗതി ഇതാണ്. അനുഗൃഹീതരായ കുറച്ചുപേർക്കുമാത്രമാണ് ഇവിടെ മേൽഗതിയുണ്ടാകുന്നത്. ലോകത്തെ ഏറ്റവും സമ്പന്നരുടെ ലിസ്റ്റിൽ 55 ഇന്ത്യൻ ശതകോടീശ്വരന്മാരുണ്ട്. ഈ പണച്ചാക്കുകളുടെ കൊള്ളമുതൽ വർദ്ധിപ്പിക്കലാണ് വികസനം . മറുവശത്ത് 120 കോടി ഇന്ത്യാക്കാരിൽ 90 കോടിയും പട്ടിണിയിലോ അർദ്ധപട്ടിണിയിലോ ആണ്. ഇതാണ് പുരോഗതിയുടെ സ്ഥിതി.

ഔദ്യോഗിക കണക്കനുസരിച്ച് വ്യാവസായിക ഉല്പാദനം 4.5 ശതമാനമായിരുന്നു, കഴിഞ്ഞവർഷം. ഈ വർഷം അത് വെറും 0.6 ശതമാനമായി കുറഞ്ഞു. ഉല്പാദനമേഖല സ്തംഭനാവസ്ഥയിലാണ്. ഖനനം ഏതാണ്ട് നിർത്തിവെച്ചിരിക്കുന്നു. ഐ.ടി മേഖല കടുത്ത പ്രതിസന്ധിയിൽ. അമേരിക്കൻ കമ്പോളം മാന്ദ്യത്തിലാണ്. കയറ്റുമതി സാധ്യത മങ്ങിയിരിക്കുന്നു. ലക്ഷക്കണക്കിനാളുകളെ പിരിച്ചുവിടുന്നു. അതിനേക്കാളേറെ തൊഴിൽ രഹിതർ. ഇന്ത്യയിലെ തൊഴിൽ രഹിതർ എത്രയെന്നറിയാൻ ഒരു മാർഗ്ഗവുമില്ല. നമ്മുടെ രാജ്യം അനുഗൃഹീതമായതിനാൽ എല്ലാവരും ദൈവ ത്തിന്റെ സന്താനങ്ങളാണ്. അവർ പറയുന്നത് വേദവാക്യ മാണ്. സമ്പദ്ഘടനയുടെ തകർച്ച വ്യക്തമാക്കുന്ന കണക്കുകളൊന്നും ഗവണ്മെന്റ് അംഗീകരിക്കില്ല. അവരുടെ അഭിപ്രായത്തിൽ എവിടെയും വികസനം മാത്രം.

അടുത്തിടെ അമേരിക്കയിൽ തെരഞ്ഞെടുപ്പ് നടന്നു. ആർക്ക് തൊഴിലില്ലായ്മ പരിഹരിക്കാനാവും എന്നതായിരുന്നു മുഖ്യവിഷയം. അമേരിക്കൻ സമ്പദ്ഘടനയുടെ ദയനീയചിത്രം ഇത് വെളിവാക്കുന്നു. 14 ശതമാനമാണവിടെ തൊഴിലില്ലായ്മ. ന്യൂയോർക്ക് നഗരത്തിൽ പകുതിയാളുകളും അർദ്ധപട്ടിണിക്കാരാണെന്ന് പത്രവാർത്തയുണ്ടായിരുന്നു. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തിലും സൂര്യൻ അസ്തമിച്ച് ഇരുട്ട് പരക്കുകയാണ്. ചൈനയുടെയും ജർമ്മനിയുടെയും സാമ്പത്തികരംഗവും തകരുകയാണ്. കയറ്റുമതി കുറയുകയാണെന്നും വിദേശകമ്പോളം ചുരുങ്ങുകയാണെന്നും ഇന്ത്യയിലെ നേതാക്കൾ പറയുന്നു. കടുത്ത വ്യാപാരകമ്മിയെയാണ് രാജ്യം അഭിമുഖീകരിക്കുന്നത്. വിദേശനാണ്യശേഖരം ഗണ്യമായി കുറഞ്ഞു. ഇതാണ് പ്രതിസന്ധിയുടെ അവസ്ഥ. എന്നാൽ 120 കോടി ജനങ്ങളെ ഇന്ത്യയുടെ ആഭ്യന്തര കമ്പോളത്തിന് എന്തുപറ്റി എന്ന് ഇവർ പറയുന്നില്ല. ആഭ്യന്തരമമായ ക്രയശേഷി ഇടിയുകയാണ്. ജനങ്ങൾ പാപ്പരായിക്കൊണ്ടിരിക്കുന്നു എന്നതാണ് കാര്യം. അപ്പോൾപ്പിന്നെ സാധനം വാങ്ങാൻ ആർക്കു കഴിയും?

പണ്ടൊക്കെ ഗ്രാമീണർ ഗ്രാമങ്ങൾ വിട്ടുപോകാൻ മടിച്ചിരുന്നു. എന്നാൽ ഇന്ന് ഒരു ഉപജീവനത്തിനുവേണ്ടി അവർ കൂട്ടംകൂട്ടമായി ഗ്രാമങ്ങൾ വിട്ട് ഇന്ത്യയിലെ എല്ലാ നഗരങ്ങളുടെയും പട്ടണങ്ങളുടെയും തെരുവിൽ അലയുകയാണ്. ഉറ്റവരെയും ഉടയവരെയും എല്ലാം വിട്ടുപേക്ഷിച്ച് അവർ തെരുവോരത്ത് കഴിഞ്ഞുകൂടുന്നു. കാലികളെപ്പോലെ ചത്തൊടുങ്ങുന്നു.ആരും അവരെക്കുറിച്ച് അന്വേഷിക്കുന്നില്ല. ഈ ഇന്ത്യ മൻമോഹൻസിങ് കാണുന്നുണ്ടോ? ●

# വിലക്കയറ്റത്തിനെതിരെ ജനകീയസമര സമിതികളിൽ സംഘടിക്കുക

(1-ാം പേജിൽ നിന്നു തുടർച്ച)

O ദേശീയ-സംസ്ഥാന പാതകളെല്ലാം സ്വകാര്യവത്ക്കരിച്ച് ബി.ഒ.ടി ചുങ്കപ്പാതകളാക്കുകയാണ്. ഭീമമായ ടോളും കുടിയൊഴിപ്പിക്കലുമാണ് ജനങ്ങൾ നേരിടേണ്ടി വരുന്നത്.

O സർക്കാർ ആശുപത്രികളെ എൻ.ആർ.എച്ച്.എം എന്ന ലോകബാങ്ക് പദ്ധതി വഴി തകർത്തു. സ്വകാര്യമേഖല കൊഴുത്തു. കാശില്ലാത്തവർക്ക് ചികിത്സ അപ്രാപ്യമായി.

O ലോകബാങ്ക് പദ്ധതിയായ ഡി.പി.ഇ.പി, എസ്.എസ്.എ എന്നിവ പൊതു വിദ്യാഭ്യാസത്തെ തകർത്തു. സ്വകാര്യ വിദ്യാഭ്യാസരംഗം ഹുങ്കോടെ രംഗം കൈയ്യടക്കി. RUSA എന്ന പുതിയ പദ്ധതി ഉന്നതവിദ്യാഭ്യാസരംഗത്തെ സമാനമായരീതിയിൽ തകർക്കും. സ്വയംഭരണാവകാശം നൽകുന്നു എന്നപേരിൽ കോളേജുകൾ സ്വകാര്യവൽക്കരിക്കുന്നു.

O വൈദ്യുതി ബോർഡും കെ.എസ്.ആർ.ടി.സിയും അഴിമതിയും കെടുകാര്യസ്ഥതയും പെരുപ്പിച്ച് വെടക്കാക്കി, ഇപ്പോൾ സ്വകാര്യവൽക്കരണത്തിനു തുറന്നിടുന്നു.

**അഴിമതി മരണാസന്ന മുതലാളിത്തത്തിന്റെ സൃഷ്ടി.**

**ജീർണ്ണവും മരണാസന്നവും അഴിമതിഗ്രസ്തവുമായ മുതലാളിത്ത വ്യവസ്ഥിതി അനിവാര്യമായും അഴിമതി സൃഷ്ടിക്കുന്നു.**

**ഈ വ്യവസ്ഥിതിയുടെ കാര്യദർശികളാകുന്ന ഭരണാധികാരികളും അഴിമതിയിൽ ആണ്ടുമുങ്ങുന്നു.**

**രാജ്യത്തെ പ്രധാനമന്ത്രിയുൾപ്പെടെയുള്ള ഭരണാധികാരികൾ അഴിമതിക്കറ പുരണ്ടവർ.**

**സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ ഓഫീസ് പോലും അഴിമതിക്കാരുടെയും തട്ടിപ്പുകാരുടെയും താവളം.**

**ലാവലിൻ ഉൾപ്പെടെയുള്ള വൻ അഴിമതികളുടെ നിഴലിൽ നിൽക്കുന്ന പ്രതിപക്ഷത്തിന്റെ എതിർപ്പിന് ധാർമ്മികബലംപോരാ.**

**ധാർമ്മിക-സദാചാര അപചയത്തിന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല.**

**പാർലമെന്റിലും അസംബ്ലിയിലും നടത്തുന്ന പ്രഹസനങ്ങൾ കൊണ്ട് അഴിമതിയെയും സാംസ്കാരികാധഃപതനത്തെയും ചെറുക്കാനാവില്ല.**

**ഭരിക്കുന്ന മുതലാളിവർഗ്ഗത്തിന്റെ കടന്നാക്രമണങ്ങൾക്കെതിരെ ഉന്നതമായ സംസ്കാരത്തിലധിഷ്ഠിതമായ ജനകീയപ്രക്ഷോഭം വളർത്തിയെടുത്തുകൊണ്ട് മാത്രമേ ഈ വിപത്തുകളെ പ്രതിരോധിക്കാനാവൂ.**

തദ്ദേശീയവും വിദേശീയവുമായ കുത്തകമൂലധനത്തിന്റെ മാത്രം താല്പര്യം സംരക്ഷിക്കുന്ന ആഗോളവൽക്കരണ നയങ്ങളാണ് ജീവിതത്തിന്റെ സർവ്വമേഖലകളിലും പ്രതിസന്ധി രൂക്ഷമാക്കിയിരിക്കുന്നത്. ആ നയങ്ങളെ ചെറുത്തുതോല്പിച്ചാൽ മാത്രമേ ജനങ്ങൾക്ക് മനുഷ്യോചിതം ജീവിക്കാൻ സാധ്യമാവുകയുള്ളു. ഉയർന്ന സംസ്കാരത്തിലും പ്രബുദ്ധതയിലുമധിഷ്ഠിതമായ കരുത്തുറ്റ ജനാധിപത്യസമരമാണ് അതിനാവശ്യം. ഈ യാഥാർത്ഥ്യം മറച്ചുവച്ച് നിഴൽയുദ്ധം നടത്തുന്ന പ്രതിപക്ഷവും ഭരണപക്ഷവും ഒരുപോലെ ജനതാല്പര്യത്തിന് ഹാനി വരുത്തുകയാണ്. അതിനാൽ, ജനങ്ങൾ കക്ഷിരാഷ്ട്രീയ പരിഗണനകൾക്കുപരിയായി സ്വന്തം സമരക്കമ്മിറ്റികളിൽ അണിനിരന്ന്, നീണ്ട് നിൽക്കുന്ന സമരത്തിന് തയ്യാറാകേണ്ടിയിരിക്കുന്നു. ഇൻഡ്യൻ മണ്ണിലെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) മുന്നോട്ട് വയ്ക്കുന്ന കാഴ്ചപ്പാടിതാണ്. ഈ സമരരാഷ്ട്രീയം ശക്തമായി അവതരിപ്പിച്ചുകൊണ്ട് ബഹുജനങ്ങൾക്ക് ദിശാസൂചന നൽകാനായി പാർട്ടിയുടെ സംസ്ഥാനകമ്മിറ്റി പ്രഖ്യാപിച്ചിരിക്കുന്ന സമരപരിപാടി വിജയിപ്പിക്കണമെന്ന് എല്ലാ ജനാധിപത്യവിശ്വാസികളോടും അഭ്യർത്ഥിക്കുന്നു. ●

# ഉത്തരാഖണ്ഡ് ദുരന്തം: പ്രളയവും ഭരണാധികാരികളുടെ നിസംഗതയും ജനങ്ങളെ കൊന്നൊടുക്കി.....

(5-ാം പേജിൽ നിന്നു തുടർച്ച)

ഷൻ ലൈനുകളും നിർമ്മിക്കാനായി വനങ്ങൾ വെട്ടിമാറ്റേണ്ടിയും കുന്നുകൾ ഇടിച്ചുനിരത്തേണ്ടിയും വരുന്നു. സ്വാഭാവികമായും ചുറ്റുമുള്ള ഇത് പാറകളെയും മണ്ണിനെയും ദുർബലപ്പെടുത്തുകയും ഭൂമിക്കടിയിൽ വിടവുകളും ശൂന്യസ്ഥലങ്ങളും സൃഷ്ടിച്ചുകൊണ്ട് ഭൂഗർഭ ജലവിതാനം താഴ്ത്തുകയും ചെയ്യും. ഭൂകമ്പത്തിനും ഉരുൾപൊട്ടലിനും കൂടുതൽ സാധ്യതയുള്ള പ്രദേശമായി ഈ പദ്ധതി പ്രദേശം മാറി. സാന്ദർഭികമായി പറയട്ടെ, ഉത്തരാഖണ്ഡ് അല്ലെങ്കിൽത്തന്നെ ഭൂകമ്പ സാധ്യതയുള്ള മേഖലയിലാണ് നിലകൊള്ളുന്നത്. ഈ അണക്കെട്ടുകൾ, ഗംഗാ തടവുമായി ചേരുന്ന, അളകനന്ദയുടെയും ഭഗീരഥിയുടെയും വിശാലമായ നദീതടങ്ങളിൽ നീരൊഴുക്ക് ഇല്ലാതാക്കുമെന്ന് 2010 -ൽ ബി.ജെ.പി സംസ്ഥാനം ഭരിക്കുന്ന കാലയളവിൽ സി.എ.ജി മുന്നറിയിപ്പ് നൽകിയിരുന്നു. അങ്ങനെ സംഭവിച്ചാൽ നദിക്കരയിലുള്ള എല്ലാ ഗ്രാമങ്ങളും കൃഷിയും ജീവിതമാർഗ്ഗങ്ങളും നശിച്ച് ഇല്ലാതാകുമെന്നും മുന്നറിയിപ്പ് നൽകിയിരുന്നു. ബി.ജെ.പി സർക്കാരോ തുടർന്നുവന്ന കോൺഗ്രസ്സ് സർക്കാരോ ഈ റിപ്പോർട്ട് സംസ്ഥാന നിയമസഭയിൽ വച്ചതേയില്ല. ഈ മുന്നറിയിപ്പുകളെ അവഗണിക്കരുതെന്ന് സംസ്ഥാന സർക്കാരിനെ മതിയായ വിധത്തിൽ നിർബന്ധിക്കുവാൻ പാർലമെന്റോ കോൺഗ്രസ്സ് നേതൃത്വം കൊടുക്കുന്ന കേന്ദ്ര സർക്കാരോ തുനിഞ്ഞില്ല.

പെട്ടെന്നുള്ള വെള്ളപ്പൊക്കത്തെ നേരിടാൻ പ്രത്യേക സംവിധാനങ്ങൾ ഒന്നുംതന്നെ സജ്ജീകരിച്ചിട്ടെന്നത് സി.എ.ജി മുന്നറിയിപ്പ് നൽകിയിരുന്നതാണ്. അത്തരം വെള്ളപ്പൊക്കങ്ങളുടെ ആഘാതം രൂക്ഷമായിരിക്കുമെന്നും പദ്ധതി നിർമ്മിതികളെ മാത്രമല്ല, വെള്ളം ഒഴുകിയെത്തുന്ന താഴ്ന്ന പ്രദേശങ്ങളിൽ താമസ്സിക്കുന്നവരുടെ ജീവനെടുക്കുമെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. ഇതിനു മുൻപുള്ള രണ്ട് ദശാബ്ദക്കാലത്തിനിടയിൽ പെട്ടെന്നുള്ള വെള്ളപ്പൊക്കം ഒരേയൊരു തവണയാണ് ഉണ്ടായത്. എന്നാൽ ഇന്നിപ്പോൾ 27 തവണ ഇത്തരം വെള്ളപ്പൊക്കം ഉണ്ടായിരിക്കുന്നുവെന്നത് ഈ മുന്നറിയിപ്പുകൾ ശരിവയ്ക്കുന്നു. ഉത്തരകാശിയിലും (1991) ചമോലിയിലും (1998) വൻതോതിൽ മരണത്തിനിടയാക്കിയ ഭീകരമായ ഭൂകമ്പത്തിൽനിന്നോ ഉത്തരകാശി-രുദ്രപ്രയാഗ് ജില്ലകളിൽ സമീപകാലത്തുണ്ടായ വലിയ വെള്ളപ്പൊക്കത്തിൽനിന്നോ യാതൊരു പാഠവും ഇവർ പഠിച്ചില്ല. ഇപ്പോഴും അതിന് മുതിരുന്നില്ല.

പൊതു സ്വകാര്യമേഖലയിലുള്ള മേൽപ്പറഞ്ഞ വൈദ്യുതി നിലയങ്ങൾ നൂറുകണക്കിന് കോടി രൂപയുടെ സ്വദേശ-വിദേശ നിക്ഷേപങ്ങളിൽ പ്രവർത്തിക്കുന്നവയാണ്. ഇത്തരം പ്രോജക്ടുകൾ നിർമ്മിച്ചതിന്റേയോ നടത്തിയതിന്റേയോ മുൻപരിചയം തീരെയില്ലാത്ത കമ്പനികൾക്കാണ് ഈ പദ്ധതികളിൽ ബഹുഭൂരിപക്ഷത്തിന്റെയും നിർമ്മാണ ചുമതല നൽകിയിരിക്കുന്നത് എന്നതാണ് ഏറ്റവും ആശങ്കാജനകമായ കാര്യം. വസ്ത്ര നിർമ്മാണ കമ്പനികളും സൈക്കിൾ നിർമ്മാതാക്കളും വരെ ഉത്തരാഖണ്ഡിൽ വൈദ്യുതിനിലയങ്ങൾ പ്രവർത്തിപ്പിക്കുന്നുണ്ട്. വൻതോതിൽ പണംമുടക്കുന്ന വൈദ്യുതി കച്ചവടക്കാർ ബി.ജെ.പിയുടെയും കോൺഗ്രസ്സിന്റെയും നേതാക്കൾക്ക് കണ്ണഞ്ചിപ്പിക്കുന്ന തുകയാണ് വീതിച്ചുനൽകുന്നത്. പാരിസ്ഥിതിക ഭൂഘടനാ വിഷയങ്ങളിൽ ആശങ്കാകുലരായ ശാസ്ത്രജ്ഞൻമാരാകട്ടെ ഈ പദ്ധതികൾ വരുത്തിവയ്ക്കുവാൻ പോകുന്ന ഭീകരമായ പ്രത്യാഘാതങ്ങളെപ്പറ്റി ആവർത്തിച്ച് മുന്നറിയിപ്പുകൾ നൽകിക്കൊണ്ടിരുന്നു. ഇപ്പോഴത്തെ ദുരന്തം അവരുടെ മുന്നറിയിപ്പുകൾ ശരിവയ്ക്കുന്നതാണ്.

ഉത്തരാഖണ്ഡ് സംസ്ഥാഭരണം മാത്രമല്ല, കേന്ദ്രവും ഇക്കാര്യത്തിൽ പ്രതിയാണ്. 2007-ൽ രൂപീകരിക്കപ്പെട്ട ഉത്തരാഖണ്ഡ് ദുരന്ത നിവാരണ അതോറിറ്റി ഒരിക്കൽപ്പോലും യോഗം ചേർന്നിട്ടില്ല! മാത്രമല്ല പ്രധാനമന്ത്രി നയിക്കുന്ന ഗംഗാ റിവർ ബേസിൻ ദേശീയ അതോറിറ്റി തുടക്കത്തിൽ ഒന്നുരണ്ട് മീറ്റിംഗുകൾക്ക് ശേഷം കൂടിയിട്ടേയില്ല. പാരിസ്ഥിതിക പ്രത്യാഘാത പഠനത്തെയും അവലോകനത്തെയും വെറും ചടങ്ങായി സർക്കാർ അധഃപതിപ്പിച്ചു. സ്റ്റാറ്റ്യൂട്ടറി സ്വഭാവമുള്ള ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റിയുടെ ശുപാർശകളെ നിരന്തരം അവർ തള്ളിക്കളഞ്ഞു. വലിയ പ്രചാരണ കോലാഹലത്തോടെയും വൻബജറ്റ് വിഹിതവുമായും രൂപീകരിക്കപ്പെട്ട ഒരു ദേശീയ ദുരന്തനിവാരണ അതോറിറ്റിയും അതിന്റെ കീഴിൽ ഒരു ദേശീയ ദുരന്തനിവാരണ സേനയും നമുക്കുണ്ട്. നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ അദ്ധ്യക്ഷൻ പ്രധാനമന്ത്രിതന്നെയാണ്. കേന്ദ്ര സഹമന്ത്രിമാരുടെ റാങ്കിലുള്ളവരാണ് മെമ്പർമാർ. ഫണ്ടിന്റെ ദൗർലഭ്യത്തിന്റെ പേരുപറഞ്ഞ് ഈ ഭൂകമ്പ സാധ്യതയുള്ള പ്രദേശത്ത് ഒരു രക്ഷാപ്രവർത്തന കേന്ദ്രം സ്ഥാപിക്കുന്നതിൽനിന്ന് ഇത്തരം ശക്തമായ ഒരു സംവിധാനത്തെപ്പോലും രണ്ടുവർഷമായി തടഞ്ഞുവച്ചിരിക്കുകയാണ്. ഇപ്പോൾപോലും മിന്നൽപ്രളയം കൊടുംനാശം വിതച്ച സ്ഥലങ്ങളിൽ ദേശീയ ദുരന്തനിവാരണ സേനാംഗങ്ങൾ രണ്ട് ദിവസം കഴിഞ്ഞാണ് എത്തിയത്. രക്ഷാദൗത്യങ്ങളും ദുരിതനിവാരണ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുക എന്നതാണ് ദേശീയ ദുരന്ത അതോറിറ്റിയുടെ സുപ്രധാന ചുമതല. പക്ഷേ ഈ ദൗത്യത്തിന്റെ അഭാവംകൊണ്ടാണ് അതോറിറ്റി ശ്രദ്ധിക്കപ്പെട്ടത്. ഈ അന്യാദൃശവും അതിമനോഹരവുമായ ഹിമാലയൻ മടിത്തട്ടിനെ തകർത്തുതരിപ്പണമാക്കാൻ ഇടനൽകും വിധം മനുഷ്യന് ഇത്രയും ക്രൂരത കാട്ടിക്കൂട്ടാൻ എങ്ങനെ കഴിയുന്നുവെന്നതാണ് പ്രധാന ചോദ്യം. ഉത്തരം ലളിതമാണ്.

ഭൂമാഫിയയുടെയും റിയൽ എസ്റ്റേറ്റ് കോൺട്രാക്ടർമാരുടെയും അത്യാർത്തിയാണ് ഒരു കാരണം. ആരുടെ ഭൂമിയും കൈയ്യേറിയും നിയമങ്ങളെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് വീടുകളും ഹോട്ടലുകളും റോഡുകളും ഡാമുകളും ലക്കുംലഗാനുമില്ലാതെ അവർ കെട്ടിപ്പൊക്കി. ടൂറിസം പ്രമോട്ടർമാരുടെ ധനാർത്തിയാണ് മറ്റൊരു കാരണം. പെട്ടെന്ന് ദുരന്തം ഉണ്ടാകാൻ സാധ്യതയുള്ള മൺസൂൺ കാലത്തുപോലും മലമ്പ്രദേശങ്ങൾ സന്ദർശിക്കാൻ ആയിരക്കണക്കിന് ടൂറിസ്റ്റുകൾ ഇരച്ചുവരത്തക്കവിധം ടൂറിസം രംഗത്തെ അവർ ഉത്തേജിപ്പിച്ചു. മതവ്യാപാരികളുടെ അത്യാർത്തിയാണ് വേറൊരു കാരണം. അവരും ഇതേ പാത പിന്തുടർന്നു എന്നുമാത്രമല്ല, മാധ്യമ പിന്തുണയോട അവർ തീർത്ഥാടന ടൂറിസം പ്രോൽസാഹിപ്പിച്ചു. ശക്തരായ വൈദ്യുതി ലോബിയുടെ ലാഭക്കൊതിയും സാഹചര്യത്തെ വീണ്ടും വഷളാക്കി. വികസനത്തിന്റെ പേരുപറഞ്ഞ് മനുഷ്യജീവിതവും ജീവനും പരിസ്ഥിതിയും ബലികഴിച്ചുകൊണ്ടുപോലും വൻ പ്രോജക്ടുകൾ അവർ അടിച്ചേൽപ്പിച്ചു. അത്യാർത്തി പൂണ്ട ലാഭക്കൊതിയൻമാരായ ഈ നിയമലംഘകർക്ക് അവരുടെ ആർത്തി പെരുപ്പിക്കാനായതും ഏതറ്റംവരെ ചെന്നും എന്ത് ദുഷ്പ്രവർത്തി ചെയ്തും അത് പൂർത്തീകരിക്കാനായതും എന്തുകൊണ്ടാണ്? സർക്കാരുകളുടെ അവിഹിതമായ പിന്തുണയും ഒത്താശയുമില്ലാതെ അവർക്കിതിന് കഴിയുമോ? മൺസൂൺ കാലത്ത് പതിനായിരക്കണക്കിന് ടൂറിസ്റ്റുകളെയും തീർത്ഥാടകരെയും അപകട സാധ്യതയുള്ള ഇത്തരം ഒരു പ്രേദശത്തേക്ക് പോകാൻ എന്തിന് അനുവദിക്കുന്നു. ഈ ദുരന്തത്തിന്റെ കാരണം അന്വേഷിക്കാൻ കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ഗൗരവത്തിൽ ആലോചിക്കുകപോലും ചെയ്യുന്നില്ല. സർക്കാർ, അത് കേന്ദ്രത്തിലെയോ സംസ്ഥാനത്തെയോ ആകട്ടെ, കോൺഗ്രസ്, ബി.ജെ.പി മറ്റേതെങ്കിലും ബൂർഷ്വാ-സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികൾ നയിക്കുന്നതോ ആകട്ടെ അവർ മുതലാളി വർഗ്ഗത്തിന്റെ കാര്യസ്ഥന്മാരും ചെല്ലംചുമട്ടുകാരുമായി മാത്രമായി മാറിയിരിക്കുന്നു. ഉത്തരാഖണ്ഡിൽ ആയിരക്കണക്കിന് ജനങ്ങളുടെ ജീവനെടുത്ത, അതിലുമധികം പേരെ ഭവനരഹിതരാക്കിയ, തൊഴിൽരഹിതരാക്കിയ, അഭയാർത്ഥികളാക്കിയ കൊടുംദുരന്തം ഇനിയാവർത്തിക്കില്ലെന്ന് ഉറപ്പുപറയാൻ അവർ മിനക്കെടുന്നില്ല. കനത്ത ദുഃഖം ചൂഴ്ന്ന്നിൽക്കുന്ന ഈ സമയത്ത് ദേശീയ ദുഃഖാചരണം ഒച്ചിന്റെ വേഗതയിൽ പ്രഖ്യാപിച്ചുവെങ്കിലും ഡൽഹിയിലെ നമ്മുടെ ഭരണാധികാരികളുടെ പെരുമാറ്റവും പ്രസംഗവും പ്രവർത്തിയും ദുരന്തത്തിനിരയായവരുടെ കണ്ണീരൊപ്പാൻ പര്യാപ്തമല്ല.

മുതലാളിത്തം രൂക്ഷമായ പ്രതിസന്ധിയും മാന്ദ്യവും നേരിടുന്നു. എന്നിട്ടും പരമാവധി ലാഭം നേടാനും ഈ വ്യവസ്ഥിതിയെ മുന്നോട്ടുതള്ളിനീക്കാനും ഭ്രാന്തമായി അവർ പരിശ്രമിക്കുന്നു. മുതലാളിത്തത്തിന്റെ നീരാളിപ്പിടിത്തത്തിൽനിന്ന് സാമൂഹിക, സാമ്പത്തിക, ശാസ്ത്ര, വിദ്യാഭ്യാസ, കായിക മേഖലകളടക്കം ജീവിതത്തിന്റെ ഒരു ഘടകവും മോചിതമല്ല. ഈ പ്രവണതയുടെ ഒടുവിലുത്തെ ഉദാഹരണമായി ഉത്തരാഖണ്ഡ് ദുരന്തം കടന്നുവരുന്നു.

ദേവഭൂമിയിലേക്ക് സ്വാഗതമെന്ന പഴയ വിളികൊണ്ട് അവർ ടൂറിസ്റ്റുകളെ ആകർഷിക്കുന്നു. പക്ഷെ, ഒരു നിമിഷംകൊണ്ട് നരകക്കുഴിയിൽ തള്ളപ്പെടാമെന്ന് ജനങ്ങളറിയുന്നില്ല. പണത്തിനുവേണ്ടി എന്തും ചെയ്യുന്ന ലാഭാർത്ഥി ജനങ്ങളുടെ ജീവിതവും ജീവനും അപകടത്തിലാക്കുന്നു. ഉയർന്ന ശിരസ്സും പൊള്ളയായ അടിത്തറയുമായി നിൽക്കുന്ന മലകൾ ദേശത്തും വിദേശത്തുമുള്ള മൂലധനശക്തികളുടെ കുടിലതകൾക്ക് സാക്ഷികളായി നിലകൊള്ളുന്നു. മുതലാളിത്തം നിലനിൽക്കുവോളം ഈ പാതകങ്ങൾ തുടരും.

മാധ്യമങ്ങളിലിപ്പോൾ ഉത്തരാഖണ്ഡ് ദുരന്തത്തെപ്പറ്റിയുള്ള പഠനങ്ങളും വിശകലനങ്ങളുംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. അവർക്ക് മൗനം പാലിക്കാനാകാത്ത വിധത്തിൽ വമ്പിച്ചതാണ് മുതലാളിത്തം സൃഷ്ടിച്ച ജനങ്ങളുടെ ആകുലതകൾ. പക്ഷെ ഏതാനും ദിവസങ്ങൾക്കുള്ളിൽ കാര്യങ്ങളെല്ലാം കെട്ടടങ്ങും. മാധ്യമങ്ങളുടെ ഉൽസാഹം കുറയും. സർക്കാർ ആശ്വാസ നിശ്വാസം ഉതിർത്ത് നിഷ്ക്രിയത്വത്തിന്റെ തോടുകളിലേക്ക് ഉൾവലിയും. സാമൂഹ്യദ്രോഹികൾക്ക് പ്രത്യക്ഷവും പരോക്ഷവുമായ പിന്തുണയുമായി പതിവുരീതികൾ തുടരും.

പക്ഷെ സാധാരണക്കാരുടെ ജീവിതം ഇത്രയും പരിതാപകരമാം വിധം വീണ്ടും തകർന്നുപോകാതിരിക്കാൻ രാജ്യമെമ്പാടും ശക്തമായ ജനാഭിപ്രായം സൃഷ്ടിക്കുകയും ഉത്തരാഖണ്ഡിലെ ദുഃഖാകുലരായ ജനങ്ങളോടൊപ്പം സഹോദരതുല്യമായ സമീപനത്തോടെ നിലകൊള്ളുകയും വേണം.

### അടിയന്തിര ആവശ്യകത

സർക്കാരുകളുടെ പിൻവലിയൽ നീക്കം ഒരു കാരണവശാലും അനുവദിക്കാതെ മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും കണ്ടെത്താനുള്ള രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ വിപുലമായ സന്നാഹത്തോടെ നടത്തണം. മരണപ്പെട്ടവരുടെ കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകണം. ദുരന്തത്തിനിരയായവരെ എത്രയുംവേഗം പുനരധിവസിപ്പിക്കണം. പരിക്കേറ്റവർക്ക് സർക്കാർ ചെലവിൽ മതിയായ ചികിത്സ നൽകണം. അഴുകിയ മൃതശരീരങ്ങളിൽനിന്ന് പകർച്ചവ്യാധിയുണ്ടാവില്ലെന്ന് ഉറപ്പാക്കണം. യഥാർത്ഥ കാരണങ്ങൾ കണ്ടെത്താനും ആവർത്തിക്കാതിരിക്കാനുമുള്ള നടപടികൾ ശുപാർശ ചെയ്യാനുമായി ജഡ്ജിമാരും ശാസ്ത്രജ്ഞന്മാരുമടങ്ങുന്ന ഉന്നതാധികാര കമ്മീഷനെ നിയോഗിക്കണം. മുന്നറിയിപ്പുകളെ അവഗണിക്കുകയും ദുരന്ത പ്രതിരോധ പ്രവർത്തനത്തിൽ വീഴ്ചവരുത്തുകയും ചെയ്ത സർക്കാർ സംവിധാനങ്ങളിലുള്ളവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കണം.

ഹിമാലയം രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും അഭിമാനമാണ്. ഈ പ്രദേശത്ത് കാലാകാലങ്ങളിൽ ജീവിച്ചുമരിച്ചവർ ഈ പൊതുസ്വത്തിനെ സംരക്ഷിക്കാൻ പ്രയത്നിച്ചവരാണ്. അവിടുത്ത ജനങ്ങളുടെ ഈ ദുരിതകാലത്ത് സാഹോദര്യമനോഭാവത്തോടെ അവരുടെയൊപ്പം നിലകൊള്ളണം. പണക്കൊതി മൂത്ത മുതലാളിത്തപരിഷകളുടെ ചൂഷണത്തിൽനിന്ന് അവരെ ഭാവിയിലെങ്കിലും രക്ഷിക്കണം. ഉത്തരാഖണ്ഡിലെ ദുഃഖമയമായ കൊടുംദുരന്തത്തിൽനിന്ന് ഉടലെടുക്കുന്ന സന്ദേശമിതാണ്. ●

## പെൺകുട്ടികളുടെ വിവാഹപ്രായം 16 വയസ്സാക്കുവാനുള്ള സർക്കാർ നീക്കം അപലപനീയം

**– എഐഎംഎസ്എസ്**

**പെ**ൺകുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുന്നതിന് മുമ്പ് നടക്കുന്ന മുസ്ലീം വിവാഹങ്ങൾ മതാധികാരസ്ഥാപനം നൽകുന്ന സാക്ഷിപത്രത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത് നൽകണം എന്ന സർക്കാർ ഉത്തരവ് അങ്ങേയറ്റം അപലപനീയമാണ് എന്ന് അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു.

പെൺകുട്ടികളുടെ അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും മേലുള്ള നഗ്നമായ കടന്നുകയറ്റവും ഭരണഘടനാപരമായ അവകാശങ്ങളുടെ നിഷേധവുമാണ് സർക്കാരിന്റെ നടപടി. പ്രായപൂർത്തിയെത്താത്ത പെൺകുട്ടികളുടെമേൽ വിവാഹം അടിച്ചേൽപ്പിക്കപ്പെടുക എന്നതായിരിക്കും പരിണിതഫലം. രക്ഷാകർത്താക്കളുടെയോ ബന്ധുക്കളുടെയോ ഇംഗിതങ്ങൾക്കനുസരിച്ചുള്ള തെരഞ്ഞെടുപ്പാണ് നടക്കുക. തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതും രക്ഷാകർത്താക്കൾത്തന്നെ. പെൺകുട്ടികൾക്ക് സ്വതന്ത്രമായും സ്വന്തമായും തീരുമാനം എടുക്കാനുള്ള അവകാശം ഹനിക്കപ്പെടും. സാമൂഹ്യ ജീവിതത്തിൽനിന്നും അടർത്തിമാറ്റപ്പെട്ട് പെൺകുട്ടികൾ വീടിനുള്ളിൽ മാത്രമായി ഒതുങ്ങിക്കൂടുന്ന സാഹചര്യം സൃഷ്ടിക്കപ്പെടും. വിദ്യാഭ്യാസം ചെയ്യുവാനുള്ള അവകാശം കൗമാരത്തിൽത്തന്നെ നിഷേധിക്കപ്പെടും. പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയെ ദോഷകരമായി ബാധിക്കും. ഗുരുതരമായ സാമൂഹ്യപ്രത്യാഘാതങ്ങൾക്ക് ഇത് ഇടവരുത്തും.

ശൈശവവിവാഹം നിയമംമൂലം നിരോധിക്കപ്പെട്ടിരിക്കുന്ന രാജ്യമാണ് ഇന്ത്യ. ശൈശവവിവാഹത്തിനെതിരെ ഒരു നൂറ്റാണ്ടിനുംമുമ്പ് നടന്ന അതിശക്തമായ പ്രക്ഷോഭണത്തെത്തുടർന്ന് 1930ൽ ശൈശവ വിവാഹം നിരോധിച്ചുകൊണ്ട് ചൈൽഡ് മാര്യേജ് റിസ്ട്രെയിന്റ് ആക്ട് നിലവിൽ വന്നു. 18 വയസ്സിനുതാഴെ പെൺകുട്ടികളെ വിവാഹം ചെയ്തുകൊടുക്കുന്നത് ക്രിമിനൽ കുറ്റമാണെന്നും പ്രസ്തുത നിയമം വ്യവസ്ഥചെയ്യുന്നു. ഇന്ത്യൻ ഭരണഘടനയും ശൈശവവിഹവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമങ്ങളും 18 വയസ്സിൽ താഴെ നടക്കുന്ന വിവാഹം ശൈശവവിവാഹമാണ് എന്ന് വ്യക്തമായും സാക്ഷ്യപ്പെടുത്തുമ്പോൾ മുസ്ലീം പെൺകുട്ടികൾക്ക് മാത്രമായി വിവാഹപ്രായം താഴേക്ക് കൊണ്ടുവരാൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾ ദുരുദ്ദേശപരമാണ്. ഈ ഉത്തരവ് ഏവർക്കും ബാധകമാക്കാനുള്ള നീക്കവും ഇതിന്റെ പിന്നിലുണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അങ്ങനെ നടക്കുന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്തുകൊടുക്കുകയല്ല വേണ്ടത് ബന്ധപ്പെട്ടവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരികയാണ് ചെയ്യേണ്ടത്. ●

# ഡോ. എസ്. ബലരാമന് ആദരാഞ്ജലികൾ



സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ മുൻആക്ടിങ്ങ് ചെയർമാനും നഴ്സുമാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനുവേണ്ടി സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ ചെയർമാനുമായിരുന്ന ഡോ. എസ് ബലരാമന്റെ അകാല വിയോഗത്തിൽ ഐ.എൻ.പി.എ. സംസ്ഥാനകമ്മിറ്റി അഗാധമായ ദുഖം രേഖപ്പെടുത്തി.

സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്ന നഴ്സുമാർ അനുഭവിക്കുന്ന കഠിനമായ ചൂഷണത്തിനെതിരെ നഴ്സ്മാരും അവരുടെ രക്ഷിതാക്കളും നടത്തിയ ശക്തമായ പോരാട്ടത്തെതുടർന്നാണ് സർക്കാർ നഴ്സുമാരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി ഡോ.എസ്.ബലരാമൻ അധ്യക്ഷനായി കമ്മിറ്റിയെ നിയോഗിച്ചത്. കേരളത്തിലെ ഏതാണ്ട് 600ൽപരം സ്വകാര്യ ആശുപത്രികളിൽ നേരിട്ട് സന്ദർശനം നടത്തി നഴ്സുമാരിൽനിന്നും വിവരങ്ങൾ നേരിട്ട് ശേഖരിക്കുകയാണ് അദ്ദേഹം ചെയ്തത്. സ്വകാര്യആശുപത്രികളിലെ നഴ്സുമാർ അനുഭവിക്കുന്ന ചൂഷണത്തിന്റെ ഭീകരമായ മുഖം വെളിയിൽകൊണ്ടുവരാൻ അദ്ദേഹത്തിന്റെ റിപ്പോർട്ടിനായി. ദൈനംദിന ചെലവുകൾക്കോ വായ്പ തിരിച്ചടയ്ക്കാനോ മതിയായ തുക ശമ്പളമായി ലഭിക്കുന്നില്ല എന്നു മാത്രമല്ല നഴ്സുമാർക്ക് തൊഴിൽ സുരക്ഷിതത്വവും സാമൂഹ്യ സുരക്ഷിതത്വവുമില്ല എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ക്യാമറക്കണ്ണുകളുടെ താഴെയാണ് നഴ്സുമാർ ജോലിചെയ്യുന്നത് എന്ന ഞെട്ടിക്കുന്ന വാർത്തയും അദ്ദേഹത്തിന്റെ റിപ്പോർട്ട് പുറത്തുകൊണ്ടുവന്നു. കുറഞ്ഞ ശമ്പളം 12900 രൂപ ആക്കണം എന്നും അദ്ദേഹം നിർദ്ദേശിച്ചു. നഴ്സുമാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അമ്പതുനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ടാണ് സർക്കാരിന് സമർപ്പിച്ചത്. എന്നാൽ റിപ്പോർട്ട് നടപ്പിലാക്കാതെ വന്നപ്പോൾ നഴ്സുമാരോടൊപ്പം ചേർന്നുകൊണ്ട് പ്രക്ഷോഭണരംഗത്തേക്ക് തന്റേടത്തോടെ അദ്ദേഹം കടന്നുവന്നു. ഐ. എൻ. പി. എ കോട്ടയത്ത് സംഘടിപ്പിച്ച നഴ്മാരുടെയും രക്ഷതാക്കളുടെയും മഹാസംഗമം ഉദ്ഘടനം ചെയ്തുകൊണ്ട് താൻ പൊതുസമൂഹത്തോടൊപ്പമാണെന്ന് അദ്ദേഹം ഉറക്കെ പ്രഖ്യാപിച്ചു. തുടർന്ന് നഴ്സുമാരോടൊപ്പം ചേർന്നുള്ള സമരപോരാട്ടങ്ങളിൽ സജീവമായി ഇടപെട്ടുകൊണ്ടിരിക്കെയാണ് അദ്ദേഹത്തിന്റെ വിയോഗം സംഭവിച്ചിരിക്കുന്നത്.

ഐ.എൻ.പി.എ സംസ്ഥാന കമ്മിറ്റി സെക്രട്ടറി എസ്.മിനിയും ഇതര നേതാക്കളും ഡോ.എസ്.ബലരാമന്റെ വസതിയിലെത്തി അന്ത്യോപചാരം അർപ്പിച്ചു. സംസ്ഥാന കമ്മിറ്റിയും വിവിധ ജില്ലാകമ്മിറ്റികളും അനുശോചന യോഗങ്ങൾ നടത്തി. ●

- ● വിദ്യാഭ്യാസ വായ്പയുടെ മേലുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കുക.
- ● നിയമവിരുദ്ധമായി പിടിച്ചുവച്ചിട്ടുള്ള ജാമ്യവസ്തുക്കൾ തിരികെ നൽകുക.

# ബാങ്കുകളിലേയ്ക്ക് രക്ഷിതാക്കളുടെ മാർച്ച്




കോട്ടയം എസ്ബിഐ ശാഖയിലേക്ക് നടന്ന രക്ഷിതാക്കളുടെ മാർച്ചും ധർണ്ണയും മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന വൈസ്പ്രസിഡന്റ് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു. ഇ.വി.പ്രകാശ്, എം.വി.ചെറിയാൻ, ശശിധരൻ ബ്രഹ്മമംഗലം, ജോയി വെച്ചൂർ, ബെന്നി മറ്റക്കര എന്നിവർസമീപം.

4 ലക്ഷം രൂപവരെയുള്ള വിദ്യാഭ്യാസ വായ്പകൾക്ക് പണയവസ്തു പാടില്ല എന്ന റിസർവ്വ് ബാങ്ക് നിയമം നിലനിൽക്കേ കോട്ടയം തിരുനക്കര എസ്.ബി.ഐ ശാഖയിൽ വിദ്യാഭ്യാസ വായ്പ എടുത്തവരുടെ പണയവസ്തുക്കൾ പിടിച്ചുവച്ചിരിക്കുന്നതിനെതിരെ ഐ.എൻ.പി.എ കോട്ടയം താലൂക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ബാങ്ക് ശാഖയിലേക് മാർച്ചും ധർണ്ണയും സംഘടിപ്പിച്ചു. ധർണ്ണ എസ്.യു.സി.ഐ സംസ്ഥാന കമ്മിറ്റി അംഗവും അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനാ സംസ്ഥാന വൈസ് പ്രസിഡന്റുമായ മിനി കെ. ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. നിയമവിരുദ്ധമായി ബാങ്കുകൾ പിടിച്ചുവച്ചിരിക്കുന്ന പണയവസ്തുക്കൾ ഉടൻ തിരികെ നൽകണം എന്ന് മിനി കെ.ഫിലിപ്പ് അഭിപ്രായപ്പെട്ടു. റിസർവ്വ് ബാങ്ക് അനുശാസിക്കുന്ന നിയമത്തിന് വിരുദ്ധമായാണ് ബാങ്കുകൾ ആധാരങ്ങളും സ്വർണ്ണവും അടക്കം പണയ വസ്തുക്കൾ പിടിച്ചു വച്ചിരിക്കുന്നത്. പിഴപ്പലിശയും കൂട്ടുപലിശയും ഈടാക്കുകയാൽ ഭീമമായ തുകയാണ് രക്ഷിതാക്കൾക്ക് ബാദ്ധ്യതയായി വന്നു ചേർന്നിരിക്കുന്നത്. വിദ്യാഭ്യാസവായ്പയ്ക്ക് കൂട്ടുപലിശയും പിഴപ്പലിശയും ഈടാക്കുന്നതും ഉടൻ നിർത്തലാക്കണം. ഈ സാഹചര്യത്തിൽ കടക്കെണിയിൽ നിന്നും വിദ്യഭ്യാസ വായ്പ എടുത്തവരെ രക്ഷിക്കുവാനും ബാങ്കുകളുടെ നിയമവിരുദ്ധ പ്രവർത്തനം തടയുന്നതിനായി ഏവരും സമരരംഗത്ത് ഇറങ്ങണമെന്നും മിനി കെ.ഫിലിപ്പ് അഭിപ്രായപ്പെട്ടു. ധർണ്ണയിൽ ഐ.എൻ.പി.എ. താലൂക്ക് പ്രസിഡന്റ് ഇ.വി. പ്രകാശ് അദ്ധ്യക്ഷനായിരുന്നു. താലൂക്ക് സെക്രട്ടറി എം. വി. ചെറിയാൻ സ്വാഗതം പറഞ്ഞു. ഐ.എൻ.പി.എ. ജില്ലാ സെക്രട്ടറി പ്രശാന്ത് വിജയൻ സംസ്ഥാനകമ്മിറ്റി അംഗങ്ങളായ ശശിധരൻ ബ്രഹ്മമംഗലം, ജോയി വെച്ചൂർ, തുടങ്ങിയവരും താലൂക്ക് കമ്മറ്റിഅംഗങ്ങളായ കൊങ്ങാണ്ടൂർ രാമൻ നായർ, ബെന്നി മറ്റക്കര, കുഞ്ഞ് തിരുവഞ്ചൂർ തുടങ്ങിയവരും പ്രസംഗിച്ചു. ●

# ഏ സി കനാൽ തീരത്തെ ചെറുകിട കച്ചവടക്കാരുടെ സമരം വിജയംവരിച്ചു

കുട്ടനാട്ടിലെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ തീരത്ത് വർഷങ്ങളായി കടമുറികൾ കെട്ടി ഉപജീവനത്തിനായി കച്ചവടം നടത്തിവരുന്നവരെ കനാൽ വികസനത്തിന്റെ പേരിൽ ഒഴിപ്പിക്കുവാനുള്ള തീരുമാനത്തിനെതിരെ ഏ സി കനാൽ ഫുട്ട് പാത്ത് മർച്ചന്റ്സ് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ നടന്നുവന്നിരുന്ന സമരം വിജയംവരിച്ചു. നീരൊഴുക്കിന് തടസ്സമില്ലാത്ത വിധത്തിൽ കച്ചവടക്കാർക്ക് കടമുറികൾ നിർമ്മിച്ചു നൽകുക, ഏസി കനാലിലെ മാലിന്യങ്ങൾ ഉടനടി നീക്കംചെയ്യുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ച് കളക്ട്രേറ്റ് മാർച്ച്, കുട്ടനാട് പാക്കേജ് ഓഫീസ് പിക്കറ്റിംഗ്, താലൂക്ക് ഓഫീസ് ധർണ്ണ, ഏ സി റോഡ് ഉപരോധം തുടങ്ങി ചിട്ടയാർന്ന ജനാധിപത്യ പ്രക്ഷോഭണത്തിന്റെ പാതയിലായിരുന്നു സംഘടന. കുട്ടനാട് പാക്കേജ് അവലോകന യോഗത്തിൽ പങ്കെടുത്ത മുഖ്യമന്ത്രി കനാൽ തീരത്തെ കച്ചവടക്കാരുടെ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് കനാൽ വികസനത്തിനായി കടകൾ ഒഴിപ്പിക്കേണ്ടതില്ലെന്നും ഓരോ ജംഗ്ഷനുകളിലും കച്ചവടക്കാർക്ക് ഒരേമാതൃകയിലുള്ള കടമുറികൾ സർക്കാർ ചെലവിൽ നിർമ്മിച്ചു നല്കുവാനും തീരുമാനമെടുത്തു. ഈ തീരുമാനം നടപ്പിലാക്കുന്നതിനായി കച്ചവടക്കാരുമായി ചർച്ച നടത്തുവാൻ ആലപ്പുഴ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. മാലിന്യങ്ങൾ അടിയന്തിരമായി നീക്കം ചെയ്യാൻ നടപടിയും സ്വീകരിച്ചു. സർക്കാരിന്റെ ഈ തീരുമാനത്തെ അഭിനന്ദിച്ചുകൊണ്ട് രാമങ്കരിയിൽ ഫുട്ട്പാത്ത് മർച്ചന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ആഹ്ലാദ പ്രകടനവും പൊതുസമ്മേളനവും നടന്നു. സമ്മേളനം അസോസിയഷൻ പ്രസിഡന്റ് പ്രസാദ് ചെത്തിക്കാട് ഉദ്ഘാടനം ചെയ്തു. ഈ സമരത്തിന്റെ വിജയത്തിനായി വിവിധഘട്ടങ്ങളിൽ സഹകരിച്ച ജനകീയ പ്രതിരോധ സമിതിയുടെ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി. വേണുഗോപാൽ, ജോർജ്ജ് മുല്ലക്കര, ചെങ്ങറ സമരനായകൻ ളാഹഗോപാലൻ, അഡ്വ.എം.എ ബിന്ദു തുടങ്ങിയവർക്ക് അദ്ദേഹം നന്ദി രേഖപ്പെടുത്തി. അസ്സോസിയേഷൻ വൈസ് പ്രസിഡന്റ് പി.ആർ. സതീശൻ, സെക്രട്ടറി ഉത്തമൻ പനങ്ങാട് എന്നിവർ പ്രസംഗിച്ചു. ബാബു പനക്കളം, ബിജു സേവ്യർ, കുട്ടപ്പൻ മാമ്പുഴക്കരി, ശശി കിടങ്ങറ തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം നൽകി. ●

# രാജാക്കാട് യൂണിയൻ ബാങ്കിനുമുന്നിൽ ധർണ്ണ

ഐഎൻപിഎ രാജാക്കാട് മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജൂൺ 20 ന് രാജാക്കാട് യൂണിയൻ ബാങ്ക് ശാഖയിലേക്ക് മാർച്ചും ധർണ്ണയും നടത്തി. വിദ്യാഭ്യാസ വായ്പകളിന്മേലുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കുക, വിദ്യാഭ്യാസ വായ്പകളുടെ പലിശ പൂർണ്ണമായും എഴുതിത്തള്ളുക, ഡോ.ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് നടത്തിയ മാർച്ച്, സംസ്ഥാന സെക്രട്ടറി എസ്.മിനി ഉദ്ഘാടനം ചെയ്തു. സർക്കാർ മോറിട്ടോറിയം പ്രഖ്യാപിച്ചിരിക്കെ നിയമവിരുദ്ധമായി ബാങ്കുകൾ ജപ്തി കാട്ടി ഭീഷണി പെടുത്തുന്നത് അടിയന്തിരമായി നിർത്തിവയ്ക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

മേഖലാ കമ്മിറ്റി സെക്രട്ടറി കുഞ്ഞുമോൻ വെള്ളഞ്ചി സ്വാഗതവും പ്രസിഡന്റ് തങ്കച്ചൻ തൈക്കാട് നന്ദിയും പറഞ്ഞു. ഐഎൻപിഎ ജില്ലാ പ്രസിഡന്റ് കെ.ജെ.ജോസഫ്, സെക്രട്ടറി എൻ.വിനോദ്കുമാർ, സിപിഐ(എം) ഏരിയ സെക്രട്ടറി വി.എ.കുഞ്ഞുമോൻ, ഡിസിസി വൈസ്പ്രസിഡന്റ് ആർ.ബാലൻപിള്ള, സിപിഐ മണ്ഡലം കമ്മിറ്റിയംഗം തങ്കപ്പൻ മറ്റക്കര, ജെഎസ്എസ് സംസ്ഥാന കമ്മിറ്റിയംഗം കെ.എസ്.ശിവൻ തുടങ്ങിയവർ പ്രസംഗിച്ചു.

ബസ്സ്റ്റാൻഡിനുമുന്നിൽ നിന്നും ആരംഭിച്ച് ടൗൺചുറ്റി പ്രകടനമായാണ് രക്ഷിതാക്കൾ ബാങ്കിനുമുന്നിലെത്തിയത്. പ്രകടനത്തിന് മൈക്കിൾ, ജോണി, ശാന്തമ്മ, ജോൺ, സോമൻ, സുജാത വിജയൻ, ആലീസ് തുടങ്ങിയവർ നേതൃത്വം നൽകി. ●




രാജാക്കാട് മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ രാജാക്കാട് യൂണിയൻ ബാങ്ക് ശാഖയിലേക്ക് രക്ഷിതാക്കൾ നടത്തിയ മാർച്ച് ഐഎൻപിഎ സംസ്ഥാനസെക്രട്ടറി എസ്.മിനി ഉദ്ഘാടനം ചെയ്യുന്നു

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 1st day of every month.
P.R. No. KL/TV(N)/452/2012-2014
R. N. 24773/1992

# UNITY
MALAYALAM MONTHLY

Vol 40 No.4
Price : Rs 5.00
July 2013

# അയ്യങ്കാളി നയിച്ച ആദ്യ കാർഷിക പണിമുടക്കിന്റെ ശതാബ്ദി ആചരണവും അയ്യങ്കാളി അനുസ്മരണ സമ്മേളനവും




**അയ്യങ്കാളി അനുസ്മരണ സമ്മേളനത്തിൽ സഖാവ് ജി.എസ്.പത്മകുമാർ മുഖ്യപ്രഭാഷണം നടത്തുന്നു**

**ആ**ൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ (എഐഡിവൈഒ)യുടെ ആഭിമുഖ്യത്തിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന അയ്യങ്കാളി അനുസ്മരണ പരിപാടികൾക്ക് സംസ്ഥാനത്ത് സമാരംഭംകുറിച്ചുകൊണ്ട് എഐഡിവൈഒ ആലപ്പുഴ ജില്ലാക്കമ്മിറ്റി, അയ്യങ്കാളിയുടെ ചരമവാർഷിക ദിനമായ ജൂൺ 18ന് ആലപ്പുഴ നഗരചത്വരം ആഡിറ്റോറിയത്തിൽ അനുസ്മരണ സമ്മേളനവും പൊതുവിദ്യാഭ്യാസ അവകാശത്തിനുവേണ്ടി അയ്യങ്കാളി നയിച്ച ഐതിഹാസികമായ ആദ്യ കാർഷിക പണിമുടക്കിന്റെ 100-ാം വാർഷികാചരണവും സംഘടിപ്പിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സ.വി.വേണുഗോപാൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചുകൊണ്ട് ഇതിഹാസമാനമാർന്ന ജീവിതത്തിനുടമയായിത്തീർന്ന മഹാനായ അയ്യങ്കാളി, ചൂഷണത്തിനും അടിച്ചമർത്തലുകൾക്കുമെതിരെ പൊരുതുന്ന ഏവർക്കും നിത്യപ്രചോദനമായി ചരിത്രത്തിൽ നിലകൊള്ളുന്നുവെന്നും പൊതുവിദ്യാഭ്യാസവും പൊതുവഴികളും തൊഴിലവകാശങ്ങളും സാമൂഹ്യനീതിയും നിഷേധിക്കപ്പെടുന്ന വർത്തമാനകാല സാമൂഹ്യസാഹചര്യത്തിൽ അയ്യങ്കാളി നയിച്ച പോരാട്ടങ്ങൾ അതീവപഠനാർഹമാണെന്നും അദ്ദേഹം പറഞ്ഞു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സ.ജി.എസ് പത്മകുമാർ മുഖ്യപ്രഭാഷണം നടത്തി. അധഃസ്ഥിത ജനവിഭാഗങ്ങൾക്ക് പൊതുവഴിയിലൂടെ നടക്കുവാനോ പൊതുകിണറുകളിൽ നിന്നും വെള്ളം കുടിക്കുവാനോ വിദ്യാഭ്യാസം ചെയ്യുവാനോ അനുവാദമില്ലാത്ത ജാതിവ്യവസ്ഥ സൃഷ്ടിച്ച ഇരുണ്ട കാലഘട്ടത്തിൽ മഹാനായ അയ്യങ്കാളി പൊതുവിദ്യാഭ്യാസാവകാശത്തിനും സഞ്ചാരസ്വാതന്ത്ര്യത്തിനും വേണ്ടി നടത്തിയ ആദ്യകാർഷിക പണിമുടക്കും വില്ലുവണ്ടി യാത്രയും ഉൾപ്പെടെയുള്ള പോരാട്ടങ്ങൾ വർഗ്ഗസമരത്തിന്റെ ഉള്ളടക്കം പേറുന്നവയാണ്. അദ്ദേഹത്തിന്റെ ജീവിതത്തെയും പോരാട്ടങ്ങളെയും ചരിത്ര ശാസ്ത്രത്തിന്റെയടിസ്ഥാനത്തിൽ വിലയിരുത്തപ്പെടുകയോ അവതരിപ്പിക്കപ്പെടുകയോ ഇന്നേവരെ ഉണ്ടായിട്ടില്ല. അതിന് ചരിത്രപരമായി ബാധ്യതപ്പെട്ട ഇടതുപക്ഷക്കാർ പോലും അദ്ദേഹത്തെയും അദ്ദേഹം നയിച്ച പോരാട്ടങ്ങളെയും ചരിത്ര പുസ്തകങ്ങളിൽ പോലും തമസ്കരിക്കുന്ന കാഴ്ചയാണ് കണ്ടുവരുന്നതെന്നും അദ്ദേഹം തന്റെ പ്രഭാഷണത്തിൽ സൂചിപ്പിച്ചു.

ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ദാർശനികരിലൊരാളായ സ.ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ മുതലാളിത്തത്തിന്റെ പരമോന്നതഘട്ടമായ സാമ്രാജ്യത്വത്തിലേക്ക് ഇന്ത്യൻ മൂലധനശക്തികൾ കടന്നിരിക്കുന്ന ഈ കാലഘട്ടത്തിലും ജന്മിത്തത്തിന്റെ സാംസ്കാരിക അവശിഷ്ടമെന്ന നിലയിൽ ജാതിചിന്തയും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലകൊള്ളുമ്പോൾ ജനാധിപത്യവൽക്കരണത്തിന്റേതായ സാംസ്കാരിക മുന്നേറ്റം പടുത്തുയർത്തിക്കൊണ്ടേ സാമൂഹ്യ പരിവർത്തനം സാദ്ധ്യമാവുകയുള്ളൂ. ഒപ്പം സ്വദേശ-വിദേശ കുത്തകകൾക്ക് രാജ്യത്തിന്റെ സർവ്വസ്വവും അടിയറവയ്ക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആഗോളവൽക്കരണ നയങ്ങൾക്കെതിരെയുള്ള സമരവും ശക്തിപ്പെടുത്തേണ്ടതുണ്ട്. ഈ ദ്വിമുഖസമരങ്ങളിൽ യുവജനങ്ങളെ അണിനിരത്തുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന എഐഡിവൈഒക്കും അയ്യങ്കാളിയെപ്പോലുള്ള മഹോന്നതരായ നവോത്ഥാന നായകൻമാർ മാതൃകയാണ്. ഈ വാക്കുകളോടെ അദ്ദേഹം തന്റെ പ്രഭാഷണം അവസാനിപ്പിച്ചു. തുടർന്ന് എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സ.എൻ.കെ ബിജു, എഐഡിവൈഒ ജില്ലാ പ്രസിഡന്റ് ആർ. പാർത്ഥസാരഥി വർമ്മ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സ.കെ.ജെ. ഷീല, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി സ.കെ.ബിമൽജി എന്നിവർ പ്രസംഗിച്ചു. എഐഡിവൈഒ ജില്ലാ സെക്രട്ടറി സ.കെ.ആർ ശശി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ജില്ലാ നേതാക്കളായ സ.ടി.ആർ രാജിമോൾ സ്വാഗതവും സ.ടി ഷിജിമോൻ കൃതജ്ഞതയും പറഞ്ഞു.

# അതിവേഗ റെയിൽവെക്കെതിരെ പൊരുതുക

**പ**തിനായിരങ്ങളെ കുടിയൊഴിപ്പിച്ചും 1.18 ലക്ഷം കോടി രൂപ കടം വാങ്ങി ചെലവാക്കിയും പണിയാനുദ്ദേശിക്കുന്ന കുത്തകകൾക്കുവേണ്ടിമാത്രമുള്ള അതിവേഗ റെയിൽ പദ്ധതി ഉപേക്ഷിക്കുക എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് അതിവേഗറെയിൽവെ പ്രതിരോധസമിതിയുടെ ആഭിമുഖ്യത്തിൽ നാടെമ്പാടും പ്രതിഷേധമുയരുന്നു. ജപ്പാൻ, ചൈന തുടങ്ങി ആറ് രാജ്യങ്ങളിലാണ് സമാനമായ റെയിൽപദ്ധതി സർവീസ് നടത്തുന്നത്. കേരള ഹൈസ്പീഡ് റെയിൽവേ കോർപ്പറേഷന്റെ (സർക്കാർ ഈ പദ്ധതി നടപ്പിലാക്കാൻ രൂപം നൽകിയ സമിതി) ഭാഷ്യമനുസരിച്ച് ബുള്ളറ്റ് ട്രെയിൻ ആദായകരമായ യാത്രാസംവിധാനരംഗത്ത് അത്ഭുതം സൃഷ്ടിക്കുമത്രെ! എന്നാൽ സത്യം മറിച്ചാണ്. ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹൈമെറിഡിയൻ സർവെ ഏജൻസി 110 മീറ്റർ വീതിയിൽ പദ്ധതിക്കുവേണ്ടി ഭൂമി അളന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 20 മീറ്റർ വീതിയിൽ ഭൂമി മതി എന്നത് തെറ്റായ പ്രചാരണം മാത്രമാണ്. 571 കി.മി നീളത്തിൽ 110 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കുമ്പോൾ ഏകദേശം 25,000-ൽപരം ഏക്കർ വേണ്ടിവരും. ഏതാണ്ട് 75,000 കുടുംബങ്ങൾക്ക് കിടപ്പാടം നഷ്ടപ്പെടും. പണിപൂർത്തിയായാൽ ഓർഡിനറിക്ലാസിൽ കി.മീ.ന് 4.35 രൂപയും എക്സിക്യൂട്ടീവ് ക്ലാസിൽ 8.7 രൂപയുമായിരിക്കുമത്രെ ടിക്കറ്റ് ചാർജ്. ചുരുക്കത്തിൽ മംഗലാപുരത്ത് നിന്ന് തിരുവനന്തപുരം വരെ എത്തിപ്പെടാൻ 2500-ൽപരം രൂപ വേണ്ടിവരും. ഭാരിച്ച പദ്ധതിച്ചെലവും വർഷംതോറുമുള്ള വർദ്ധനവും കൂടി പരിഗണിച്ചുവരുമ്പോൾ ചാർജ് ഇനിയും എത്രയോ കൂടും. ഇത്രയും വലിയ ചാർജ് നൽകി സഞ്ചരിക്കാൻ കഴിവുള്ളവരാരായിരിക്കും! ഇതാണ്ആദായകരമായ ഹൈ സ്പീഡ് റെയിൽവെയുടെ ലഘുചിത്രം!

അപ്പോൾ സാധാരണ ജനങ്ങളുടെ യാത്രാസൗകര്യമല്ല ആവശ്യം. പണക്കാരുടെ യാത്രയ്ക്കാണെങ്കിൽ മൂന്ന് വിമാനത്താവളങ്ങളിപ്പോഴുണ്ട്. രണ്ടെണ്ണം പുതുതായി ഒരുക്കുന്നുമുണ്ട്. പിന്നെ ഈ ജനവിരുദ്ധപദ്ധതി ആർക്കുവേണ്ടിയാണ് എന്നേ മനസ്സിലാക്കേണ്ടു! കഴിഞ്ഞ സെപ്തംബറിൽ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള സംഗമത്തിൽ വെച്ച് അംഗീകരിപ്പിച്ചെടുത്ത ഒരപൂർവ്വ ഇനമാണിത്. പരമാവധി വിദേശനിക്ഷേപം ആകർഷിക്കുക, പരമാവധി ഭൂമി പിടിച്ചെടുക്കുക, റിയൽ എസ്റ്റേറ്റ് ബിസിനസ്, യാത്രാക്കൂലിയിനത്തിലുള്ള കൊള്ളലാഭം തുടങ്ങിയ അനേകം നിഗൂഢ മാർഗ്ഗങ്ങളിലൂടെ, വികസനത്തിന്റെ മറയിൽ ജനങ്ങളെ കൊള്ളയടിക്കാനുള്ള അവസരം കുത്തകകൾക്ക് നൽകുകയും കൊള്ളമുതൽ പങ്കുവെക്കുകയുമാണ് ലക്ഷ്യം.

ഹൈസ്പീഡ് റെയിൽവിരുദ്ധ സമരം ശക്തിയാർജിച്ചുകൊണ്ടിരിക്കവേ കഴിഞ്ഞ മാർച്ച് മാസത്തിൽ തിരുവനന്തപുരത്ത് സർവകക്ഷികൾ യോഗം ചേർന്ന് പദ്ധതിയെ പിന്തുണച്ചിട്ടുണ്ട്. ഈ തീരുമാനം സമരം ചെയ്യുന്ന ജനങ്ങളെ നിരാശപ്പെടുത്തി സമരത്തെ പരാജയപ്പെടുത്താൻ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ്

കക്ഷി രാഷ്ട്രീയത്തിന്നതീതമായി വളർത്തിയെടുക്കുന്ന ശക്തമായ ജനാധിപത്യസമരത്തിലൂടെ മാത്രമെ ഇത്തരം ജനവിരുദ്ധനടപടികളെ ചെറുത്ത് പരാജയപ്പെടുത്താനാവുകയുള്ളു എന്ന് മനസ്സിലാക്കി പ്രവർത്തിക്കേണ്ട സമയമാണിത്.



**അതിവേഗറെയിൽപാതയ്ക്കെതിരെ കോഴിക്കോട് കളക്ട്രേറ്റിനുമുമ്പിൽ സംഘടിപ്പിച്ച ഉപരോധസമരത്തെ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ അഭിസംബോധന ചെയ്യുന്നു.**

# വിലക്കയറ്റത്തിനും അഴിമതിക്കും ജനവിരുദ്ധ നയങ്ങൾക്കുമെതിരെ സംസ്ഥാന വ്യാപകമായി ജില്ലാകേന്ദ്രങ്ങളിലേക്ക്

**2013 ജൂലൈ 31**

## എസ്‌യുസിഐ(സി) സംഘടിപ്പിക്കുന്ന
# പ്രതിഷേധ മാർച്ച്

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.